032:7140:1
F8.5

032:7I40:1 F8.5
PUNAM NAMBUDRI.
Ramayanam basha
champu prabandam.
5. Vichainnabi-
...am.
55372

MUL
055372

**Madras University Library.**

**Date Label.**

Ac. No. 55372 Cl. No. 032:7I40:1 F8.5

This book should be returned on or before the date last marked below.

26 NOV. 1938

6 APR. 1939

ശ്രീരാമവൎമ്മ ഗ്രന്ഥാവലി.

രാമായണം

# ഭാഷാചമ്പുപ്രബന്ധം

## വിച്ഛിന്നാഭിഷേകം.

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

കോപ്പി ൫൦൦.

മംഗളോദയം (പ്രവർ) പ്രസ്സിൽ അച്ചടിച്ചതു്.

൧൧൦൫

പകൎപ്പവകാശം
കമ്മിററിക്കു മാത്രം.

വില അണ ൮

55372
032:7I40:1
F8.5

UNIVERSITY LIBRARY
31 JAN. 1930

# പ്രസ്താവന

സംസ്കൃതസാഹിത്യപ്രസ്ഥാനങ്ങളിൽ പലതിനേയും ഭാഷാസാഹിത്യകാരന്മാർ ഉത്തരോത്തരം അനുകരിക്കാറുണ്ടായിരുന്നു. ചമ്പൂപ്രസ്ഥാനം അവയിൽ പ്രധാനമായിട്ടുള്ള ഒന്നാണ്. അതിന്റെ അവതാരകൻ 'പുനം' നമ്പൂരിയാണെന്നാകുന്നു പല ഭാഷാപണ്ഡിതന്മാരുടേയും അഭിപ്രായം.

"മദനസമരസമ്മർദ്ദാന്തരോൽഭ്രാന്തകാന്താ-
മണിതമധുരമാധുര്യൈകവംശപ്രസൂതൈഃ.
മതുമതമണമേലും പദ്യഗദ്യൈരനേകൈ-
ർമ്മദയതി 'പുന'മിന്നും ഭൂരി ഭൂചക്രവാളം.
മധുമൊഴി! 'പുന'മെന്നാ നൽക്കവീന്ദ്രേണ സാര-
സ്വതപരിമളമേലും പദ്യഭേദൈരനേകൈഃ.
പകലിരവു വളർത്തി സ്തൂയമാനാപദാനാ
മധുരകവിഭിരന്യൈരന്വിതാ രാഘവാഖ്യൈഃ."

എന്നു 'ചന്ദ്രോത്സവം' എന്ന മണിപ്രവാളകാവ്യത്തിൽ കാണുന്ന പദ്യങ്ങളിൽനിന്നുള്ള അനുമാനമാണ് ഈ അഭിപ്രായത്തിന്റെ അടിസ്ഥാനം. പുനംനമ്പൂരി കോഴിക്കോട്ടു സാമൂതിരിമഹാരാജാവിന്റെ സദസ്യരിൽ ഒരാളായിരുന്നു എന്നാണ് ഐതിഹ്യം. ഒരിക്കൽ ആ മഹാരാജാവിന്റെ സദസ്സിൽവച്ച്,

"ഭാഷാകവിനിവഹോദയം
ദോഷാകരവദ്വിഭാതി ഭുവനതലേ.
പ്രായേണ വൃത്തഹീനഃ
സൂൎയ്യാലോകേ നിരസ്തഗോപ്രസരഃ."

എന്നു ഉദ്ധതനായ ഉദ്ദണ്ഡശാസ്ത്രികൾ ഭാഷാകവികളെ ആക്ഷേപിച്ചുകൊണ്ടിരിക്കുമ്പോൾ പുനം അവിടെ ചെല്ലുകയും,

"താരിത്തന്വീകടാക്ഷാഞ്ചലമധുപകുലാ-
രാമ! രാമാജനാനാം
നീരിത്താർബാണ! വൈരാകരനികരതമോ
മണ്ഡലീചണ്ഡഭാനോ!
നേരെത്താതോരു നീയാം തൊടുകുറി കളയാ-
യ്കെന്നുമേഷാ കുളിക്കും
നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാ
ഹന്ത കല്പാന്തതോയേ."

എന്നു രാജപ്രശംസയായി ഒരു പദ്യം ഉണ്ടാക്കിച്ചൊല്ലുകയും ചെയ്തു. അപ്പോൾ ഉദ്ദണ്ഡൻ "അന്തഹന്തസ്ത്വിന്തപ്പട്ട്" എന്നു പറഞ്ഞു താൻ ഉത്തരീയമായി ധരിച്ചിരുന്ന ഒരു പട്ട് അദ്ദേഹത്തിനു സമ്മാനം കൊടുത്തിട്ട്,

"അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തു വയന്തു ന താൻ വിനുമഃ.
പുളകോദ്ഗമകാരിവചഃ പ്രസരം
പുനമേവ പുനഃ പുനരാസ്തുമഹേ."

എന്നൊരു പ്രശംസാപത്രവും കൊടുത്തു എന്നു കേട്ടിട്ടുണ്ട്. എന്നാൽ ഇത്ര പ്രസിദ്ധനായ പുനം നമ്പൂതിരിയു

ടെ കൃതിയായിട്ട യാതൊരു ഗ്രന്ഥവും ഇതുവരെ കണ്ടിട്ടില്ല. 'കൃഷ്ണഗാഥ' പുനത്തിൻെറ കൃതിയാണെന്നു ചിലർ പറയാറുണ്ടായിരുന്നുവെങ്കിലും 'ആജ്ഞയാ കോലഭൃപസ്യ' എന്നാദിയായ അതിലെ ശ്ലോകംകൊണ്ടുതന്നെ അതു 'കോലത്തിരി' രാജാവിൻെറ ആശ്രിതനായ ഒരാളുണ്ടാക്കിയതാണെന്നു സ്പഷ്ടമാകുന്നു. പുനം സാമൂതിരിയെ വിട്ടു കോലത്തിരിയെ ആശ്രയിച്ചുവെന്നു വിശ്വസിപ്പാൻ യാതൊരു കാരണവും കേട്ടിട്ടുമില്ല. അതുമാത്രമല്ല, പുനത്തിൻേറതാണെന്നു സർവ്വസമ്മതമായിട്ടുള്ള മേൽക്കാണിച്ച 'താരിത്തനാ—' എന്നിത്യാദി പദ്യങ്ങളിലേയും, കൃഷ്ണഗാഥയിലേയും രചനാരീതിക്കു വളരെ വ്യത്യാസം കാണുന്നു. ഇതിനുംപുറമേ ഗാഥയ്ക്കു നമ്പൂരിമാരുടെ എടയിൽ, 'ചെറുശ്ശേരിപ്പാട്ട്' എന്നും, 'ചെറുശ്ശേരി' എന്നും അന്നും ഇന്നും നടപ്പുള്ള പേരുകൊണ്ടും അതു 'ചെറുശ്ശേരി' എന്നു് ഇല്ലപ്പേരുള്ള വേറെ ഒരു നമ്പൂരിയുടെ കൃതിയാണെന്നു വിചാരിപ്പാനാണു് അധികം ന്യായം കാണുന്നതു്.

അതുകൊണ്ടു്, അനേകം ഗദ്യപദ്യപ്രബന്ധങ്ങൾ പുനത്തിൻെറ കൃതികളായിട്ടുണ്ടെന്നു ചന്ദ്രോത്സവകാരൻ പറയുന്നതു ഭാഷാചംബുക്കളെ ലക്ഷീകരിച്ചാണെന്നു് ഒരു പക്ഷക്കാർ സിദ്ധാന്തിക്കുന്നു. എന്നാൽ സാമൂതിരിരാജസദസ്യരായിരുന്ന പതിനെട്ടരക്കവികളിൽ അരക്കവിയാണു 'പുനം' എന്നും, മററു പതിനെട്ടു പേരും പുനത്തെക്കാൾ യോഗ്യരായ മുഴുക്കവികളായിരുന്നു എ

ന്നും ഉള്ള ഐതിഹ്യത്തെ വിശ്വസിക്കുന്നതാണെങ്കിൽ അവരിൽ ചേന്നാസ്സുനമ്പൂരിപ്പാട്ട മുതലായ ചിലരുടെ ചില സംസ്കൃതഗ്രന്ഥങ്ങൾ മാത്രം പുറത്തു കാണുന്നതിനും മററുള്ളവരുടെ കൃതികളായിട്ടു യാതൊരു ഗ്രന്ഥങ്ങളും കാണാതിരിക്കുന്നതിനും സംഗതിയെന്തു്? അരക്കവിയായ പുനത്തിൻെറ കൃതികളായി രാമായണം ഭാരതം മുതലായ ഭാഷാചമ്പുക്കൾ ഇത്ര വളരെയുള്ള സ്ഥിതിക്കു മററുള്ള മുഴുക്കവികളുടെ കൃതികൾ ഇതിലും അധികം കാണേണ്ടതല്ലേ? എന്നൊരാക്ഷേപമുണ്ടു്; അതിനുള്ള സമാധാനം ഇങ്ങനെയാണു്:—കവിശബ്ദം പണ്ഡിതപര്യായമാണല്ലോ. അതുകൊണ്ടു മററുള്ളവരൊക്കെ കാവ്യകാരന്മാരായിരുന്നുവെന്നു വിചാരിക്കേണ്ടതില്ല. അഥവാ അവരിൽ വല്ലവരും കാവ്യനിർമ്മാണം ചെയ്തിരുന്നുവെങ്കിൽത്തന്നെ അതൊക്കെ സംസ്കൃതകാവ്യങ്ങളായിരിക്കും. വ്യാകരണം, മീമാംസാ, ജ്യോതിഷം മുതലായ ശാസ്ത്രഗ്രന്ഥങ്ങളിൽ പലതും അവരിൽ പലരും എഴുതീട്ടുണ്ടായിരിക്കണം. 'ലീലാതിലകം' മുതലായവ അതിൽ ചില പണ്ഡിതന്മാരുടെ കൃതികളാണു് എന്നുകൂടി ചിലർ പറയാറുണ്ടു്; അക്കാലത്തു കേവലഭാഷാകവികളെ സംസ്കൃതപണ്ഡിതന്മാർ കവികളുടെ കൂട്ടത്തിൽ അത്ര വകവയ്ക്കാറില്ലെന്നു് ഉദ്ദണ്ഡപണ്ഡിതൻെറ പരിഹാസം തന്നെ തെളിയിക്കുന്നുണ്ടല്ലോ. അദ്ദേഹം പരദേശികനായിരുന്നതുകൊണ്ടു മാത്രം അങ്ങനെ പറഞ്ഞതല്ല; അന്നത്തെ മലയാളബ്രാഹ്മണപണ്ഡിതന്മാരുടേയും നില അതുതന്നെ ആയിരുന്നു. അതുകൊണ്ടുതന്നെ ആയിരിക്കു

ണം, കേവലഭാഷാകവിയായ പുനത്തെ 'അരക്കവി'യെ ന്നു മററുള്ളവർ കല്പിച്ചിരുന്നതു്.

പുനത്തിൻെറ ഭാഷാചമ്പുക്കളിൽ ഏതാണ്ടു പകുതിവീതം ഗദ്യപദ്യങ്ങൾ സംസ്കൃതമയമാണല്ലൊ. ആ പദ്യങ്ങളിൽ, സന്ദർഭത്തിനു തക്കവണ്ണം പൂർവ്വകവികളുടെ കൃതികളിൽനിന്നു് എടുത്തു ചേർത്തിട്ടുള്ള ഭാഗങ്ങൾ വളരേയുണ്ടു്. അനൎഘരാഘവം, വിക്രമോർവ്വശീയം, ആശ്ചര്യചൂഡാമണി മുതലായ നാടകങ്ങളിൽനിന്നും, ഭോജചമ്പു, കൃഷ്ണവിലാസം, മാഘം മുതലായ കാവ്യങ്ങളിൽനിന്നും അനേകം ശ്ലോകങ്ങൾ അതേപ്രകാരത്തിൽത്തന്നെയും, അല്പാല്പം ഭേദഗതി വരുത്തിയും ഇവയിൽ ചേർത്തുകാണുന്നു. ഇതു കവി തൻെറ അശക്തികൊണ്ടു ചെയ്തതോ മററുള്ളവർ അറിയുകയില്ലെന്നു വിചാരിച്ചു ചില കുകവികൾ അന്യന്മാരുടെ 'സർവ്വനിബന്ധനാപഹരണം' ചെയ്യാറുള്ള രീതിയെ അനുസരിച്ചു ചെയ്തതോ ആയിരിക്കയില്ല. കാളിദാസാദി മഹാകവികൾപോലും സ്വകൃതങ്ങളായ രഘുവംശകുമാരസംഭവാദി കാവ്യങ്ങളിൽ സന്ദർഭവശാൽ പല പദ്യങ്ങളും പരസ്പരം വിനിമയം ചെയ്തിട്ടുള്ളതുകൂടാതെ, പല പുരാണശ്ലോകങ്ങളേയും ഈഷൽഭേദം ചെയ്തു് എടുത്തിട്ടുള്ളതായും കാണ്മാനുണ്ടല്ലൊ. വിശേഷിച്ചു, സരസനായ പ്രസ്തുതകവി ഭാഷായോഷയ്ക്കു് ഒരു അപൂർവ്വമായ ആഭരണത്തിൻെറ ഭാഷ മനസ്സുകൊണ്ടു കണ്ടുപിടിച്ചു് അതു തയാറാക്കുവാൻ യത്നം ചെയ്തുകൊണ്ടിരുന്നപ്പോൾ പണ്ടത്തെ വല്ല പണ്ടങ്ങളിലും ഉപയോഗിച്ചിരുന്ന മണികളേയും കാഞ്ചനങ്ങളേയും അതേവിധ

ത്തിൽത്തന്നെയോ ചേച്ച്യൂവേണ്ടി അല്പാല്പം ഭേദഗതിയോടുകൂടിയോ ഭാഷ മാററിയോ ഉപയോഗിച്ചതുകൊണ്ടു തൻെറ വേലയ്ക്കും സമയത്തിന്നും അല്പം ലാഭം കിട്ടിയെന്നല്ലാതെ ശില്പസാമത്ഥ്യത്തിനു യാതൊരു കുറവും ആക്കും പറവാനിടവരുത്തിട്ടില്ല. എങ്കിലും "ഞാനായിരുന്നെങ്കിൽ ഉറക്കവും കൂടി കഴിക്കുമായിരുന്നു" എന്നു പണ്ടൊരു കവി പറഞ്ഞപോലെ തങ്ങളായിരുന്നുവെങ്കിൽ ഒട്ടും പരസ്വം കൂടാതെ സ്വാൎജ്ജിതംകൊണ്ടുതന്നെ ഈ വണ്ടം പണികഴിക്കുമായിരുന്നു എന്ന് അഭിമാനിച്ചിരുന്ന അന്നത്തെ അന്യകവികൾ, ഇതുകൊണ്ടും പുനത്തിന് 'അരക്കവി' എന്ന പേരിനു മാത്രമേ അവകാശമുള്ളുവെന്നു നിശ്ചയിച്ചിരിക്കാം.

ക്ഷേത്രങ്ങളിൽ ഉത്സവം, ത്തേവർസേവ മുതലായ വിശേഷങ്ങളുള്ളപ്പോൾ അവിടെ കൂടുന്ന സുകുമാരകലാകോവിദന്മാരും സാഹിത്യകൌതുകികളുമായ ബ്രാഹ്മണാദിസഹൃദയന്മാക്കു നിർദ്ദോഷവിനോദമായ ഭഗവൽകഥാകാലക്ഷേപത്തിനുവേണ്ടി ചാക്യാന്മാർ കൂത്തും പ്രബന്ധവും മററുചിലർ പാഠകവും പറയുന്ന പതിവ് ഇന്നും മലയാളത്തിൽ നടപ്പുള്ളതാണല്ലോ. പണ്ടത്തെക്കാലത്ത് ആത്തൊഴിൽക്കാർതന്നെ ആ ആവശ്യത്തിലേയ്ക്കു യോഗ്യങ്ങളായ ഗദ്യപദ്യങ്ങളെ സംസ്കൃതത്തിലുള്ള ഓരോ പൂർവ്വപ്രബന്ധങ്ങളിൽനിന്നു സമുച്ചയിച്ച് എഴുതി സൂക്ഷിച്ചു ഭാഷയിൽ ഫലിതമയമായ രീതിയിൽ അവയുടെ അൎത്ഥവിവരണം ചെയ്യേണ്ട പ്രകാരങ്ങളും അഭ്യസിച്ചു

നൈപുണ്യം സമ്പാദിക്കുക പതിവായിരുന്നു. അക്കാലത്തു് അത്തൊഴിലിൽ പ്രത്യേകം വാസനയും വൈദഗ്ദ്ധ്യവുമുള്ള യോഗ്യന്മാർ അപ്പപ്പോൾ പുതിയ പുതിയ ഫലിതക്കൈകൾ കണ്ടുപിടിച്ചു പ്രയോഗിച്ചു രംഗവാസികളെ സന്തോഷവിസ്മയതരംഗിതചിത്തവൃത്തികളാക്കിത്തീൎക്കാറുണ്ടു്. പ്രാചീനമായ ഈ ഊടുവഴിയെ അനുസരിച്ചും അനുകരിച്ചും പരിഷ്കരിച്ചും സമീകരിച്ചും പോരാത്തതിനെ പുതുവലായി ചേൎത്തും വിശാലഹൃദയനും മനോധൎമ്മജ്ഞനുമായ പുനം നമ്പൂരി ഭാഷയിൽ നല്ലൊരു പ്രബന്ധപന്ഥാവിനെ സഹൃദയസഞ്ചാരയോഗ്യമാക്കിത്തീൎത്തു. 'അഭ്രങ്കഷമഹാസാലതാലരുദ്ധോഷ്ണരശ്മി'കളായും, 'മാധവീശ്ലിഷ്ടദ്രാക്ഷാസ്തബകശാലി'കളായും ഉള്ള നടക്കാവുകളെക്കൊണ്ടു സുഗമമായ ഈ നവീനപന്ഥാവിൽക്കൂടിസ്സഞ്ചരിച്ചു സുഖം അനുഭവിച്ചപ്പോൾ പിന്നെപ്പലരും ആ പാതയെത്തന്നെ നീട്ടുകയും, അതേ തോതിൽ പല കൈവഴികളുണ്ടാക്കുകയും ചെയ്തുതുടങ്ങി. ഇങ്ങനെ കുറെക്കാലം കഴിഞ്ഞപ്പൊഴെയ്ക്കു നമ്മുടെ ഭാഷാസാഹിത്യസാമ്രാജ്യവാസികൾക്കു പുരാണകഥാനഗരികളെല്ലാം ഈ പുതിയ പന്ഥാവിൽക്കൂടി സുഖപ്രാപ്യമായിത്തീൎന്നു.

ഈ നവീനപന്ഥാവിനെ അഭിമുഖീകരിച്ചു പണിചെയ്യപ്പെട്ടിട്ടുള്ള പുരാണകഥാസൌധങ്ങളിൽ പലതിലും പ്രഥമസ്ഥപതിയുടെ മനോധൎമ്മവും ശില്പചാതുൎയ്യവും വേറെ കാണാം. വേറെ ചിലതിൽ തൽക്കൎത്താക്ക-

ളുടെ അരസികതയും വാസനാശൂന്യതയും നിമിത്തം പല പണിക്കുറവുകളും കൈക്കുററങ്ങളും വന്നിട്ടുള്ളതും കാവ്യശില്പജ്ഞന്മാരുടെ നോട്ടത്തിൽ സുവ്യക്തമായിരിക്കുന്നതാണ്. എന്നാൽ നമ്മുടെ മൂത്താശാരിയുടെ ശിഷ്യപ്രശിഷ്യന്മാരിൽ മഴമംഗലം മഹാകേമൻതന്നെയാണ്. അദ്ദേഹത്തിൻെറ പ്രബന്ധസൌധങ്ങളുടെ പാദുകം മുതൽ താഴികക്കുടം വരെയുള്ള അവയവങ്ങളുടെ കൂറടക്കവും, അവയിൽ ഉപയോഗിച്ചിരിക്കുന്ന ഉരുപ്പടികളുടെ ഗുണവും, അവയുടെ ചേപ്പും, മിനുക്കും, കൊത്തുവേല ചായം തേപ്പു, കണ്ണാടിക്കൂട്ടു മുതലായ അലങ്കാരപ്പണികളുമെല്ലാം സൂക്ഷിച്ചു പരിശോധിച്ചാൽ അദ്ദേഹം 'സ്ഥപതിമതിഗതിപ്രേക്ഷക'നായ 'സൂത്രഗ്രാഹി'യായിരുന്നുവെന്ന് ആരും സമ്മതിക്കാതിരിക്കുന്നതല്ല.

ഇങ്ങനെ ചാക്യാന്മാരുടെ പ്രബന്ധകഥനരീതിയെ അനുകരിച്ചുണ്ടാക്കപ്പെട്ടവയാണു ഭാഷാപ്രബന്ധങ്ങൾ; അങ്ങനെയല്ലാതെ ഈ ഭാഷാപ്രബന്ധങ്ങളിൽ ഒന്നെങ്കിലും ചാക്യാന്മാരോ പാഠകന്മാരോ അതേവിധത്തിൽ തന്നെ രംഗത്തിൽ പ്രയോഗിച്ചിട്ടുള്ളതായി ആരും പറഞ്ഞുകേട്ടിട്ടില്ല. 'മേൽപുത്തൂർ' നാരായണഭട്ടതിരിപ്പാട്ടിലെ സംസ്കൃതപ്രബന്ധങ്ങളുണ്ടാകുന്നതിനു മുമ്പിൽ പുനം മുതലായവരുടെ ഭാഷാപ്രബന്ധങ്ങൾ തന്നെയായിരുന്നു രംഗത്തിൽ പ്രബന്ധം പറയുന്നവർ ഉപയോഗിച്ചിരുന്നതു് എന്നു് ഇയ്യിടെ ചിലർ പറഞ്ഞുതുടങ്ങിട്ടുണ്ട്. അങ്ങനെ, അഭിപ്രായപ്പെടുന്നവർ താഴേ എഴുതുന്ന ചോദ്യങ്ങൾക്കെല്ലാം വിശ്വാസ്യമായ സമാധാനം പറവാൻ

ബാദ്ധ്യതയുള്ളവരാണല്ലോ. പുനത്തിൻെറ പ്രബന്ധങ്ങളുണ്ടാകുന്നതിനു മുമ്പിൽ രംഗോപജീവികൾ ഉപയോഗിച്ചിരുന്ന ഭാഷാപ്രബന്ധങ്ങൾ ഏതെല്ലാമായിരുന്നു? അവയെല്ലാം ഇപ്പോൾ എവിടെ? അഥവാ പുനത്തിൻെറ കാലത്തിനു മുമ്പു പ്രബന്ധകഥനസമ്പ്രദായം തന്നെ മലയാളത്തിലുണ്ടായിരുന്നില്ലെന്നുണ്ടോ?

ചാക്യാന്മാർ പുരുഷാൎത്ഥം പറയുന്നതിലും, വിദൂഷകൻ പുറപ്പെടുന്നതിലും പ്രയോഗിക്കാറുള്ള ഭാഷാശ്ലോകങ്ങളെല്ലാം തോലൻെറ കൃതികളാണെന്നു പറഞ്ഞുവരാറുള്ളതു വാസ്തവമാണോ? തോലൻ എന്ന ആൾ ആരു്? അദ്ദേഹത്തിൻെറ കാലം ഏതു്? പെരുമാക്കന്മാരിൽ ഒരാളുടെ സചിവനായി പഴമക്കാർ പറഞ്ഞുകേൾവിയുള്ള ആത്തോലൻ തന്നെയാണോ ഈത്തോലൻ? അങ്ങനെയാണെങ്കിൽ അത്ര പഴയകാലത്തെ ആ ഭാഷാരീതി ഇന്നത്തെ വെണ്മണിരീതിയേക്കാൾ പുതുതായിക്കാണുന്നതിനവകാശമെന്തു്? ഭട്ടതിരിയുടെ സംസ്കൃതപ്രബന്ധങ്ങളുണ്ടാകുന്നതിനു മുമ്പു ഭാഷാപ്രബന്ധങ്ങളായിരുന്നു പ്രബന്ധപാഠകന്മാർ സ്വീകരിച്ചിരുന്നതെന്നും സംസ്കൃതപ്രബന്ധങ്ങളുണ്ടായപ്പോൾ അവയെ സ്വീകരിച്ചു ഭാഷാപ്രബന്ധങ്ങളെ കൈവെടിഞ്ഞുവെന്നും ഉള്ള അഭിപ്രായം ഭാഷാചരിത്രപണ്ഡിതന്മാൎക്കു് ആദരണീയമായിത്തീരുവാൻ ന്യായമുണ്ടോ? ഈ അഭിപ്രായം ശരിയാണെങ്കിൽ പ്രാചീനകേരളീയർ ഭാഷാപ്രണയികളും നവീനർ സംസ്കൃതപക്ഷപാതികളും ആകുന്നു എന്നു സമ്മതിക്കേണ്ടിവരുന്നില്ലേ? അങ്ങനെ സമ്മതിക്കുന്നപക്ഷം, ചാക്യാൎക്കു

ത്തിൽ സംസ്കൃതശ്ലോകങ്ങൾ ചൊല്ലി ഭാഷയിൽ ഫലിതമയമായും ഹാസ്യഭൂയിഷ്ഠമായും അൎത്ഥം വിസ്തരിച്ചിരുന്ന സമ്പ്രദായത്തെ ആമൂലാഗ്രം കണ്ണടച്ച് അനുഗമിക്കുന്നതായ 'കുഞ്ചൻ'നമ്പ്യാരുടെ തുള്ളൽപ്രസ്ഥാനത്തിന്റെ ആവിൎഭാവത്തിനും വളൎച്ചക്കും അവകാശം സിദ്ധിപ്പാൻ വഴിയുണ്ടോ?

ഈ വക വിരോധങ്ങളെ പരിഹരിക്കാതെ പ്രാചീനന്മാർ ഭാഷാപ്രബന്ധങ്ങളെ രംഗത്തിൽ പ്രയോഗിച്ചിരുന്നു എന്നുള്ള സ്വകപോലകല്പിതമായ അഭിപ്രായം കേവലം പാമരവചനപരിപാടിയിൽ ത്യാജ്യമാണെന്നല്ലാതെ പണ്ഡിതമതരൂപേണ സിദ്ധാന്തകോടിയിൽ ഗ്രാഹ്യമാണെന്നു തോന്നുന്നില്ല. അത്രമാത്രമല്ല, കുളി, ജപം, സ്വാദ്ധ്യായം മുതലായ തേവാരങ്ങളുടെ ഇടയിൽ അത്യാവശ്യം നേരിട്ടാൽ സംസ്കൃതത്തിൽ മുക്കിമൂളി വല്ലതും പറയുകയോ ആംഗ്യം കാട്ടി മററുള്ളവരെ കാൎയ്യം മനസ്സിലാക്കുകയോ ചെയ്യുന്നതല്ലാതെ മലയാളഭാഷയിൽ സംഭാഷണം ചെയ്യുന്നതു തന്നെ അതിനിന്ദ്യമായി ഇന്നും കരുതിവരുന്ന ആഢ്യബ്രാഹ്മണരുടെ സദസ്സിൽ ക്ഷേത്രങ്ങളിൽ വച്ചു നടത്തുന്ന ഭഗവൽക്കഥാപ്രസംഗങ്ങൾക്ക് ആപുരാതനകാലത്തു ഭാഷാപ്രബന്ധങ്ങളെ പ്രധാനമായി സ്വീകരിച്ചിരുന്നുവെന്നു വിശ്വസിപ്പാൻ മേലും കീഴും ആലോചിക്കുന്നവൎക്ക് ആൎക്കും ധൈൎയ്യമുണ്ടാകുന്നതുമല്ല.

അതിനാൽ പുനം മഴമംഗലം മുതലായ മഹാകവികൾ സംസ്കൃതത്തിലെ ഭോജചമ്പു മുതലായവയെ

പ്പോലെ സഹൃദയന്മാർ വായിച്ചു രസിപ്പാൻ മാത്രം ഉണ്ടാക്കീട്ടുള്ളതാണു ഭാഷാപ്രബന്ധങ്ങൾ എന്നു മാത്രമേ പറവാൻ തരമുള്ളു. "ഗദ്യപദ്യോഭയമയം ചംപൂരിത്യഭിധീയതേ" എന്നു സാഹിത്യശാസ്ത്രവചനവുമുണ്ട്. ഭാഷാപ്രബന്ധങ്ങളിലെ പദ്യങ്ങളുടെ വൃത്തമെല്ലാം സംസ്കൃതച്ഛന്ദശ്ശാസ്ത്രപ്രകാരമുള്ളവ തന്നെ. എങ്കിലും അവയുടെ രചനാരീതിയിൽ രസാനുഗുണ്യം വരുത്തുവാൻ തൽകർത്താക്കൾ വളരെ ശ്രദ്ധിച്ചിട്ടുണ്ട്. ഗദ്യങ്ങളിൽ ചിലതിനു സംസ്കൃതപ്രബന്ധങ്ങളിലെ ഗദ്യരീതിയിൽ നിന്നു പിന്നെയും വളരെ വ്യത്യാസമുണ്ട്. എന്നാൽ അതു, പണ്ടും ഇപ്പോഴും ഭദ്രകാളി, വേട്ടയ്ക്കൊരൻ മുതലായ ദേവതമാർ പാട്ടു, തിറ, പാന മുതലായ ബലികൾ നടത്തുന്നതിനു കല്ലാററുകുറുപ്പന്മാരും, പിണിയാളുടെ നേരേ പന്തം ഉഴിയുമ്പോൾ മന്ത്രവാദികളും ചൊല്ലുന്ന 'കാളിവാക്യം' എന്ന സ്തോത്രങ്ങളിലും, ദേവീക്ഷേത്രങ്ങളിൽ സോപാനത്തു പാടുന്ന ബ്രാഹ്മണിപ്പാട്ടുകളിലും ഭൂരിപ്രയോഗമുള്ളതും ഏതാണ്ടൊരു മാത്രാനിയമം കല്പിച്ചു കർണ്ണസുഖപ്രദമാക്കി ഒരു വൃത്തച്ഛായ വരുത്തിട്ടുള്ളതുമായ ഒരു പ്രത്യേകസമ്പ്രദായത്തിലുള്ളതാണ്. മാത്രാനിയമജന്യങ്ങളായ ഗണഭേദംകൊണ്ടും, യതിനിയമങ്ങൾകൊണ്ടും, ആരോഹണാവരോഹണയോഗ്യങ്ങളായ പടവുകളോടും ചതുഷ്പാദാത്മകങ്ങളായ ഭിത്തികളോടുംകൂടി സർവ്വതോനിബദ്ധങ്ങളായ പദ്യതടാകങ്ങളും, സമതലത്തിൽ ഒഴുകുന്ന നദീപ്രവാഹംപോലെ സുഖാവഗാഹങ്ങളായ സാധാരണഗദ്യങ്ങളും, പർവ്വതസാനുക്കളിൽനിന്നു തട്ടിത്ത

ടഞ്ഞ് ഒഴുകിവരുന്ന നിഝ്ഝരങ്ങൾപോലെയുള്ള ഈ മാതിരി ഗദ്യങ്ങളും, നീളം, വീതി, താഴ്ച ഇവയെല്ലാം അളന്നു കുറിച്ചു നേരേ കെട്ടിനിറുത്തിയിരിക്കുന്ന തോട്ടകളെപ്പോലെയുള്ള ദണ്ഡകങ്ങളും തരംപോലെ കൂട്ടിയിണക്കി വായനക്കാൎക്കു സുഖപ്രദമായിരിപ്പാൻ തക്കവണ്ണമാണു നമ്മുടെ പ്രബന്ധശില്പികൾ അവയെ നിബന്ധിച്ചിരിക്കുന്നത്.

ഇതുവരെ പറഞ്ഞിട്ടുള്ളതെല്ലാം ഭാഷാപ്രബന്ധങ്ങളെ സാമാന്യമായി പരാമൎശിക്കുന്ന സംഗതികളാണ്. ഇതിൽ അവയുടെ ഉൽപത്തി, വളൎച്ച, സ്വരൂപം അല്ലെങ്കിൽ സ്വഭാവം, പ്രയോജനം, കാലദേശകൎത്തൃവിവേചനം ഇവയെല്ലാം സമഷ്ടിയായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇനി അല്പം പറവാനുള്ളത് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതും, വഴിയെ പ്രസിദ്ധപ്പെടുത്തുവാൻ വിചാരിക്കുന്നതുമായ രാമായണചംബുവിലെ സാഹിത്യത്തെപ്പററി വായനക്കാൎക്ക് ഒരു സ്വരൂപജ്ഞാനമുണ്ടാകുന്നതിനു വേണ്ടി അവയിൽനിന്നു ഏതാനും ചില ഉദാഹരണങ്ങൾ എടുത്തു കാണിച്ചു ചുരുക്കത്തിൽ ഒരു നിരൂപണം മാത്രമാകുന്നു.

ഇവിടെ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതു, രാവണോൽഭവം, വിച്ഛിന്നാഭിഷേകം, സുഗ്രീവസഖ്യം, അംഗുലീയാങ്കം, ഉദ്യാനപ്രവേശം ഇങ്ങനെ അഞ്ചു കഥകളാണ്. ഇനി താടകാവധം, അഹല്യാമോക്ഷം, സീതാസ്വയംവരം, പരശുരാമവിജയം, ഖരവധം, ബാലിവധം, തോരണയുദ്ധം, ഈ കഥകളെ കൂടി വഴിയേ പ്ര

സിദ്ധീകരിപ്പാൻ തക്കവണ്ണം തയാറാക്കുന്നുണ്ട്. ഇവയിൽ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന കഥകളിൽനിന്നു മാത്രമേ ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നുള്ളു.

അവയിൽ ഓരോ കഥയിലും ഉത്തരോത്തരം ഗുണാധിക്യം കാണുന്നു. ദീൎഘദീൎഘങ്ങളായ സംസ്കൃതസമസ്തപദങ്ങളുടെ അന്ത്യത്തിൽ ഭാഷാപ്രത്യയം വച്ച് ഒന്നോ രണ്ടോ പദങ്ങൾ ചേൎത്തു പേരിനുമാത്രം ഭാഷയാക്കിട്ടുള്ള ശ്ലോകങ്ങളുടെ ആധിക്യം മുമ്പു മുമ്പുള്ള കഥകളിലാണു കൂടുതലായിക്കാണുന്നത്: ഗദ്യങ്ങളുടേയും മാതിരി ഇതു തന്നെയാണ്. രാവണോൽഭവത്തിൽ ഒരു ഭാഷാഗദ്യം മാത്രമേയുള്ളു. അതു സംസ്കൃതപ്രയോഗബാഹുല്യംകൊണ്ടു കേവലം സംസ്കൃതഗദ്യങ്ങളെക്കാൾ കഠിനമാണ്. വിച്ഛിന്നാഭിഷേകത്തിൽ "ഘോര ഹര ശിവ ശിവ പുകഴരുതോൎത്താലഭിഷേകോത്സവ മഹിമ വിശേഷാൻ" എന്നാരംഭിക്കുന്നതും അതിദീൎഘവുമായ ഒരു നല്ല മലയാളഗദ്യമുള്ളതു് ഏതു മലയാളിക്കും അൎത്ഥം ഗ്രഹിച്ചു സുഖിക്കാവുന്നതാണെന്നു മാത്രമല്ല, അതിൽ വാരിക്കോരി വഷിച്ചിരിക്കുന്ന ഹാസ്യമയങ്ങളായ ഫലിതപ്രയോഗങ്ങളുടെ സന്ദൎഭൌചിത്യം ആലോചിച്ചാൽ കുഞ്ചൻനമ്പ്യാർ തുള്ളൽ കൈവിട്ടു മുഖം കമ്പിട്ടു "കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം" എന്നു തോന്നും. സുഗ്രീവസഖ്യത്തിലെ ഒന്നാം ഗദ്യത്തിൽ ലക്ഷ്മണനാൽ വിരൂപിതയായ ശൂൎപ്പണഖ "ഖരനും ദൂഷണനും ത്രിശിരാവും പടയോടുകൂടെച്ചെന്നു സരോഷം പട്ടതകലന്നൊരു രാമശരാഗ്നിജ്വാലാമാലയിലിയ്യാംപാററ പൊരിഞ്ഞ

കണ്ണൊക്കെ വെന്തെരിയുന്നതു കണ്ടു ഭയം പൂണ്ടു, ഹാ ഹാ രാവണ! വീര! സഹോദര! പാലയ പാലയ നീയേ ശരണം” എന്നു മുറയിട്ടുകൊണ്ടു, ‘നാസാകുഹരത്തൂടേ ചാടും ചോരകുടിച്ചു തിളച്ചു പുളച്ചും ചിലരെ നിണംകൊണ്ടൂത്തും തേച്ചും’ ‘ലങ്കാപുരിയിലേക്കു മണ്ടു’ന്നവിധം വൎണ്ണിച്ചിരിക്കുന്നതു വായിച്ചാൽ ബീഭത്സഭയാനകരസങ്ങളുടെ മൂൎത്തിയായ ആ ശൂൎപ്പണഖയെ ഏതു ധീരനും സ്വപ്നം കാണാതിരിക്കയില്ല. അതുപോലെത്തന്നെ രണ്ടാം ഗദ്യത്തിൽ മാരീചൻ മായാമൃഗരൂപം ധരിച്ച് ആശ്രമോപാന്തത്തിൽ കളിക്കുന്ന പ്രകാരങ്ങളേയും, അതുകണ്ടു കൌതുകാകൃഷ്ടയായ സീത, രാമനോട് അതിനെ പിടിച്ചുതരുവാനായി കെഞ്ചി അപേക്ഷിക്കുന്നപ്രകാരങ്ങളേയും വൎണ്ണിച്ചിരിക്കുന്നതു നോക്കിയാൽ,

പൊന്നുമാനെവിടെ മന്നിതെങ്ങിതുകൾ
ചിന്തിയാതശിതബുദ്ധിയാ-
കുന്ന രാമനുമൃഗന്നുപോയിതൊരു
പെണ്ണു ചൊന്ന മൊഴി കേൾക്കയാൽ
എന്നു ഞാനറിവെഴുന്നവൎക്കു പരി-
ഹാസ്യനായിതു, കഴിഞ്ഞതോ-
ൎക്കുന്നതെന്തു, മതി തെററിടാസ്കിലൊര-
നൎത്ഥമാൎക്കുമുളവാകുമോ?

എന്നു ധീരോദാത്തനായ രാമനു പിന്നീടു പശ്ചാത്തപിപ്പാനിടവന്നതിൽ യാതൊരാശ്ചൎയ്യവും തോന്നുന്നതല്ല. മൂന്നാം ഗദ്യത്തിൽ രാവണൻ സീതയെ അപഹരിച്ചു തേരി

ലേററിപ്പോകുമ്പോൾ സീതയുടെ രോദനം കേട്ടു മാൎഗ്ഗമദ്ധ്യത്തിൽവന്നു് എതിക്കുന്ന ജടായുവിൻെറ പരാക്രമവും, നാലാം ഗദ്യത്തിൽ 'ജനകതനൂജാവിരഹദശയിൽ 'വിലപനശീല'നായി, അഹൎന്നിശം ഊണുമുറക്കവുമൊക്കെ മറന്നു. വനേഷു വനേഷു, ലതാസുലതാസു, ദരീഷു ദരീഷു, നദീഷു നദീഷു, നഗേഷു നഗേഷു, നടന്നുംനോക്കിയുമാൎത്തി പിണഞ്ഞു കരഞ്ഞുമെരിഞ്ഞും, കണ്ടചരാചര ജാതികളോടു വിളിച്ചു വിളിച്ചുരുചോദ്യം ചെയ്തും, പരിഭവമേററു ചിന്തിച്ചിടയിൽ കോപംപൂണ്ടു കടക്കൺനോക്കു ചുവന്നു മറിഞ്ഞും, ചാപമുഴിഞ്ഞു കുലച്ചു വലിച്ചും, ത്രിഭുവനമൊക്കപ്പേടിപ്പിച്ചും,... ജനകതനൂജ'യെ അന്വേഷിച്ചു നടക്കുന്ന രാമൻെറ വിപ്രലംഭത്തെ വിഭാവാനുഭാവസാത്വികവ്യഭിചാരികളെക്കൊണ്ടു പരിപുഷ്ടവും സുവ്യക്തവുമാക്കിത്തീൎത്തിരിക്കുന്നതിൽനിന്നു വായനക്കാരുടെ ഹൃദയദ്രവീകരണവിഷയത്തിൽ കവിക്കുള്ള സാമൎത്ഥ്യാതിശയം അന്യാദൃശമായി വെളിപ്പെടുന്നു.

അംഗുലിയാങ്കത്തിലെ ആദ്യഗദ്യത്തിൽ 'ദയിതാവിരഹക്ലാന്ത'നായ രാമൻ മാല്യവാൻ പൎവ്വതത്തിൽ വസിക്കുമ്പോൾ പന്നഗഭീതനു വല്മീകാവാസക്രിയപോലെ വന്നുകൂടിയ വൎഷത്തു കോലാഹലത്തെ വൎണ്ണിക്കുന്നതിൽ കവി തൻെറ കൈവശത്തിലുണ്ടായിരുന്ന അലങ്കാരപ്പെട്ടിയെല്ലാം തുറന്നു കൊട്ടിയൊഴിച്ചിരിക്കുന്നു. സാമാന്യാധികദീൎഘമായ അതിലെ രണ്ടാം ഗദ്യത്തിൽ രഘൂത്തമനാജ്ഞാപിച്ചപ്രകാരം സീതാന്വേഷണത്തിനായി തെക്കൻ ദിക്കിലേക്കു പുറപ്പെട്ട 'ജാംബവദംഗദനിലഹനൂ

മൽപ്രമുഖന്മാരായ വലീമുഖവീരന്മാർ, അവരുടെ ജാതിസ്വഭാവത്തേയും ശൌൎയ്യവീൎയ്യബലവേഗാദികളേയും പ്രകടിപ്പിച്ചുകൊണ്ടു, 'കാടുകൾതോറും, നാടുകൾതോറും തടിനികൾ തോറും, ഗിരിമുകൾതോറും, മനുകുലമാലയെ നോക്കിനടന്നു ദക്ഷിണവാരിധി തീരം പ്രാപിച്ചപ്രകാരത്തെ വൎണ്ണിച്ചിരിക്കുന്നതിൽ അന്യാദൃശമായ സ്വഭാവോക്തിചാതുൎയ്യത്തെ വിശദീകരിച്ചിരിക്കുന്നു.

അതിൽത്തന്നെ മറെറാരു ഗദ്യത്തിൽ ഹനൂമാൻ ഇന്ദ്രവജ്രാഹതനായി വീണപ്പോൾ, വായുഭഗവാൻ അപത്യനാശംകൊണ്ടു മടങ്ങിയടങ്ങി ഏതോ ഒരു ഗുഹയിൽ ഒളിച്ചിരുന്നതിനാൽ വായുസഞ്ചാരമില്ലാഞ്ഞിട്ടു മൂന്നുലോകത്തുമുള്ള സ്ഥാവരജംഗമങ്ങൾക്കൊക്കെ വന്നുകൂടിയ അവസ്ഥാന്തരം വൎണ്ണിച്ചിരിക്കുന്നതു വായിച്ചാൽ സഹൃദയന്മാരുടെ അവസ്ഥയും തത്തുല്യമായിത്തീരുന്നതാണ്. ആ പ്രബന്ധത്തിൽ ഒടുക്കത്തെ ഗദ്യം, ഹനൂമാൻ അശോകോദ്യാനത്തിൽ ശിംശപാമൂലത്തിലിരിക്കുന്ന സീതാദേവിയെ കാണുന്ന ഘട്ടത്തെ വൎണ്ണിക്കുന്നതാണ്. ഇതു ശുദ്ധസംസ്കൃതമയമാകുന്നു. അതുകൊണ്ടു നല്ല സംസ്കൃതപണ്ഡിതന്മാൎക്കല്ലാതെ അതിൻെറ സാരസ്യം അനുഭവിപ്പാൻ പ്രയാസമാണ്. അതു ബാണഭട്ടൻെറ കാദംബരീഗ്രന്ഥത്തിൽ ചന്ദ്രാപീഡ രാജകുമാരൻ മഹാശ്വേതയേയും കാദംബരിയേയും കാണുന്ന ഘട്ടങ്ങളിലുള്ള ഗദ്യങ്ങളെ അതിശയിക്കുന്നു എന്നു പറയുന്നതിൽ യാതൊരതിശയോക്തിയുടെയും സ്പൎശമില്ല.

ഉദ്യാനപ്രവേശം പ്രബന്ധത്തിൽ ഒന്നാം ഗദ്യം രാവണൻ സീതയെ വശീകരിപ്പാനായിട്ട് അശോകോദ്യാനത്തിലേക്കു യാത്ര പുറപ്പെടുന്ന സമയം ഉണ്ടായ ചന്ദ്രോദയത്തെ പ്രിയാവിരഹാതുരന്മാരായവൎക്കു കാമോദ്ദീപകമാകുംവണ്ണം വൎണ്ണിക്കുന്നതാകുന്നു. 'പ്രാചീരമണീവദനംപോലെ, രജനീയോഷാമുകുരംപോലെ, ഐന്ദ്രീകനകത്തോട കണക്കെ, മദനപ്പെണ്ണിൻ താലി കണക്കെ, സുരതഗുരോരെഴമാവണപോലെ, മന്മഥവരവിലെതിൎത്തു പിടിക്കും വെൺമുത്തുക്കുട തന്നെപ്പോലെ, മന്ദം മന്ദം പോന്നുദിയായ ശശാങ്കഃ' എന്നാരംഭിക്കുന്നു. അതു വായിച്ചാൽ ജിതേന്ദ്രിയന്മാരല്ലാത്ത ഏതു യുവാക്കന്മാൎക്കും മാന്മഥബാധ ഉദ്ദീപിക്കാതിരിക്കുന്നതല്ല. പിന്നത്തെ ഗദ്യം അഴകിയ രാവണൻെറ ഉദ്യാനത്തിലേക്കുള്ള എഴുന്നള്ളത്തിൻെറ വട്ടങ്ങളെ വൎണ്ണിക്കുന്നു. അതിൽ ത്രൈലോക്യവിജയിയായ രാക്ഷസചക്രവൎത്തി സമ്പാദിച്ചുവെച്ചിരിക്കുന്ന അപൂൎവ്വങ്ങളായ സംഭോഗസംഭാരങ്ങളുടെ സമൃദ്ധി മുഴുവൻ കവി, വായനക്കാരുടെ മുമ്പിൽ നിരത്തിവെക്കുന്നതിൽ കാണിച്ചിരിക്കുന്ന കല്പനാവൈഭവം, അരസികന്മാരെയുംകൂടി രസപ്രവാഹത്തിൽ നീന്തിക്കളിപ്പിക്കുന്നതാണ്. സാമദാനഭേദങ്ങളെക്കൊണ്ടും സീതാവശീകരണം അശക്യമാണെന്നു കണ്ടപ്പോൾ വിടമകുടമണിയായ രാവണൻ അഭിമാനം കൈവെടിഞ്ഞ്, 'കഴൽപ്പല്ലവം കൈതൊഴാം തമ്പിരാട്ടി! കുളുക്കെച്ചിരിച്ചൊന്നു നോക്കീട്ട്' എന്നിങ്ങിനെ കെഞ്ചിക്കേണ് അപേക്ഷിക്കു

ന്നതാണ് ഒട്ടക്കത്തെ ഗദ്യം. ഇതിൽനിന്നു തന്റെ ഒമ്പതു തലകളെയും താൻ തന്നെ അറുത്തു ഹോമിച്ചു സാക്ഷാൽ ത്രിപുരാന്തകനെ പ്രസാദിപ്പിച്ചു വരം വാങ്ങുകയും, അഷ്ടദിക്പാലന്മാരെയും ജയിച്ചു കീഴടക്കുകയും, കൈലാസപൎവ്വതം പൊക്കിയെടുത്ത് അമ്മാനമാടുകയും ചെയ്ത ത്രൈലോക്യവീരനായ രാവണന്, ആത്മസംയമനവും ഇന്ദ്രിയനിഗ്രഹവും ചെയ്വാൻ സാധിക്കാതിരുന്നതിനാൽ അതുനിമിത്തം മേൽ വരുവാൻപോകുന്ന 'സൎവ്വവിനാശം' എന്ന അവസ്ഥയെ വാക്കുകളെക്കൊണ്ടു പറയാതെ തന്നെ നമ്മുടെ ചമ്പൂകൎത്താവു ലോകത്തെ പഠിപ്പിക്കുന്നു.

ഭാഷാകവികുഞ്ജരന്മാരുടെ ജന്മശത്രുവായ ഉദ്ദണ്ഡകേസരിയുടെ മദഗൎജ്ജിതം മുഴുവൻ ഒരു ശ്ലോകത്തിലെ 'വചഃ പ്രസരം' കൊണ്ടു തന്നെ കളഞ്ഞ് അദ്ദേഹത്തിനു 'പുളകോദ്ഗമം' ഉണ്ടാക്കിയ പുനത്തിന്റെ പദ്യനിൎമ്മാണപാടവത്തെ പ്രകടിക്കാനൊരുങ്ങുന്നതാണെങ്കിൽ ഓരോ പ്രബന്ധത്തിലെയും പകുതിയിലധികം ഭാഗം ഇതിൽ പകൎത്തേണ്ടിവരും. അങ്ങിനെ ചെയ്യുന്നതു 'കാണാൻപോണ പൂരം പറഞ്ഞുകേൾക്കുന്നതുപോലെ' വായനക്കാൎക്കു ചൎവ്വിതചൎവ്വണത്തിനിടവരുത്തുന്നതാകയാൽ വൈരസ്യജനകമായിത്തീരുന്നതാണെന്നു വിചാരിച്ചു അധികം വിസ്തരിക്കുന്നില്ല.

൧. രാവണോത്ഭവത്തിൽ തപസ്സിനാരംഭിക്കുന്ന രാവണന്റെ സങ്കല്പം.

ഗൌരീ സൌഭാഗ്യരാശേ! ജയജയ തൊഴുതേ-
നമ്പിലെൻ തമ്പിരാനേ!
നേരേവന്നിങ്ങു തൃക്കാലിണയിലടിമപ്പു-
ക്കീടുമസ്മാനനാഥാൻ
കാരുണ്യത്തോണിതന്മേലഴകൊടു കരയേ-
ററി പ്രഭോ! കാംക്ഷിതാൎത്ഥ-
പ്പേരാം വാരാകരത്തിൻ മറുകരയിലണെ-
ക്കേണമേ! ഭക്തബന്ധോ!

സ്വൎഗ്ഗംഗാ ബാലചന്ദ്രാങ്കിത പുരിചിടയും
തീപ്പൊരിപ്പോരു മൂന്നാം-
തൃക്കണ്ണും ഭോഗിവാർകുണ്ഡലവുമരിയകാ-
കോളവും കണ്ഠനാളേ
അഗ്രേ തൃക്കൈകൾ നാലും കമലഭവശിരോ-
മാലയും മാറിലയ്യോ
മുഖ്യാഭോഗം പുലിത്തോലുടയുമിഹ പുല-
മ്പേണമേ തമ്പിരാനേ!
വാമാലങ്കാരി വാമാംഗവുമണികുഴലും
ദേവദൈത്യാവതംസം
മമ്മാ തൃക്കൈകളിൽ തങ്ങിന വരമഭയം
മാൻകിശോരം കുഠാരം
വാർമേവും പന്നഗേന്ദ്രാഭരണമമല ഭ-
സ്മാംഗരാഗാഭിരാമം
പൂമെയ്യും പൂൎണ്ണശോഭം മമ മനസി പുല-
മ്പേണമേ തമ്പിരാനേ!

ഇപ്രകാരം ധ്യാനിച്ചു പ്രാത്ഥിച്ചു പലവിധ യോഗചയ്യകളോടുകൂടി മഹായോഗികൾക്കും ദുഷ്കരമായ തപസ്സു വളരെക്കാലം ചെയ്തിട്ടും പരമശിവൻ പ്രത്യക്ഷനാവാഞ്ഞതിനാൽ തൻെറ തലയറുത്തു ഹോമിക്കുവാനാരംഭിക്കുന്ന രാവണൻെറ തൽക്കാലസ്ഥിതിയെ വണ്ണിക്കുന്നു:—

വേണീബന്ധാൻ വലിച്ചങ്ങുടിതരസമിടം
 കൈകൾകൊണ്ടാത്മമൂദ്ധ-
ശ്രേണീം നേരാക്കി ദീപ്ത്യാസിഭിരിനിയ വലം
 കൈത്തലൈരത്യുദാരം
താനേ തൻ കണ്ഠകാണ്ഡപ്രഹരണസമയേ
 കൈവളർത്തു വിശേഷി-
ച്ചാണ്ടും പത്തു വക്ത്രങ്ങളുമിരുപതു ഹ-
 സ്തങ്ങളും വീരമെന്നലേഃ.

പ്രൌഢാത്മാ കണ്ഠവാടിം ത്രുടിതഘനസിരാ-
 ബന്ധമാസ്കന്ധമൂലം
പാടേ ഛേക്കംവിധൌ വിസ്മയമഴകിതു ദ-
 ക്ഷാരിയേ സാക്ഷിയുള്ള
വാടീലമ്മന്ദഹാസം, നതിഭണിതികൾ തേ-
 ടീലഹോ ഗൽഗദത്വം
കോടീലച്ചില്ലിപോലും വദനദശകമേ-
 കൈകമാസിൽ പ്രസന്നം.

ഇതിലെ രസസ്ഫൂർത്തി നോക്കുക. അതിൽ തന്നെ നാല്പത്തൊന്നു മുതൽ നാല്പത്തെട്ടുവരെ പദ്യങ്ങളിൽ മിക്കതും കുമാരസംഭവം മുതലായ ഇതരഗ്രന്ഥങ്ങളിലെ ശ്ലോകങ്ങളുടെ വിശദതരമായ തർജ്ജമയാകുന്നു. അതിനുമേൽ രാവണോപദ്രവത്താൽ 'ഭയപരവശരായങ്ങുമിങ്ങും കിടക്കുന്ന ഇന്ദ്രാദികൾ വിധിഗിരിശന്മാരൊടുംകൂടി' സാക്ഷാൽ മഹാവിഷ്ണുവിനോടു സങ്കടമുണർത്തിക്കുവാനായി പാലാഴിതീരത്തണഞ്ഞപ്പോൾ,

ചക്രപാണിതിരുമാറിൽ വാണ തുളസീസു-
　　ഗന്ധഭരവും മഹാ-
ലക്ഷ്മിതൻ കുളുർമുലയ്ക്കണിഞ്ഞ മൃഗനാഭി-
　　സൌരഭവുമാവഹൻ.
മുഗ്ദ്ധപാല്ക്കടൽതരംഗമാലയിലിറങ്ങി
　　വന്ന മൃദു മാരുതൻ
തൽക്ഷണേന സുഖയാഞ്ചകാര സുരപുംഗ-
　　വാനസുരപീഡിതാൻ.

എന്നു വർണ്ണിച്ചിരിക്കുന്നതു് "ആനന്ദയാമാസദിവൌകസസ്താ—നാഘ്രാതശേഷോമുനിമണ്ഡലേന" എന്നിത്യാദിയായ ശ്രീകൃഷ്ണവിലാസകാവ്യശ്ലോകത്തിന്റെ അനുകരണമാണെങ്കിലും എത്ര ഹൃദയംഗമമായിരിക്കുന്നു?

ആരാൽ കാണായിതപ്പോളമരപരിഷദാ-
　　മാർത്തിയെച്ചെന്നു കാണും
നേരം തന്നേ ശമിപ്പിച്ചരുളുമൊരു മഹാ
　　പ്രാഭവത്തിൻ നിധാനം

പാരിരേഴും ഭരിപ്പാൻ പുരികലതികയാ-
ക്ഷീണദീക്ഷം കനകളം
കാരുണ്യത്തിന്നധീനേ ക്ഷണമഭിമത ക-
ല്പദ്രുമം പത്മനാഭം.

എന്നിത്യാദി പദ്യങ്ങളിൽ സ്ഫുരിക്കുന്ന മഹാവിഷ്ണുവിന്റെ മാഹാത്മ്യാതിശയം സാധാരണ കവികൾക്കു വാഗ്വിഷയമാകുന്നതാണോ?

൨. വിഷ്ണുവിലാസം പ്രബന്ധത്തിൽ മൂന്നുമുതൽ ഇരുപത്തുനാലുവരെ പദ്യങ്ങൾകൊണ്ടു വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്ന നവോഢാസംഭോഗവർണ്ണനം, കുമാരസംഭവം എട്ടാംസർഗ്ഗത്തെ പദംപ്രതി അനുകരിച്ചിരിക്കുന്നു എന്നു പറയുന്നതിനെക്കാൾ അതിശയിച്ചിരിക്കുന്നു എന്നു പറയുന്നതായിരിക്കും അധികം ഉചിതമെന്നു തോന്നുന്നു. അതിൽ സാഹിത്യശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നായികാവസ്ഥകളെയും, വാത്സ്യായനതന്ത്രോക്തങ്ങളായ രതിശിക്ഷാരീതികളെയും സ്പഷ്ടമായി ഉദാഹരിക്കത്തക്കവണ്ണം പണ്ഡിതനായ കവി അനേകം പദ്യങ്ങളെ നിബന്ധിച്ചിട്ടുണ്ട്. എന്നാൽ കേരളീയകവികളിൽ ചിലർ ചെയ്യാറുള്ളതുപോലെ ആഭാസവും അസഭ്യവുമായ രതിവർണ്ണനത്തിന്റെ നിഴൽപോലും അതിൽ കാണ്മാനിടവരുത്തിട്ടുമില്ല.

ഇത്ഥമഞ്ചിതസുഖാനി മററുമയമക്ഷ-
വംശമണിപീംഖി-
ന്യസ്തമൌക്തികവതംസരത്നമതിനി-
സ്തുലാന്യനുബഭ്രുവിവാൻ

ഇത്രിലോകവലയൈകസുന്ദരിയൊടങ്ങു
സീതയൊടു ചേൎന്നുകൊ-
ണ്ടുൾത്തെളിഞ്ഞു നിജ രാജധാനിയിൽ മണംക-
ലൎന്നു ശുശുഭേതരാം.

അങ്ങനെ അവർ സുഖമായിരിക്കുന്ന കാലത്തു വൃദ്ധനായ ദശരഥമഹാരാജാവു രാമനെ യുവരാജാവായി അഭിഷേകം ചെയ്വാൻ നിശ്ചയിച്ചു വട്ടംകൂട്ടി. അപ്പോൾ മന്ഥരാദൂഷിതാശയയായ കൈകേയി സ്വവശഗനും വൃദ്ധനുമായ ഭൎത്താവിനെ നിൎബ്ബന്ധിച്ച് അഭിഷേകം മുടക്കി രാമാദികളെ വനവാസത്തിനയയ്ക്കുന്ന സമയത്ത് അയോദ്ധ്യാവാസികൾക്കുണ്ടായ ശോകപാരവശ്യത്തെ കവി വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

തൽക്ഷണേന നിജ മാതൃദത്തമഴകോടു
വല്ക്കലയുഗം മുദാ
ലക്ഷ്മണാഗ്രജനുദഗ്രസത്വനിധി ചാൎത്തി-
നോരു സമയാന്തരേ
കൈക്കെനിളെ മുറകൊണ്ടയോദ്ധ്യമുഴവൻ മു-
ഴങ്ങിയിതു, വാക്കുകൊ-
ണ്ടക്കഥാം ബത വൃകത്തു മാദികവയേ
നമോടസ്തു കഠിനാത്മനേ.

*   *   *   *

ദുഃഖംപൊറാഞ്ഞഥ വസിഷ്ഠമുനീന്ദ്രനപ്പോൾ
തൃക്കണ്ണടച്ചിതുടനശ്രുധരീപരീതം

അക്കോപ്പുതാൻ മഹിതരാമശശാങ്കതതചു-
മുൾക്കൊണ്ടു കാണ്മതിന്നു കാരണമായ് ചമഞ്ഞു.

ഇങ്ങനെ 'കാനനയാത്ര മുതിൎന്നദശായാം പരമപതിവ്രതജനകതനൂജാ വേണുന്നവരൊടു യാത്ര പറ'യുന്നതിനെ വിവരിക്കുന്ന രണ്ടു സംസ്കൃതശ്ലോകങ്ങൾ ശാകുന്തളം നാലാമങ്കത്തിൽ ശകുന്തളയുടെ യാത്രാംപ്രസ്താവം മുഴുവൻ വായനക്കാരെ അനുസ്മരിപ്പിക്കുന്നതാകുന്നു.

രാമാദികൾ ഗംഗ കടന്നു വനപ്രദേശത്തിലെത്തുമ്പോൾ അവരെ കാണ്മാൻ വരുന്ന ശബരതരുണിമാരുടെ ഛായയെ കവി ഒരു ശ്ലോകത്തിൽ എടുത്തു വച്ചിരിക്കുന്നതു് എത്ര നിപുണനായ ചിത്രകാരനെയും വിസ്മയിപ്പിക്കുന്നതാണു്. ഇതു "വ്യോമഗ്രാഹ്യസ്തനീഭിഃ ശബരയുവതിഭിഃ കൌതുകോദഞ്ചദക്ഷം കൃച്ഛ്രാദന്വീയമാനഃ" എന്ന രാമായണചമ്പൂകാരന്റെ കുറിപ്പിനെ വലുതാക്കി എഴുതിയതാണെങ്കിലും എത്ര മനോഹരമായിരിക്കുന്നു.

ചേണേലും നൽപ്രവാളാംശുകമതിശിഥിലം
    താങ്ങിയുംകൊണ്ടു പീന-
ശ്രോണീഭാരാദരാകമ്പിതകുചവിലും-
    മഞ്ജുഗുഞ്ജാകലാപാഃ
സാനന്ദം വന്നൊരോരോ ശബരതരുണിമാർ
    കൂട്ടമിട്ടാസ്വദിച്ചാ-
രേനം ഭൂലോകചന്ദ്രം കുതുകവിലസിതേ
    കണ്ണിൽവച്ചൊട്ടുനേരം.

അതിനുശേഷം പഥികസ്ത്രീകൾ സീതയോടു ചെയ്യുന്ന സംഭാഷണങ്ങളും ഉപദേശങ്ങളും, സ്ത്രീകളുടെ സ്വഭാവത്തെ എത്ര ഹൃദയംഗമമാക്കിപ്പറഞ്ഞിരിക്കുന്നുവെന്നു അനുഭവരസികന്മാർക്കു മാത്രമേ അറിഞ്ഞുകൂടു.

൩. സുഗ്രീവസഖ്യം പ്രബന്ധത്തിൽ ലക്ഷ്മണനാൽ വിരൂപിതയായ ശൂൎപ്പണഖ, ഖരവധാനന്തരം—'നിശാചരനഗരി ഗോപുരമാൎഗ്ഗേ ചെന്നൊന്നലറിച്ചെറുതുകലുക്കി ത്രിദശമഹാരിപു നിശിചരപെരുമാൾ ശൌൎയ്യക്കട്ടു ദശഗ്രീവൻ താൻ തെളിവിലിരിക്കും മണിമയരംഗാങ്കണഭുവി ഗത്വാ മൂക്കും മുലയും പ്രാഭൃതമാക്കി'—രാവണനോടു പഴിച്ചു പറയുന്ന രണ്ടു ശ്ലോകങ്ങൾ നോക്കുക:—

സംഫുല്ലാഭോഗ! വല്ലേൻ പറവതിനിഹ ഞാൻ
പെട്ടപാടിന്നിനിക്കി-
പ്പെൺചെങ്ങാതിക്കു പാൎക്കംപൊഴുതിലൊരുടയോർ
പാരിലില്ലെന്നു വന്നു
ഡംഭം കാട്ടിബ്ഭവാനോ ദശമുഖ! മണിസിം-
ഹാസനേ ചേൎന്നു മീശ-
ക്കൊമ്പും മെല്ലെത്തിരുത്തി പ്രഭുജളനറിയു-
ന്നീലൊരൊരോ വിശേഷാൻ.

ഉള്ളിൽ കിഞ്ചന നാണമില്ലയി ഭവാ-
നേതാദൃശീം പശ്യമാം
തള്ളിത്തള്ളിവരുന്ന ശോണിതരധരീ-
സമ്പൂൎണ്ണനാസാദരീം

കൊള്ളിക്കോ പുനരിന്നി നിൻ പടയുമൊ-
        ട്ടൈശപൎയ്യവും ശൌൎയ്യവും
വെള്ളിക്കുന്നു പറിച്ചെട്ടത്തു പുകാറംകൊ-
        ണ്ടിടും പ്രഭാവങ്ങളും.

അതിനു രാവണന്റെ മറുപടി:—

പോരും പോരായ്മ വന്നെന്നൊടു പരുഷമുണ-
        ൎത്തുന്നതാർ ചെയ്യതിപ്പാ-
രിരേഴിങ്കൽ കലന്നുള്ളവരിലൊരുവനി-
        പ്പാപകൎമ്മം ദുരാത്മാ.
നേരേ ചൊല്ലിന്നുതന്നേ പകരമതിനുവി-
        ണ്ടിടുവാൻ ചന്ദ്രഹാസം
പോരായുന്നില്ലി തൈരാവതകരടഭിദാ-
        പാടവോന്മേഷശാലി
ദേവേന്ദ്രൻ താനിതെങ്കിൽ കഥയ കഥയ പൌ-
        ലോമിയെച്ചെന്നടിച്ചെ-
പ്പൂവാർമൽക്കൊങ്കയും നാസികയുമരിവനൊ-
        ന്നോറയും ചെയ്യുനിന്നേ.
മോഹാലിന്നമ്മോടേററിത്തൊഴിൽ തടവിയതി-
        നഗ്നിതാനെങ്കിലോ തൽ-
സ്വാഹാദേവീപ്രസംഗം ജഗതി വടുവറു-
        ത്തിടുവൻ ശുദ്ധശുദ്ധം"
കാലനിന്നിതു പിണച്ചതെങ്കിലോ
ശൂലമേററവനുരസ്ഥലാന്തരേ

ബാലനെന്നൊട്ട പടസ്സൂണഞ്ഞ നാൾ
ചീളിപെട്ടതു മറന്നുപോയിതോ?
വാസ്സൂന്നപുഷ്പകവിമാനവരം നമുക്കി-
ങ്ങാസ്സോണ്ടമൂലമിളകിടിന വൈരശാലി,
സൌഖ്യം കെടുത്തതൊരു വൈശ്രവണോടയ
(മെങ്കിൽ
ഭൈക്ഷം പിടിസ്സുമവനിന്നിയടങ്ങുമോ നാം?
ഇങ്ങനെ രാവണൻെറ ആത്മപ്രശംസാപൂർവ്വമായ പ്ര
തിജ്ഞ കേട്ടപ്പോൾ ശൂപ്പണഖ പറയുന്നു.
കേട്ടാലും പുനരെങ്കിൽ നീ തവ ഗിരാ
ലോകേഷു കണ്ടാലുടൻ
കേട്ടാലും തരമായ കാന്തനെ വരി-
പ്പാൻ ഞാൻ നടക്കും വിധൌ
ആഢ്യൌ ബാണധനുദ്ധരൌ കൊടുവനേ
കണ്ടിടിനേൻ പൂരുഷ-
ശ്രേഷ്ഠൌ കൌചനാ രാമലക്ഷ്മണതയാ
ദേധാ സ്ഥിതൌ മന്മഥൌ.
ത്രൈലോക്യത്തിലൊരോതരം തരുണരെ
ക്കണ്ടേനൊരുത്തന്നുമേ
മാലാറിപ്പതിനുള്ള ഭംഗിതികയെ
ക്കണ്ടീല കൊണ്ടില ഞാൻ,
തൌ ലോകോത്തരകാന്തികന്ദളമിള-
ന്നേത്രോത്സവൌ കണ്ടുടൻ

ചേലേന്തുന്ന നിലാവിലിന്ദുശിലപോ
    ലേ ചൊററലിഞ്ഞീടിനേൻ
വിണ്ണോരല്ല, മുനീന്ദ്രരല്ല, ദനുജ-
    ന്മാരല്ല, യക്ഷൌഘമ-
ല്ലന്യേ കിന്നരനാഗകിമ്പുരുഷസി-
    ദ്ധന്മാരുമല്ലാരുമേ
അന്യായം മയി ചെയ്തതൊട്ടുമനുക-
    മ്പാശൂന്യചിത്തസ്തയോ-
രുന്മദ്യതി ലക്ഷ്മണൻ കരതലേ
    പോർവാളുമാലോലയൻ.

ധന്യാ തയോരരികിലുണ്ടിരുൾ കൊണ്ടൽമദ്ധ്യേ
മിന്നുന്ന മിന്നലൊടു നേരിടുമംഗരേഖാ,
തന്വംഗി കാഞ്ചന വിലോചനവിഭ്രമശ്രീ-
സന്നാഹവഞ്ചിതജഗത്ത്രയധൈര്യസാരാ.
പൂവിൽപ്പെണ്ണിനുമില്ല താദൃശമഹോ
    ലാവണ്യമെല്ലാരുമ-
ദ്ദേവസ്ത്രീകളവൾക്കു താളിപിഴിവാൻ
    പോലും തരം പോരുമോ?
വേർ വാച്ചിടിന വിശ്വമംഗജനുള്ളോ-
    നഞ്ചമ്പുമായന്തികേ
കാവൽക്കാരനസൌ തദീയകൃപയാ
    വെല്ലുന്നിതുർവീതലം.
നിർമ്മര്യാദങ്ങളമ്മാണികളിരുവരുമായ്-
    ച്ചെയ്തതെല്ലാം പൊറുക്കാം

കൎമ്മം പോന്നീടിലോ ചെററതിനു പകരവും
വീണ്ടുകൊള്ളാമൊരുന്നാൾ.

ധമ്മില്ലംകൊണ്ടു മെല്ലെപ്പിഹിതവദന,മ-
ശ്യോ തദാനീം ചിരിച്ചാ-
ളുമ്മല്ലാർവേണി, ചൊല്ലാമിതു മനസിപൊറാ-
യുന്നിതെല്ലായിലും മേ.

“കയ്യൂക്കിൻ വായ്പുകൊണ്ടാകലിതഗിരിവരോ
രാവണോ നാമ ധീമാൻ
പൊയ്യല്ലെങ്ങൾക്കിതിന്നുണ്ടരപെരുമടയോ”—
രെന്നു ഞാൻ ചൊന്നനേരം.

“കശ്ചൻ താൻ വന്നെതിക്കിൽചെറുമനെവിരവിൽ
പ്പൂഴികപ്പിപ്പ”നെന്നായ്.
കക്ഷംകൊട്ടിച്ചിരിച്ചാനനുജ, നതു പൊറാ-
യുന്നിതെല്ലായിലും മേ.

ഒച്ചകൊള്ളുമഭിമാനിയെങ്കിൽ നീ
തച്ചുകൊന്നു തരികന്നരാധമൌ.
ഇച്ഛയുണ്ടു മമ തിന്മതിന്നിളം-
പച്ചമാംസമനയോരനാദരം.

കണ്ടിവെന്നകുഴലാളെ നീ ബലാൽ
കൊണ്ടുപോന്നു കളയേണമഞ്ജസാ.
ഇണ്ടൽ തീരുവതുമല്ല, കണ്ണുനീർ
കണ്ടൊഴിഞ്ഞു മമ തന്മുഖാംബുജേ.

ഇങ്ങനെ സോദരിപ്രേരിതനായ രാവണനൻ സീതാ

ഹരണത്തിനുള്ള ഉപായം ആലോചിച്ചു, മാരീചൻെറ അടുക്കൽ ചെന്നു തൻെറ ആഗമനപ്രയോജനം പറഞ്ഞപ്പോൾ മാരീചൻ പറഞ്ഞമറുപടി കേട്ടു, രജനീചരപരിവൃഢൻ.

"കോപം കലൎന്നിട ചുവന്നു മറിഞ്ഞനേത്ര-
വ്യാപാരവേപിതചരാചര"മാകുംവണ്ണം പറയുന്നതാണിതു്.

എന്നോ ഭോഷാ! മനുഷ്യപ്പുഴുവിനെ നിതരാം
പേടിയുണ്ടോ ഭവാനൊ-
ട്ടിന്നിശ്ശൌയ്യം നടിച്ചീടിന നിശിചരവം-
ശത്തിലല്ലേ പിറന്നു?
വിണ്ണോർനാഥൻ തൊഴും നമ്മെയുമഴകിതു നീ
പിന്നെ നിന്നെക്കണക്കെ
ത്തന്നേ കല്പിച്ചു ജല്പിച്ചതു, ജളജനമൂ-
ൎദ്ധാഭിഷിക്തോടസി പാർമേൽ.
ത്രൈലോക്യേ സൌരഭംകൊണ്ടുരപെരുകിന പീ-
നാപദാനക്കലമ്പൻ-
മാലാജാലങ്ങൾ തൂക്കും നിശിചരപെരുമാൾ
ഞാനിരിക്കേ വിശങ്കം.
നീലാളിക്കുന്നതെന്തങ്ങൊരു മനുജശിശ്രും
വാനരത്തിൻ കിശോരം
പോലേ പേടിച്ചു രാഷ്ട്രാദപി പിഴകി വനാ-
ന്തത്തെവന്നാശ്രയന്തം.

ഇങ്ങനെ മരീചരാവണന്മാരുടെ ഉക്തിപ്രത്യുക്തി

കഠം മുഴുവൻ ഉദ്ധരിച്ച് ഈ പ്രസ്താവനയെത്തന്നെ ഒരു ചംബൂകാവ്യമാക്കുന്നില്ല; ഇനി ജടായുവും രാവണനും തമ്മിലുള്ള സംഭാഷണത്തിൽ ഇതിലും രസോദ്രിക്തങ്ങളായ പദ്യങ്ങഠം വളരെയുണ്ട്. ശ്രീരാമൻ മാരീചവധം കഴിഞ്ഞ് ആശ്രമത്തിൽ മടങ്ങി വന്നപ്പോഠം സീതയെ കാണാഞ്ഞു ശോകാതുരനായിട്ടു നേരേ കാണുന്ന പക്ഷിമൃഗാദികളോടും വൃക്ഷലതാദികളോടും സീതാവൃത്താന്തം ചോദിക്കുന്ന ഭാഗം ശോകരസം തുളുമ്പുന്ന ശ്ലോകങ്ങളെക്കൊണ്ടു വായനക്കാരെ കരയിക്കാതിരിക്കുന്നതല്ല. രാമലക്ഷ്മണന്മാർ ഇങ്ങനെ സീതാന്വേഷണം ചെയ്തു സഞ്ചരിക്കുമ്പോഠം "മൈഥിലീപക്ഷപാതം നിമിത്തം പക്ഷപാതം" സംഭവിച്ച് ആസന്നമൃത്യുവായിക്കിടക്കുന്ന ജടായുവിനെക്കണ്ടു സീതാവൃത്താന്തം അറിയുകയും ഭക്തവത്സലനായ ഭഗവാൻ "തോനേ തൃക്കൈത്തലംകൊണ്ടു ചിറകുതലോടിത്തലോടി"ക്കൊണ്ടിരിക്കവേ ആപ്പക്ഷിസാർവ്വഭൌമൻ "വാനോർ നാട്ടീന്നു താണീടിന കനകവിമാനം കരേറു"കയും ചെയ്യുന്നു. ആ അവസരത്തിൽ ജടായുവിനോടു ശ്രീരാമൻ പറയുന്നതായ ഒരു പദ്യമാണു താഴേചേർക്കുന്നത്. അതിൻെറമൂലം ഒരു സംസ്കൃതപദ്യമാണ്. അതും ചംബൂകാരൻ ഉദ്ധരിച്ചിട്ടുണ്ട്. അതു രണ്ടും നോക്കിയാൽ ഈക്കവിയുടെ പരാവർത്തനപാണ്ഡിത്യം സ്പഷ്ടമാകും.

മൂലം.

താത! ത്വം നിജതേജസൈവ ഗമിതഃ
സ്വർഗ്ഗം നനു സ്വസ്തിതേ

ബ്രൂമസ്താവദിമാം വധ്രൂഹൃതികഥാം
മാഭ്രാതുരഗ്രേ കൃഥാഃ
രാമോഽഹം യദി കൈശ്ചിദേവ ദിവസൈസ—
വ്രീളാനമൽകന്ധരഃ
സാദ്ധം ബന്ധുജനൈശ്ച സേന്ദ്രവിജയീ
വക്താസ്വയം രാവണഃ.

ഭാഷാ

സ്വല്ലോകത്തിന്നു യാത്രാ സ്വയമുദയവതി
താത! തേ സ്വസ്തി ഭൂയാൽ.
ചൊല്ലേണ്ടാ നീ വധൂടീഹൃതികഥ ജനക-
സ്യാന്തികേ ചെന്നിരുന്നാൽ.
ചൊല്ലാം ഞാൻ രാമനെങ്കിൽ കതിപയദിവസൈം
രാവണനൻ വന്നു താനേ
ചൊല്ലും മന്ദാക്ഷശാലി തലകളെ നമയ-
ന്നന്വിതോ ബന്ധുജാലൈഃ

൮ —അംഗുലിയാങ്കം പ്രബന്ധത്തിൻെറ ആരംഭം:—
സുഗ്രീവാ!കാണിതഗ്രേ ദിശിദിശിവളരു-
ന്നോരു കാർക്കാലഘോഷം
മൽകാന്താന്വേഷണത്തിന്നിതു ബത! വിഷമം
കാലമാലോകയേഥാഃ
കിഷ്കിന്ധായാമിരുന്നാവൊളമിതിനവധിം
പാൎക്കനീ ഞാനുമെന്നാ-
ലിക്കാലത്തെക്കഴിച്ചീടുവനിഹ മഹിതേ
മാല്യവാന്തന്നുപാന്തേ.

എന്നുള്ള നിശ്ചയത്തോടു കൂടിയാണ്. ഇതിൽ,

ഇത്ഥം നാനാപ്രകാരം വനഭുവികലിതോ-
 ന്മാദവേഗം പറഞ്ഞും
പ്രത്യക്ഷം കണ്ണുനീർവാൎത്തവശധൃതികര-
 ഞ്ഞും പിണഞ്ഞും വിമോഹം
മദ്ധ്യേ സൌമിത്രി ചെന്നങ്ങതിമൃദുവചനൈ-
 രാശ്വസിപ്പിച്ചു മച്ചെ-
ന്താൎത്താപം പൂണ്ടുമദ്ധ്യോ രഘുവരവിരഹാ-
 തങ്കമെന്തൊന്നു ചൊൽവൂ.

എന്നുവരെയുള്ള ഭാഗത്തിൽ സീതാ വിരഹാതുരനായ രാമന്റെ അവസ്ഥയെ ഗദ്യപദ്യങ്ങളെക്കൊണ്ടു വൎണ്ണിച്ചിരിക്കുന്നതു 'വിക്രമോൎവ്വശിയം' നാലാമങ്കത്തിന്റെ പകൎപ്പുപോലെയാണെങ്കിലും സാരസ്യംകൊണ്ടു വളരെ പുത്തക്കിയിരിക്കുന്നു. അതു കഴിഞ്ഞിട്ടു 'സേതുബന്ധം' എന്ന കാവ്യത്തിൽ നിന്നെടുത്തുചേൎത്തിരിക്കുന്ന മൂന്നു പ്രാകൃതപദ്യങ്ങളെക്കൊണ്ടും,

തെളിഞ്ഞൂ ദിക്പാളി സരസികു-
 ളിലംഭോരുഹകുലം
വിരിഞ്ഞൂ, പൂന്തേനിൽ കൊതിയോടു-
 മലഞ്ഞൂ മധുകരം,
കുറഞ്ഞു മേഘച്ഛാൎത്ഥധിഗഗ-
 നമേററം തെളിമകൊ-
ണ്ടണിഞ്ഞൂ ചന്ദ്രാൎക്കൌ ശിവ ശിവ!
 ശരൽക്കാലമഹിമാ.

എന്ന ഒരു ഭാഷാശ്ലോകംകൊണ്ടും ശരദാഗമം വൎണ്ണിക്കു ന്നു. അനന്തരം സുഗ്രീവാജ്ഞാകരന്മാരായ 'ജാംബവദംഗദഹനുമൽപ്രമുഖ'ന്മാരായ വാനരപുംഗവന്മാർ "സീതാന്വേഷണം ചെയ്തു ദക്ഷിണസമുദ്രതീരത്തിൽ ചെന്നു, സമ്പാതിവാക്യത്താൽ അംഭോധിമധ്യത്തിലുള്ള ലങ്കാനഗരിയിലാണു സീതാവാസമെന്നറിഞ്ഞു സമുദ്രലംഘനം ചെയ്വാൻ സമുദ്യുക്തന്മാരായ സമയം അവരിൽ ആരും അതിനു ശക്തന്മാരല്ലെന്നു കണ്ടു, പൂൎവ്വകഥാപ്രസംഗത്തോടെ—

കൊണ്ടാടിക്കൊണ്ടിവണ്ണം ബുധജനമകുടം
ജാംബവാൻ ചൊന്നവാചാ.
കുണ്ടാത്മതാപം കളഞ്ഞഞ്ചിതരുചി ഹനുമ-
ദ്വക്ത്രപത്മം ചകാശേ
പണ്ടേതിൽ പത്തിരട്ടിച്ചുദിതമൊരുബലാ-
ധിക്യ,മയ്യാ മഴക്കാർ
കൊണ്ടുണ്ടാം മൂടൽ നീങ്ങും പൊഴുതു പുകൾപെടും
ഭാനുമാനെന്നപോലെ.
ഉത്സാഹം കൺമിഴിച്ചു, മുറുവലൊളി തുട
ന്നു, ഭുജാവീൎയ്യമച്ചെ-
രുത്ഥാനം ചെയ്തിതയ്യാം, വിനയമതിർകട-
ന്നാഭിരാമ്യം വളൎന്നു
ബുദ്ധ്യുന്മേഷം തഴച്ചു, ചെറുതുകളികളി-
പ്പാനൊരുമ്പെട്ടെഴുന്നു,
ചിത്രം ചിത്രം തദാനീം വിജിതഖഗവരം
വേഗസാരം തദീയം.

എന്നുള്ള ഹനൂമൽപ്രഭാവവൎണ്ണനയും, അതിനെ തു ടൎന്നു്,

അഥജാംബവതോ വിനമ്യപാദൌ
തദനുജ്ഞാനവതംസിതോത്തമാംഗഃ.
സരിതാം കമിതുൎവ്വിലംഘനായ
ത്വരമാണാം മതിമാദധേ ഹനൂമാൻ.

കിഷ്കിന്ധായുവരാജനോടൊരു നിയോ
ഗം പൂണ്ടുടൻ നീലനോ-
ടഗ്രേ യാത്ര പറഞ്ഞു വാനരഗണം
നോക്കിച്ചിരിച്ചങ്ങിനെ.
രക്ഷോവംശദവാഗ്നി പിന്നെ ഹനുമാൻ
മണ്മാ മഹേന്ദ്രാചലേ
ലക്ഷ്മീവാനുദയാദ്രിമേൽ ദിനകരൻ
പോലേ കരേറിടിനാൻ.

ചാരു കൈതൊഴുതതന്നുമഞ്ജനാ-
മാരുതൌ സ്വപിതരൌ മഹാമനാഃ.
പാരിലുള്ള ജനമാശു കേൾക്കുമാ-
റാരുവന്നിതി ജഗാദ മാരുതിഃ.

“രക്ഷോ നാഥേന നീതാം ജനകകുലശിഖാ-
മാലികാം കണ്ടുപോയ്ചെ-
ന്നഗ്രേ ശ്രീരാമദേവൻതിരുവടിയൊടണ-
ഞ്ഞീടുവാൻ ത്വദ്വിശേഷം
ഉഗ്രാകാരം കടപ്പാനുദധിമിത തുട-
ങ്ങുന്നിതിഞ്ഞാൻ വിനമ്രേ

സുഗ്രീവാജ്ഞാവതംസപ്പൂതുമലർമണവും
ചേർത്തുകൊണ്ടുത്തമാംഗേ.
ഇപ്രകാരം ഉച്ചത്തിൽ പ്രതിജ്ഞയും,
കോസലേന്ദ്രതനയാ സുവൎണ്ണലതമേലു-
ലാവിന പയോധര-
സ്ഫീതമഞ്ജരിയിൽനിന്നു പാൽമധുനുകൎന്നു
മത്തമധുപായിതം
വാസിതം ജനകനന്ദനാസ്തനവിലേപ
മേളനവശാന്മമ
പ്രാദുരസ്തു മതിദപ്പുണോ മരണരോഗ
ഹാരിപര! മൌഷധം. (ദൈവതം)
കാതിടഞ്ഞ മിഴിതന്നിൽനിന്നു വഴിയുന്ന
സാന്ദ്രകരുണാമൃതാം-
ഭോധിതൻ നടുവിൽ വാങ്മയം മധുപമിണ്ണെ-
ഴം തിരുമുഖാംബുജം.
കാതലേറുമൊരു ധരതാമണിനികേത
നം ദശരഥപ്രിയം
പ്രാദുരസ്തു മതിദപ്പുണേ മരണരോഗ-
ഹാരിപരമൌഷധം.

ഇങ്ങനെ ഒരു പ്രാൎത്ഥനാസപ്തകവും കഴിച്ചിട്ടു, പ്ലവനകൎമ്മത്തിൽ ഉദ്യതനായ ഹനുമാന്റെ അവസ്ഥയെ വൎണ്ണിക്കുന്നു.

ഇത്ഥം വാദി ഹനുമാൻ മറുകര പിടിപെ-
ട്ടോരു ദൃഷ്ട്യാ നിതാന്തം
പൃഥ്വീമംഭോധിവേലാം ധൃതിനിധി സഹസാ
നീളെയൊന്നാലുലോകേ

അത്യന്തം നീലമേതന്മിഴിനിഴൽ വരുവാൻ
പാൎത്തിരിക്കുന്ന സേതു-
പ്രസ്താവത്തിന്നുമുമ്പേ പൊലിമയൊടൊരുന്തു-
ലിട്ടപോലേ ചമഞ്ഞു.

കാണെക്കാണെ വളൎന്നിതക്കപിവൃഷാ
പശ്യൻ ദിശം ദക്ഷിണാം
ഭാനുദണ്ഡമുദിച്ചവണ്ണമിളകി
തസ്യാവലോകങ്ങളും.
മാനപ്രോത്തടമുന്നതം ഹനുമതോ
വാലാഗ്രലീലായിതം
മാനത്തമ്പെഴുമമ്പർവാപി തിരത-
ല്ലംവണ്ണമാന്ദോളിതം.

ഗാഢം മുൻകൈ പതിച്ചങ്ങുദധി മറുകരെ
ച്ചാടുവാൻ മൎക്കടാനാം
പ്രൌഢൻ താഴേപതിഞ്ഞമ്പൊടു ചുവടുമറ-
ച്ചുന്നിനിന്നോരുനേരം
പാടേ താങ്ങീടവല്ലാഞ്ഞഗവുമവനിയും
ദിഗ്ഗജൌഘങ്ങളും വാർ-
ത്തേടും നാഗേന്ദ്രനും നൽക്കമഠപരിവൃഢൻ
താനുമൊന്നാങ്ങമൎന്നു.

സമുദ്രലംഘനംചെയ്തു ഹനുമാൻ ലങ്കാനഗരിയു
ടെ ഉത്തരഗോപുരത്തിലിറങ്ങി 'തനുകൃതതനു'വായി
ട്ടു സൂൎയ്യാസ്തമയവും കാത്തിരിക്കുമ്പോൾ ഉണ്ടായ അ

സധകാരത്തിൻെറ വ്യാപ്തിയേയും വഴിയേ സംഭവിച്ച ചന്ദ്രോദയത്തേയും വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

കാളീകായകളായകാളിയകളി-
ന്ദാപത്യകസ്തൂരികാ-
കാന്താകുന്തളകാളികാകരിഘടാ
കാലാരി കണ്ഠോപമൈഃ
സാന്ദ്രൈഃ സന്തമസൈസ്സമം സമുദിതാ
സ്സന്ധ്യാവസാനേ തത
സ്താരാശ്ചാപി സമന്തതഃ സ്ഫുടതരം
ബഭ്രാജിരേടഭ്രാജിരേ.

അന്നേരം മന്ദമന്ദം വിമലകുളിർനിലാ-
വായ മാലേയപങ്ക-
സ്യന്ദം കൊണ്ടൊക്കെ മേളിച്ചൊരുതെളിമ ദിശാ
യോഷിതാമാദധാനം.
മിന്നും പ്രാചീവധൂടിക്കഴകിലുടനണി-
ഞ്ഞൊരു പൊന്തോലിപോലേ
നന്നായ് മേളം കലൎന്നിന്ദുവമുദയഗിരൌ
മണ്ഡലം പ്രാദുരാസീൽ.

അസ്സമയത്തു ഹനുമാൻ,—

എന്നീവണ്ണം നടന്നങ്ങവിടെയവിടെയാ-
രാഞ്ഞുനോക്കും ദശായാം
മിന്നും പ്രത്യഗ്രരത്നദ്യുതികബളിതദി-
ങ്മണ്ഡലം കണ്ടുകാണ്ഡേ.

ധന്യശ്രീ വിശ്വപങ്കേരുഹമുഴമതി ല-
　　ങ്കേശ്വരൻ താനിരിക്കും
പൊന്നിൻ പ്രാസാദമഗ്രേ തെളിവിനൊടു കരേ-
　　റീടിനാനൂഢധൈൎയ്യം.

ആരാഞ്ഞു മൈഥിലസുതാം ദശകണ്ഠഗേഹേ
ശ്രീരാമദൂതനഥ വന്ധ്യമനോരഥോടസൌ.
നേരേ നിരാകുലമിറങ്ങി ബഹുദ്രുമാഢ്യാ-
മാരാമഭൂമിമതിസൌരഭിണീം ജഗാഹേ.

രമ്യാം കാഞ്ചനകാഞ്ചനീമയമുപാ-
　　രൂഢോ മഹാശിംശപാം
തന്മൂലേ രഘുനാഥധൎമ്മഗൃഹിണീം
　　കണ്ടാനകുണ്ഠാദരം
ജന്മാതങ്കശമായ ചിദ്രസകലാം
　　സൌഷുമ്നമൂലേ പരാം
നിൎമ്മായാമൃതരൂപിണീം മുനിവരൻ
　　കാണുന്നപോലേ തദാ.

ഇനി അഞ്ചു ശ്ലോകംകൊണ്ടു സീതാദേവിയുടെ തല്ക്കാലാവസ്ഥയെ വൎണ്ണിക്കുന്നതുകൂടി ഇവിടെ പകൎത്തേണ്ടതാണെങ്കിലും വിസ്തരഭയത്താൽ അങ്ങനെ ചെയ്യുന്നില്ല.

൬. ഉദ്യാനപ്രവേശം. ഇതു് 'ആശ്ചൎയ്യചൂഡാമണി' നാടകത്തിൽ 'അശോകവനികാങ്കം' എന്ന അഞ്ചാമങ്ക

ത്തെ ചാക്യാന്മാർ അഭിനയിക്കുന്ന രീതിയിൽ വിസ്തരിച്ച് ഒരു പ്രബന്ധമാക്കിയിരിക്കുന്നതാണ്.

വൈദേഹീം നിറമാന്നശോകവനികാ-
മദ്ധ്യേ നിധായസ്മരോ-
ന്മാദീ രാക്ഷസചക്രവൎത്തി സഹസാ
സമ്പ്രാപ്യ ശയ്യാഗൃഹം
ജാതാനന്ദമണഞ്ഞുഴിഞ്ഞനുസരി-
പ്പാനെന്തുപായം നമു-
ക്കേതേനും പുനരെന്നു സന്തതമസൌ
ചിന്തിച്ചിരുന്നീടിനാൻ.

എന്നാരംഭിച്ച്,

ലങ്കാധീശൻ തദാനീം പലപരിചു നിരൂ-
പിച്ചുകണ്ടദ്ധ്രാത്രേ
ശൃംഗാരക്കോപ്പു വാച്ചിച്ചിനിയ ജനകജാ-
സന്നിധൌ ചെന്നശങ്കം
സംഗംചേൎക്കുന്ന നാനാവിധമധുരവചോ-
വൈഭവൈരാശ്വസിപ്പി-
ച്ചംഗീകൎത്തവ്യമിന്നേ പുനരിതി സുദൃഢം
കല്പയാമാസ ഗൂഢം.

ഇങ്ങനെ നിശ്ചയിച്ചുറച്ച്, അതിനു വേണ്ടുന്ന ഒരുക്കങ്ങളോടുകൂടി പുറപ്പെട്ട്,

ആലോലാകൃതി രാക്ഷസാധിപതിതാൻ
    ഗൂഢോദരേ ശിംശപാ-
മൂലേ ചെന്നു മനോഭവന്നു മനസാ
    നേൎന്നാശു മാരോത്സവം.
നീലാംഭോദചയോപമോ വെറുനില-
    ത്താമ്മാറുനിശ്ശങ്കമാ-
യോലക്കത്തിൽ വിദേഹരാജതനയാം
    മുന്നിട്ടിരുന്നീടിനാൻ.

അപ്പോൾ—

സീതാ, നീലപ്പനംപൃക്കലയൊടെതിരിടും
    കൈശികേ ഗാത്രവല്ലീ-
മാത്താമ്രാംമൂടി പാടീടിന കരതളിർകൊ-
    ണ്ടാനനം ഛാദയന്തി
നാഥം ചേതോഭിരാമം ദശരഥതനയം
    ഭാവയന്തി വിഭിന്ന-
സ്വേദാൎദ്രാകുഞ്ചിതാംഗീ സഭയമുടനിരു-
    ന്നീടിനാളൂഢഖേദം.

അന്നേരം ചുററുമുററായമരപുരചകോ-
    രാക്ഷിമാരങ്ങുമിങ്ങും
നിന്നു കൺകൊണ്ടു സീതാമിടയിടെ വടിവോ-
    ടാശ്വസിപ്പിച്ചു ദൂരേ

പൊന്നുംതളിച്ചാക്കിലാമ്മാറതിസുരഭിലമാ-
പൃഷ്ഠ താംബൂലമസ്യെ
ഖിന്നാത്മാ'കാഴ്ചയുംവച്ചസകലപദനി-
ഷ്യന്ദിനീം വാചമൂചേ.

ത്രൈലോക്യസുന്ദരി! മനോഭവവീരമാലേ!
നീലാരവിന്ദമിഴി! നിമ്മലഗാത്രരേഖേ!
ലീലാനിധേ! സുരതകൈരവ ചന്ദ്രികേ! നീ
മാലാശു തീത്തരുൾ വിദേഹസുതേ! മദീയം.

എന്നിത്യാദിയായി,

ദശഗ്രീവൻ ഭ്രാന്ത്യാ പലവഴി പറഞ്ഞോരളവഥോ
വശം കെട്ടത്യന്തം തരളമിഴി നിണ്ണീയമനസാ
കചാഗ്രൈരാച്ഛാദ്യ പ്രകൃതിമധുരം വക്ത്രകമലം
വചോ മന്ദം മന്ദം ജനകതനയാ വ്യാഹരദിദം.

നിനക്കു ജീവിക്കയിലുണ്ടൊരാശ
മനസ്സിലെങ്കിൽ കഴിവുണ്ടിദാനീം
അനത്ഥമില്ലെന്നെയെടുത്തു നേരേ
വനത്തിലാക്കി തൊഴ രാമചന്ദ്രം

ചൊല്ലേണം നല്ലതെല്ലാരോടു മിനിവിരവോ-
ടെന്നെയും കൊണ്ടുമെല്ലെ
ച്ചെല്ലു വല്ലായ്മ ചൊല്ലു ചരണതളിരട-
ത്താംപ്രകാരം വണങ്ങൂ
കല്യാണാവാസമപ്പോളയി മമ കമിതാ
രാമഭദ്രോ ദയാർദ്രൈ-

ക്കല്ലോരിലെ ദൃഷ്ടിപാതത്തെ രഭയമരുളുമി-
ല്ലേതുമേ സംശയം മേ

ഇങ്ങനെ സീതാവാക്യം കേട്ടപ്പോൾ രാവണൻ, ഭേദോപായം പ്രയോഗിക്കുന്നതു നോക്കുക:—

രാമൻ പാർത്താൽ മനുഷ്യപ്പുഴു, രജനിചരാ-
ധീശ്വരൻ ഞാൻ, കൊടുങ്കാ-
ടാവാസസ്ഥാനമോർത്താലവനാഴകിയല-
ങ്കാപുരി മാദൃശാനാം.

സാമാന്യം തുയപൂമ്പട്ടുകളുടുപ്പുടവ-
ച്ചാർത്ത, വന്നങ്ങുടുപ്പാൻ
പാർമേൽ പാരുഷ്യമേലും മരവുരി, ദയിതേ!
ഞങ്ങളിൽ കാൺകഭേദം

ശ്രീകൈലാസേ, സുമേരൗ, സുരമിഥുനമനോ-
നന്ദനേ നന്ദനേ, ഭൂ-
ലോകേ, പാതാളലോകങ്ങളി, ലുദയഗിരൗ,
ചന്ദനോദ്യാനമാർഗ്ഗേ.

ആകാശേ, ദുഗ്ദ്ധസിന്ധൗ, ഹിമശിഖരിതടേ,
ഞാനുമായ്ക്കേളി ചെയ്യാ-
മേകാന്തേ ഹന്ത കാന്തേ! രഘുതനയപിശാ-
ചെന്തു മിണ്ടായ്കെടോ നീ

നിത്യം നിത്യം പ്രഭാതേ സജലജലധര-
ധ്വാനഗംഭീരമോരോ
പുത്തൻ വാദിത്രഘോഷം രജനിചരവധൂ-
ഗീതിഭേദാനുയാതം.

മദ്ധ്യേ മദ്ധ്യേ മുഴങ്ങും ജയബിരുദമഹാ-
ശംഖസംഘാതമന്ദ്രം
മുഗ്ദ്ധേ! പാർക്കേണമേ നീ ദശമുഖപദവീ-
സൌരഭം ചാരുശീലേ!
പ്രത്യൂഷേ മൂളുമൂമൻ പെരിയപരുവമേ-
ലേറി ദാത്യൂഹസംഘം
ബദ്ധാമോദം ചിലയ്ക്കും പലതരമെരിവാ
വാവിട്ടും ഘോരഘോരം
മത്താ ബാലാനരുമ്മും വലിയ ചിലമര-
ന്മേർപ്പുലിക്കൂളിട്ടമയ്യാ
മുഗ്ദ്ധേ! ചിവീടഴയ്ക്കും ദശരഥതനയ-
പ്രാഭവം നന്നൊരോരോന്നേ,,
മുങ്ങിപ്പൊങ്ങീട്ടുമൈരാവതമദമലിനേ
ദിവ്യ ഗംഗാപ്രവാഹേ
ഭംഗ്യാ സീതേ! കുളിക്കാം, മമരതരുതരും
വാസസീ മാനനീയേ,
ശംഖധ്വാനാഭിരാമം ഗമനം, മതിമനോ
ഹാരി തേവാരലക്ഷ്മീ-
രംഗം മാണിക്യരത്നോപലമയ, മമലേ!
മാമകീനം പ്രഭാവം,,
കാട്ടാനച്ചൂർ കലന്നീടിന കലുഷജലേ
പലപലേകട്ടമാർദ്ദ്രേ

മാട്ടിന്മേൽനിന്നുരുണ്ടിടിനകഠിനകപാ-
ലാകുലേ സ്നാനകേളി.
വാട്ടം തട്ടാതവസ്സ്രം മരവുരി, തുണക്കു-
ളീഗണം, വൻപിശാചിൻ
കൂട്ടം തേവാരിവൃന്ദം, ദശരഥതനയ-
പ്രാഭവം നന്നൊരോന്നേ,

ഉൺമാൻ കമ്രാംഗി! പൊന്നിൻതളികക,ളുപദം-
ശങ്ങളോരോന്നുമമ്മാ
രമ്യം ദാനം പയോജപ്രതികൃതിവദനേ!
പത്തുമുന്നൂറു ഭേദം.
പൊന്മാടത്തിന്നുമേലേ മണിനിലയിലിരി-
പ്പാലവട്ടം പിടിപ്പാൻ
പൊന്മാനേൽക്കണ്ണിമാരുണ്ടനവധി, സുഖമോ-
ത്തിട്ടസിതേ! തദാനീം.

കഷ്ടം കാട്ടാവണക്കിന്നിലയിലശന, മ-
പ്പൂച്ച കോക്കാനിഷറേ-
ച്ചുട്ടിട്ടത്യന്തഹൃദ്യം കറി, ചെറുതകര-
ച്ചാറു പാനീയസാരം,
നഷ്ടാശങ്കം തരുണാം കരലിലുടനിരി-
പ്പു,ഞ്ഞുമിഞ്ഞും നരച്ചീൽ
വട്ടത്തിൽപ്പാഞ്ഞു വീയും, തവ സഹചരനോ
ത്തിട്ട സീതേ! വിശേഷം.

ഈ ശ്ലോകങ്ങളിലെ ഭാഷാരീതിയും കവിതാചാതുൎയ്യവും സഹൃദയന്മാൎക്ക ആസ്വാദ്യമായിരിക്കുമെന്നു വിചാരിച്ചു മാത്രമാണ് ഈ ഭാഗം ഇത്രത്തോളം നീട്ടി പിടിച്ചത്. ഇനി, ഇപ്രകാരം കാമകിങ്കരനും ചപലനുമായ ആ രാക്ഷസചക്രവൎത്തിയുടെ ഭീഷണികൾക്ക്, ആ കുലസ്ത്രീരത്നവും വീരപത്നിയുമായ ദേവി, അൎത്ഥഗംഭീരവും മിതാക്ഷരവുമായിട്ടു പറയുന്ന മറുവടിയും കൂടി ഇവിടെ കാണിച്ച് ഈ ഭാഗം അവസാനിപ്പിക്കാം.

ഇത്ഥം നിശാചരപതേൎവ്വചനം നിശമ്യ
ക്രുദ്ധാ വിദേഹതനയാ വിദയം ബഭാഷേ.
"നക്തഞ്ചരാധിപ! ഫലം കിമു വാക്പ്രപഞ്ചൈ
രെത്തും നിനക്കിതു നിമിത്തമനൎത്ഥജാലം
ഓൎക്കേണം നീ നടേ നിൻകുലതിലകമയം
താടകാം, പിന്നെയുണ്ടോ-
ന്നോൎക്കേണ്ടൂ തത്തനൂജെൻ മുനിമഖമഥനെൻ
തം വിരാധം കബന്ധം,
ആക്കം കോലും ഖരം, ദൂഷണ, മിതമൊട്ടു മാ-
രീച, മെന്നായിദാനീം
നീക്കം ചെറ്റില്ല നേരേ ദശരഥസുതനോ-
ടാരെതിൎക്കുന്നതോൎത്താൽ?
ഇരുപതു ചെവികൊണ്ടും മദ്ധ്യമാനാൎണ്ണവത്തോ-
ടൊരുപൊരുമൊരു ഘോഷം കേൾക്കുമാറുണ്ടശങ്കം.
തിറവിയ രഘുനാഥജ്യാനിനാദം തദാനീ-
മറിവു മുഴവനുണ്ടാം നല്ലതും തീയതും തേ.

ഇങ്ങനെ പ്രസന്നഗംഭീരങ്ങളും പ്രൌഢോജ്ജ്വലങ്ങളുമായ ഗദ്യപദ്യങ്ങളെകൊണ്ടു സമ്പൂൎണ്ണമായ ഭാഷാചംപൂഗ്രന്ഥങ്ങളിൽ അപരിചിതന്മാരായ ഭാഷാഭിമാനികളെ ഭാഷാസാഹിത്യവനിതയുടെ സൌന്ദൎയ്യദൎശനത്തിൽ അന്ധന്മാരെന്നുതന്നെ പറയേണ്ടതാകുന്നു.

തൃപ്പൂണിത്തുറെ ഈടുവയ്പു ഗ്രന്ഥശാലയിൽനിന്നു കിട്ടിയതും, ഇരുപതിലധികം ഭാഷാപ്രബന്ധങ്ങൾ അടങ്ങിയതും, വളരെപ്പഴക്കം ചെന്നു ദ്രവിച്ചു തുടങ്ങിയതുമായ ഒരു താളിയോല ഗ്രന്ഥമാണ് ഇവയുടെ മാതൃക. അതിലെ കയ്യെഴുത്തിന്റെ അവ്യക്തതകൊണ്ടും ഏടുകളുടെ പഴക്കംകൊണ്ടും ലേഖകപ്രമാദംകൊണ്ടും ഇതിൽ അച്ചടിത്തെററുകൊണ്ടും അവിടവിടെച്ചില അബദ്ധങ്ങൾവന്നിട്ടുള്ളതിനു വായനക്കാരോടു ക്ഷമായാചനം ചെയ്കയല്ലാതെ ഗത്യന്തരമില്ല.

സംസ്കൃതപണ്ഡിതന്മാരല്ലാത്ത സാധാരണ വായനക്കാൎക്കു ഭാഷാകാഠിന്യം നിമിത്തം അൎത്ഥം മനസ്സിലാവാൻ പ്രയാസമുള്ള ഭാഗങ്ങളിൽ ഓരോ ചുരുങ്ങിയ വ്യാഖ്യാനവുംകൂടി പുസ്തകങ്ങളുടെ ഒടുവിൽ കൊടുത്തിട്ടുണ്ട്. ആ വ്യാഖ്യാനമെഴുതുന്ന അവസരത്തിൽ പല ശ്ലോകങ്ങളുടെയും അൎത്ഥത്തിൽ എനിക്കുണ്ടായ സന്ദേഹങ്ങളെ പരിഹരിച്ചു സഹായിച്ചു തന്ന സംസ്കൃതപണ്ഡിതർ ബ്രഹ്മശ്രീ പി. എസ്സ്. അനന്തനാരായണശാസ്ത്രികൾ അവർകളോടും, വ്യാഖ്യാനം എഴുതുവാൻ സഹകരിച്ച മലയാളപണ്ഡിതർ മ. രാ. രാ. പി. കൃഷ്ണൻ

ഏളയത്തു് അവർകളോടും, വിദ്വാൻ മ. രാ. രാ. ജി. ശ ങ്കരക്കുറുപ്പ് അവർകളോടും എനിക്കുള്ള ജ്ഞാനാനുബന്ധ ത്തെ കൃതജ്ഞതാപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊ ള്ളുന്നു.

ഈ കമ്മററിയിൽനിന്നു് ഇതുവരെ പ്രസിദ്ധപ്പെടു ത്തിട്ടുള്ള പലപുസ്തകങ്ങളെയും, കമ്മിററിയുടെ നിർദ്ദേശം അനുസരിച്ച യഥാവസരം ഭംഗിയായി അച്ചടിച്ച തന്നി ട്ടുള്ള 'മംഗളോദയം' അച്ചുകൂടം, 'രാമാനുജ'മുദ്രാലയം ഇവയുടെ ഭാരവാഹികളോടു് ഈ കമ്മററിക്കുള്ള മൈ ത്രിയേയും ഈ അവസരത്തിൽ സാദരം പ്രകാശിപ്പി ക്കുന്നു.

ഭാഷാപരിഷ്കരണ കമ്മിററി ആപ്പീസ്. ൧൧൦൭—വൃ—൧൦൩. } കെ. പരമേശ്വരമേനോൻ. പണ്ഡിതർ.

# ശുദ്ധിപത്രം.

| ഭാഗം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 11 | 5 | കവിളുക | കവികളു |
| 16 | 13 | എല്ലാക്കും | "എല്ലാക്കും |
| 17 | 9 | തങ്കലിക്കാച്ചതേ | തങ്കലേകാച്ചതേ |
| 19 | 6 | ദ്രുമശ്ച | ദ്രുമാശ്ച |
| 21 | 2 | പോകെന്നു | പോകെ'ന്നു |
| 23 | 9 | മനുജേന്ദ്ര | ദനുജേന്ദ്ര |
| 25 | 20 | സന്ത്രാസയാന്നിവ | സന്ത്രാസയന്നിവ |
| 31 | 15 | സ്സുന്ദശുദ്ധി | സ്സുന്ദിശുദ്ധി |
| ,, | 16 | പൌരാഗനാ | പൌരാംഗനാ |
| 32 | 17 | സ്തത്ത്വ്യാ | സ്മത്ത്വ്യാ |

# രാമായണം.

## പ്രബന്ധം.

### വിച്ഛിന്നാഭിഷേകം

ഹരിഃ ശ്രീഗണപതയേ നമഃ.

നാരായണൻ മനസി വന്നു വസിക്കിലപ്പോൾ
ദൂരത്തു പോം ദുരിതസന്തതി വല്ലവന്നും
ശ്രീരാഘവേ ഗിരിമുപേയുഷി ചിത്രകൂടം
നേരേ മുനീന്ദ്രഭയസന്തതിയെന്നപോലെ. ൧

ശ്രീരാമാദ്യൈസ്തനൂജൈരഭിമതവരദാ-
　　രാന്വിതൈസ്സ്വൈസ്സ്വദാരൈ-
സ്സ്വൈരംനാളൊന്നു ചെല്ക്കം നയമുടയ സുമ-
　　ന്ത്രാദിഭിർമ്മന്ത്രിജാതൈഃ
വാരം വാരം വളൎന്നീടിന പരമസുഖാം-
　　ഭോനിധൌ മുങ്ങി നീന്തി
പ്പാരം കാണാതവണ്ണം ദശരഥനഥ സം-
　　കേതപുഷ്ടാം നൃപാതസിൽ. ൨

താവും മന്ദാക്ഷരാഗോദയസുമധുരയാ-
　　രാജപുത്ര്യാ തയാ ചേ-
ന്നാവിർപ്രീതം പ്രമോദാമൃതജലധിതരം-
　　ഗേഷു സംക്രീഡമാനം

ലാവണ്യോദ്രേകപൂൎണ്ണത്തരുണിമരമണീ-
    യാകൃതിം മെല്ലെ മെല്ലെ
സ്സേവിച്ചു രാമചന്ദ്രം തെളിവിലവസരം
    പാൎത്തു രാജാ രസാനാം. ൩

കുതുകചകിതരാഗവ്രീളദോളായമാനാം
ത്രിഭുവനമധുരാംഗീം ത്രസ്തസാരംഗനേത്രാം
ജനകദുഹിതരം താം പ്രേയസീം മന്ദമന്ദം
മനുകുലമണിമാലാബാലികാമാനനൈഷീൽ. ൪

ഉത്സംഗേ ചേൎത്തു ബാലാം കഥമപി സവിധം
    പ്രാപിതാമാളിവൎഗ്ഗൈ-
രത്യന്താമാക്ഷരം കോമളകരതലസം-
    വീതബിംബാധരോഷ്ഠം
വക്ത്രം മന്ദാക്ഷനമ്രം പലമരി വലമാ-
    നം തുലോമംസഭാഗേ
ഹന്തൈനോന്നാമ്യ ചുംബൻ നവമദനരസാ-
    നനുഭുഞ്ജന്മന്ദമന്ദം. ൫

മനസികനമുലാവും വ്രീള കണ്ണാണ്ടുപോന്നി
ക്കതകരികിൽ മറഞ്ഞിട്ടാസ്ഥിതാം മുഗ്ദ്ധഗാത്രീം
മൃദുഹസിതസുധാബ്ധൌ ചാടി നീന്തിക്കളിക്കും
മധുരമധുരവാചാ രാമചന്ദ്രോ ബഭാഷേ. ൬

“സുരതമലരിലെന്നും ചാരുവൃന്താനിലുദ്യൽ-
പരിമളമിളകീടും ദിവ്യമാധുൎയ്യസീമേ!
ഉരസിജകലശാഭ്യാം ദൂരെ നില്പാൻ വന്നി-
ടരികിലലസനേത്രേ മാരഖിന്നോ ജനോയം.” ൭

നറുമലർചരകാന്തം കാന്തമാലോകയന്തീ
നിരുപമകമനീയാം വാചമാകർണ്ണയന്തീ
പരവശഹൃദയാ സാ നിന്നുകൂടാഞ്ഞു മെല്ലെ
പരിസരഭുവി ചെന്നാള്ളാകുലം കമ്രഗാത്രീ. ൮

ഇമാമാകാംക്ഷേഹം കിമപി പ-
രിരബ്ധും പ്രണയിനീം
ശനൈരാരോപ്യാങ്കം സ്മരകുതു-
കലജ്ജാപരവശാം
ഇദം പൂർവ്വപ്രോദ്യൽപ്രചുരപു-
ളകോത്സ്ഥമരാലന-
സ്തനാഭോഗാം ബാലാമുരസി സ-
ദയം നിർദ്ദയമപി. ൯

“സുന്ദരാംഗി! സകൃദസ്മദംഗകേ
മന്ദമർപ്പയ ദൃശോൎഗ്ഗതാഗതം.
നന്ദതു പ്രതിനവോല്ലസൽസ്രജാ
മണ്ഡനേന സുഭഗോ ജനോ ഹ്യയം. ൧൦

ആവോളം താഴ്ത്തി വക്ത്രം നിബിഡിതലജ്ജിതോ-
ത്ഭദയം ഭീരു! കൈത്താർ
നീവിക്കെത്തിങ്കൽ നന്നായ് നിഭൃതതരമുറ-
പ്പിച്ചു നിശ്വാസഖിന്നാ
മേവുന്നു കാണ്മിതെന്തിന്നൊരു പിഴയൽ തിര-
ണ്ടേതുമീ സാഹസം ഞാൻ
ഭാവിച്ചീലെത്ര കഷ്ടം പുനരിതു ചിരിയാം
പേടി നിർമ്മൂലമല്ലോ. ൧൧

ഉത്സംഗോയം വിപുലജഘനേ!
ഭൂഷയസ്വൈഷ പാണിഃ
സംവാഹായ സ്പൃഹയതി ശനൈ-
രർപ്പയസ്വാത്ര പാദൌ
വക്ഷസ്യസ്മിന്നപി ച കുചയോ-
സ്സ്വൈരമാരോപ്യ ഭാരം
സത്താസത്താലിഖിതവിഭവം
മദ്ധ്യമുല്ലാഘയസ്വ. ൰൨

കിം മുഗ്ദ്ധം മുഖപങ്കജം നമയസേ
നിഷ്കാരണം ബാലികേ!
ഗാത്രം മേ ശിശിരീകുരുഷ്വ മധുര-
സ്നിഗ്ദ്ധൈരപാംഗാർപ്പണൈഃ
സ്പ്രഷ്ടും ത്വാം സ്പൃഹയാമി ഗാത്രമഖിലം
പാണിദ്വയേനേതി മാ-
ഭീതിർഭൂദ്ദരസാ വരാംഗി! ന പരം
ദ്വാവേവ വക്ഷോരുഹൌ. ൰൩

സോഢുമലമസ്മി നാഹം
സുന്ദരി! തൂഷ്ണീം തവാസികാമേനാം
പഞ്ചശരാസ്ത്രഹതം മാം
സഞ്ജീവയ ചാരുഗാത്രി! പരിരംഭൈഃ. ൰൪

ആസ്താം തച്ചടുലമൃഗാക്ഷി! മന്യസേ ചേ-
ദാശ്ലേഷസ്തനഭരയോരതിപ്രസംഗഃ
ഏതൌ മേ മധുരസുധാമുചാ സതൃഷ്ണൌ
വാചാ വാ ശിശിരയ വൽഗുവാണി! കർണ്ണൌ” ൰൫

കിമപികിമപി വിടീമല്പ്പയന്നപ്യനിച്ഛോ-
വിദധദനുനയോക്തൈരന്തരാശപാസപൂരം
മുഹുരപി കരപത്മേനാമൃശന്നന്തരാംഗം
ക്ഷണമതനുത വിസ്രംഭോന്മുഖീമേഷ സീതാം. ൧൬

വിണ്ണോർപാളീവിമാനാവലി കഴൽപണിയും
കേളീസൌധേഷു മേളം
മിന്നും പൂന്തേൻമണം ചിന്തിന വിമലമല-
ക്കാവിലും ജാതലീലം
സ്വർണ്ണാംഭോജന്മമാധ്വീപരിമളമിടചേ-
ർന്നോളമേന്തും നളിനാം
പുണ്യാനാം വാരിപൂരങ്ങളിലുമനുദിനം
പേശലാംഗ്യാ സരമേ. ൧൭

പാരിലെങ്ങുമിടതിങ്ങുമാറു മുകിൽമാല-
കൊണ്ടലമിരുണ്ടു വൻ-
മാരിപെയ്യോരു മണം കലർന്നിയലുമാടി
മാസദിവസാഗമേ
സൈപരമാന്ന ചില മച്ചകങ്ങളിലടച്ചു
പുക്ക ജനകാത്മജാ-
വാരിജാംകുചഭരം പുണർന്നു ദൃഢമനപ-
ഭൃന്മനസിജോത്സവാൻ. ൧൮

വിഗ്രഹാച്ച ശയനെ പരാങ്മുഖീം
നാനുനേതുമബലാം സ തത്വരേ
ആചകാംക്ഷ ഘനശബ്ദവിക്ലബാം
താം വിവൃത്യവിശതീം ഭുജാന്തരം. ൧൯

പഞ്ചസായകപരാക്രമം ജഗതി കൈവ-
ളർത്തു കുളുർവെണ്ണിലാ-
വും ചൊരിഞ്ഞുദിതചന്ദ്രബിംബകമനീയ-
ശാരദനിശാന്തരേ
മഞ്ജുവാണിയൊടു ചേൎന്നു കൊണ്ടതുലകേളി-
സൌധമണിമന്ദിരോ-
ദഞ്ചിതാമമലചന്ദ്രികാമനുബുഭൂവ
ഭൂവലയചന്ദ്രമാഃ. ൨൦

ശീതളീകൃതദിഗന്തരാളമിടചേരു-
മാറൊരു ഹിമം ചൊരി-
ഞ്ഞുമൊന്നു തിരിയാത്തവാറുലകിടം നി-
റഞ്ഞ തുഹിനാഗമേ!
പ്രീതിപൂണ്ടു മനുവംശമൌലിമണി മാര-
വീരകുലദേവതാ-
മേദുരോഷ്മളമുലത്തടങ്ങൾ മൃദുകെല്പു-
ണ്ണന്നു രതിമേയിപ്പാൻ ൨൧

കേളിപ്പൂങ്കാവിലസ്സും ചിലകുറി മടിയിൽ
ച്ചേൎത്തു മോദേന സീതാം
ബാലാമാളീകരാന്ദോളിതഫലകമഴി-
ഞ്ഞൂയലാട്ടം ദശായാം
ചേലാൎന്നുന്മുക്തപാശാൽ കപടപതനസം-
ഭ്രാന്തി ഭാവിച്ചു മദ്ധ്യേ
ലീലായാമേമൽതൻ കോമളഗളഭുവി വേ-
ഗേന ഗാഢം പുണൎന്നാൻ. ൨൨

കണ്ഠാസക്തഭുജമ്മൃണാളയുഗളം-
        പാദാഗ്രയോരാകുലം
രണ്ടും വെച്ചണികാൽത്തലങ്ങളഴകോ-
        ടുത്താനിതാസ്യാംബുജാ
കൊണ്ടാടിപ്പൂലരിക്ക കേളിശയനാ-
        ദഭ്യുത്ഥിതം പൂണ്ടുകൊ-
ണ്ടുണ്ടാഃരാമലിഃക്കുമാറു പിരിയു-
        ന്നോരഃത്താരാച്ചുംബനം.        ൨൩

ഇത്ഥമഞ്ചിതസുഖാനി മറുമയമക്-
        വംശമണിപീംവി-
ന്യസ്തമൌക്തികവതംസരത്നമതിനി-
        സ്ഥലന്യ്രനബഭ്രൂപിവാൻ
ഇത്രിലോകവലയൈകസുന്ദരിയോടങ്ങു
        സീതയൊടു ചേൻറുകൊ-
ണ്ടുൾത്തെളിഞ്ഞുനിജ രാജധാനിയിൽ മന്നാംക-
        ളൻറു ശുശ്രൂഭേതരാം.        ൨൪

രാമങ്കൽ കണ്ട തേജോമഹിമ നിജതനൌ-
        പോന്ന പാക്കം ജരാമ-
പ്യാമോദശ്രീവിരിഞ്ഞിടുന്ന കമലവനേ-
        ചന്ദ്രികാമെന്നപോലേ,
പാർത്ഥന്നും കാത്തുനില്ക്കുന്നവനെ നിജമഹീ-
        മന്ത്രരക്ഷക്ക കല്പി-
ച്ചാരന്ദം വിശ്രമിപ്പാൻ മനസി കൊതികൊള്ളു
        ന്നീമഹീപാലമൌലേഃ.        ൨൫

ആരാൽവിളിപ്പിച്ചഥ മന്ത്രിവൃദ്ധാൻ
പാരംഗതാൻ നീതിമഹാംബുരാശേഃ
നേരേ വസിഷ്ഠം ച പണിഞ്ഞിരുത്തി
സ്വരാട്സഭോ വാചമുവാച രാജാ. ൨൫

"കല്യാണം ചേർത്തു മേന്മേലഖിലതനുമതാം
പൂർവ്വഭൂപാലകന്മാ-
രെല്ലാരും മേ പുകൾപ്പൂമ്പരിമളമുലകി-
ലേഴിലും പെയ്തുദാരം
കല്യാഭോഗം തുലോം നാളവനിയെ മുഴുവൻ
കാത്തു വിഖ്യാതശൌര്യം
സ്വല്ലോകക്ഷേമസൌഖ്യശ്രിയമനുഭവിത്തും
ദേവഭൂയം ഗതാസ്തേ. ൨൬

ക്ഷോണീം വാടാതവണ്ണം പരിചൊടു പരിപാ-
ലിച്ചു പുത്രങ്കലാക്കി
ക്ഷീണത്വം വന്നണഞ്ഞാൽ വിപിനഭുവി വസി-
ക്കേണമേ ജാതിധർമ്മം
നീണാൾ ബാല്യംതുടങ്ങിട്ടവരെയനുസരി-
ച്ചെന്നപോലേ ധരണ്യാം
വാണേൻ ഞാനിന്നി വിശ്രാന്തിസുഖമനുഭവി-
ക്കേനുവേണന്നതിമ്മേ. ൨൭

എപ്പോഴിജ്ജര വന്നു ഗാഢമുടലിൽ-
പറ്റി മദീയേ ബലാ-
ലപ്പോൾ കാന്തിരുഷേവ പോയ വഴിയിൽ
പുല്ലും മുളച്ചീടുമോ?

കെൽപ്പും കേവലമിന്നു ലോകബാഹ്യമാ-
നപ്രായമായി നമു-
ക്കിപ്പോൾ വാഞ്ഛിതമിന്നു രാജ്യഭരണം
രാമങ്കലാക്കിടുവാൻ.” ൮൯

ശ്രുത്വാ ഗിരം തദനു കർണ്ണസുധായമാനാ-
മുദ്യൽപ്രസാദവദനാസ്സചിവോത്തമാസ്തേ
ഭക്ത്യാഭിനമ്യ നൃപതിം ജയസാധുശബ്ദൈ-
രുത്താലമോദതരളൈരമുമഭ്യനന്ദൻ. ൯൦

ആമോദകൌതുകഭരോത്തരളം ജനാനാ-
മാപൂരയൽ കമപി ഹന്ത മനോവികാരം
രാമാഭിഷേകമഹിതോത്സവമെന്നു വേണ്ടാ
കീഴ്മേൽ നിറഞ്ഞുലകിടങ്ങളിലൊച്ചകൊണ്ടു. ൯൧

സംഭാരമോരോന്നു വസിഷ്ഠവാചാ
സംപാദിതം പൌരജനൈരതന്ദ്രം
സംഫുല്ലമല്ലീമധു കണ്ടു മണ്ടും
വണ്ടിണ്ടപോലേ ജനമാർത്തണഞ്ഞു. ൯൨

ആനന്ദബാഷ്പവിസരോ വദനേ പ്രജാനാ-
മാവിർബഭൂവ മകരന്ദ ഇവാരവിന്ദേ
രാമസ്യ കാന്തിമഭിഷേകദിനേ ഭവിത്രീം
പ്രക്ഷാള്യ ചക്ഷുരിവ വീക്ഷിതുമാദരേണ. ൯൩

ശ്രീരാമചന്ദ്രനെ വിളിച്ചരികത്തിരുത്തി-
ട്ടാരൂഢമോദമിതി വാചമുവാച രാജാ
“ഭാരം നിധായ മമ ഭൂഭരണം ത്വയാംസേ
സ്വൈരം വസിപ്പതിനതീവ കുതൂഹലി ഞാൻ”

സീമാതീതം ധരണിവലയം-
വാസിനാം ദേഹഭാജാ-
മാമോദാംഭോനിധിമധികമു-
ച്ചാലയന്നുജ്ജ്വലാത്മാ
കാമം തത്ര പ്രഥിതമഹിമാ
രാമചന്ദ്രാഭിഷേക-
ശ്രീമന്നാമാ സ ഖലു ശുശുഭേ
പൂൎണ്ണപീയൂഷധാമാ. ൨൭

ഗദ്യം ൧. ഹര ഹര ശിവ ശിവ പുകഴരുതോത്താലഭിഷേകോത്സവമഹിമവിശേഷാൻ— പുരവരമൊക്കെ നിറക്കെയടിച്ചങ്ങഭിനവഹിമസലിലഃലഷു കലക്കം മൃഗമദപങ്കംകൊണ്ടു തളിച്ചപ്പുറമതുമൊഴിമാർ വരിയിട്ടഴകൊട്ടമെഴകി വിചിത്രം പൂപ്പടയിട്ടണി പട്ടവിതാനപ്പണിയും തീൎന്നു; കർപ്പൂരത്തിരി പലവു നിരത്തി കനകവിളക്കുകൾ നിളെത്തൂക്കി ധരണീന്ദ്രാണാം തരമേ കാഞ്ചനകൈനിലകളുമങ്ങനവധി തീൎന്നു; ചത്വരവിഥികളരചർ പെരുന്തെരുവത്തുമുടയ നടക്കാവുകളെന്നിത്യാദികളിൽ വിശുദ്ധി വരുത്തി ക്കലിതവിതാനം കനിവിലൊരോരോ കാഴ്ചകൾ കാണ്മാൻ കമലാക്ഷീണാം കനകത്തറകളിതനവധി തീൎന്നു; വേശഗൃഹങ്ങളിലരിയ വിഃനാദം; കുറികളുമച്ചും കുരുൾനിരചേൎത്തും മാലകൾ കോൎത്തും താലികൾ തീൎത്തും പത്തിക്കീറുകൾ പലവ ചമച്ചും മുത്തുക്കോപ്പുകൾ പന്തി തിരിച്ചും പൂന്തുകിൽ നല്ലതെട്ടുത്തു ഞെറിഞ്ഞും കാന്തരൊടിടയിൽ വഴക്കു പറഞ്ഞും ഭൂഷണജാലം പുതുമപെട്ടു

ത്തും ദൂഷണമുള്ളതു പാൎത്തും തീൎത്തും പൊൻമണിമാല കൾ വെണ്മപെരുത്തിയു മംബുജസായകവൻപു വളത്തും പുരികുഴൽ ചീകിയുലൎത്തിത്തിരുകിയു മണിനയനങ്ങളിലഞ്ജനമെഴുതിയു മവരവർ വൈകരുതെന്നു പറഞ്ഞും പല പല വാദ്യമതിടയിൽ മുരണ്ടു കവിളുകമന്ധത പൂണ്ടു നടന്നു; പാംകജാതികൾ മൂളിയണഞ്ഞും സാരതക്കൂട്ടം ചമയമിയന്നും പരമാശ്ചൎയ്യം പറവാൻ വല്ലേൻ; സകലജനാനാംമുകളിൽ താവിന കൌതുകമുണ്ടോ വിവരിക്കാവൂ; "ജയ ജയ നരവര നന്നിതു തോന്നിയതെന്നു കേചന; ഗുണഗണമോടൊന്നഴകൊടു കണ്ടാലണിമുടി ചേൎപ്പാൻ തോന്നാതോ പുനരെന്നു കേചന; നട്ടപനമ്പഴമുണ്മാൻ കൎമ്മം വന്നു ദശരഥനെന്നുകേചന; പനയെന്നെന്നു പറഞ്ഞീടുന്നതു കല്പകവൃക്ഷം കാച്ച നറുംപഴമത്രേ നൂനമിതെന്നുകേചന; നല്ല നയജ്ഞൻ വിനയവുമുണ്ടിവനല്ലൽ കെടുക്കം പ്രജകൾക്കെന്നു പറഞ്ഞു കേചന; പീഡിപ്പിട്ടമിതെന്നുമാരും പേടിക്കേണ്ടാ വത്സന രാമന വത്സലഭാവം പാരം പ്രജകളിലെന്നുകേചന; അഹിതമയമേതും ശങ്കിക്കേണ്ടാ ബഹുമതി രാമനിലനുജന്മാൎക്കും പാരമിതെന്നു പറഞ്ഞു കേചന; മാത്സൎയ്യത്തിനു വിളനിലമായതു നാരികളല്ലോ വത്സന്മാരെയകററും ജനനികളെന്നുകേചന; രാമനെ ഞാൻ ഞാൻ പെററതിതെന്നവർ മൂവൎക്കും നിനവെന്നുകേചന; കരളു പറഞ്ഞിട്ടമ്മി പറഞ്ഞും ചെറുമികളൊന്നു പിണക്കം നിൎണ്ണയമെന്നുകേചന; നാലരു

മൈക്യം പാരം തങ്ങളിൽ വേലപിണങ്ങപ്പാനെന്നുകേചന; മകുടം മുടിമേൽ ചേൎത്തിഹ കാണാഞ്ഞിടനില പാരമിതെന്നുകേചന;" ബഹുവിധമേവം വാൎത്തപറഞ്ഞാ ഗ്രാമങ്ങളിൽ നിന്നാശു പുറപ്പെട്ടുഴറി നടന്നു ഭൂസുരസംഘം; "അഭിഷേകോത്സവമഴകൊടു കാണാം പണവും കിട്ടും മൃഷ്ടാഷ്ടിയുമുണ്ടെന്നു പറഞ്ഞും ഞാനോ പണ്ടിത്തു കണ്ടിട്ടില്ലേ. പണ്ടിതു കണ്ടവരാരിന്നുള്ളതു? പതിനായിരമാണ്ടുണ്ടഭിഷേകം പണ്ടുണ്ടായീതെന്നെന്നച്ഛൻ ചൊല്ലിക്കേൾപ്പൂ. സുമന്ത്രരിതിടയിൽപേൎത്തില്ലെങ്കിൽ പട്ടോലയുമില്ലെന്നു വരേണ്ടൂ. എന്തിനിതെല്ലാം പണവും ചോറും കിട്ടും നിയതം. ജനനത്തിന്നാൾ ചെന്നിലിഞ്ഞാൻ. പേരിടുകഷത്തുടങ്ങീട്ടിന്നാൾ വേളിയൊളും ചെന്നെത്തിക്കൊണ്ടേൻ. നന്നാലഞ്ചരവിദാനം കിട്ടി. മുമ്പേചെന്നാൽ കലശജപത്തിനു ചാൎത്തിക്കാമോ? കലശം കലശമിതെന്നു ജപിപ്പാൻ കൊള്ളാം നമ്മെ. പഞ്ചാക്ഷരിയും ചൊല്ലരുതാതോരോത്തന്മാരൊടുകൂടെച്ചെന്നാൽ ചാൎത്തിപ്പിട്ടുമിരോ"ന്നു പറഞ്ഞു നടന്നുകേചന; മറ്റൊരു പരിഷകൾ "ജ്യോതിർവ്യക്തി സ്തംഭം കുംഭം ഘടപടലൂതാ തന്തുവ്യഞ്ജനാക്ഷരഗോശബ്ദങ്ങളുമിത വിയദഭിധമബാധിതമ"ക്കൂട്ടവുമിത്തര മുച്ചൈരുൽഘോഷിച്ചും പ്രത്യക്ഷാദികൾകൊണ്ടു പിണങ്ങിയുമാത്മപടുതപബലം പ്രകടിപ്പിച്ചും നിജ നിജ സിദ്ധാന്തങ്ങളുരച്ചും കൎക്കശതൎക്കികരോടു കയൎത്തും യുക്തികൾകൊണ്ടഥ ഖണ്ഡിച്ചും ചില ഭട്ടാരകഗണമുഴറി നടന്നു; മറ്റൊരു പരിഷകൾ മിശമൊന്നുകളോൾക്കൊമ്പും കാളം

കുരുൾനിര കൈനഖശില്പം കണ്ണാടികളും കണ്ടേ വര
യം പൊൻ കെട്ടീടിന പിച്ചാങ്കത്തികൾ വേശ്യാമോഹ
നായന്ത്രവിശേഷം വെളുവെളെ വിലസിന പൂണൂലും ചി
ല തൊട്ടുകറിമെള്ളവുമിത്ഥമോരോന്നനവധി പൂണ്ടും, പു
ടവഞെറിഞ്ഞുളുമംഗി വരുത്തിപ്പുനരപി പുനരപി മുപ്പ
ത്തുവട്ടമഴിച്ചുമുടുത്തും പൃഷ്ഠം കാണ്മാൻ കഴിവില്ലാഞ്ഞു
വല്ലഞ്ഞു പിരിഞ്ഞൊരു കൃഷ്ണമൃഗത്തിൻ കൊമ്പു കണ
ക്കെ ഝടിതി ചമഞ്ഞും, നിഴലിൽ തെരുതെരെ നോ
ക്കിക്കണ്ടും കുറിയുടെ ചുറ്റും വെള്ളം കൂട്ടി നനച്ചു തുട
ച്ചും, വെള്ളം പെറുടനെത്തിടാസ്സിൽ തുപ്പൽ പിരട്ടി
ട്ടിടയിൽ നനച്ചും, മുമ്പിൽ കാണും പച്ചപ്പടലു വലിച്ചു
തിരുമ്മി വടിച്ചൊരു തിലകം തൊട്ടും കണ്മയ്യർ പാതി
മിഴിച്ചും നോക്കിയുമോമനകൊണ്ടൊരു നിസ്പൃത തടവി
ക്കൊഞ്ചിക്കൊഞ്ചിക്കിമപി പറഞ്ഞും, ബഹുകുതൂഹലമ
ൾശ്ലോകം വൃത്തവിഹീനം കോഴപിരട്ടിക്കാടോയ്ച്ചൊല്ലി
യുമങ്ങേ ചിലചില നഖരേഖകളും നോക്കുന്നോരം കാണാ
ഞ്ഞിട്ടുഞരിശപ്പെട്ടു കളത്രത്തോടച്ചിരവപ്പട്ടു ചിരട്ട
പ്പൊളിയെന്നിത്യാദികൾ കൊണ്ടൊക്കെ വച്ചു പൊ
ളിച്ചുമിവണ്ണം ജള്ളതകൾ കാട്ടിക്കാമുകനിവഹവുമുഴറി ന
ടന്നു. പരലും പലകയുമെഴനെള്ളിച്ചു തെളിഞ്ഞു വസി
ച്ചും പരലുനിരത്തിയതൊക്കെ പ്പൂത്തു പരൽപ്പേരിന്നോ
രുബാധവരാതേ കാട്ടുകളായ്ച്ചിലപേരുകളിട്ടു വരച്ചു വ
രച്ചും പ്രശ്നം വെച്ചുളു പലവു നിനച്ചും, "ശസ്ത്രത്തിങ്കൽ
ഗുളികൻ വന്നു. ലഗ്നാധിപനും കൂടെച്ചെന്നു. വിരയെ
മരിച്ചീലെങ്കിൽ ജീവിക്കും ചില ദിവസമിതെന്നും, പ

ഞ്ചമമുടയവനന്ത്യേ പോയി, ഗ്രഹവുണ്ടവിടെ സ്ഥിതി ചെയ്യുന്നു. ആയുസ്സുള്ള ചെറുക്കൻ പെറുകിൽ സന്തതിയെന്നതു നിസ്സന്ദേഹം." ജാതകമോത്തു വരുത്തുന്നേരം പല പല യോഗം കണ്ടു തെളിഞ്ഞും മാളവിയോഗം, കേസരിയോഗം, ധുരുധുരയോഗം, ബന്ധനയോഗം, നിദ്ധ്നയോഗം, വിഘടനയോഗം, ഭ്രാമകയോഗം, മസ്കരിയോഗം, തസ്കരയോഗം, വിഗ്രഹയോഗം, നിഗ്രഹയോഗം, പ്രമല്ലായോഗം, പ്രബലായോഗം, കമലായോഗം, വിമലായോഗം, മററുമോരോന്നേ പാർത്തുതെളിഞ്ഞും, പ്രശ്നപ്പാർത്തുകൾ, നാഴികവട്ടക, നാരായവുമച്ചീനക്കണ്ണും പരൽ പൈക്കളുംയുമോലക്കെട്ടും കയ്യിൽച്ചേർത്തുടനപശബ്ദത്തിലപശ്രുതിമിത്രജ്യാക്കളുമുരുവിട്ടന്യോന്യം ചില വാർത്ത പറഞ്ഞും, "ഹന്തനിമിത്തം നന്നല്ലൊട്ടും മുട്ടിപ്പോകും നിണ്ണയമത്രെ." "പെരിയ വസിഷ്ഠാദികളുടെ കല്പന മുട്ടിപ്പോകാനെന്തവകാശം?" "പംക്തിരഥാജ്ഞ നിലിമ്പന്മാക്കും വന്ദിക്കേണം നിണ്ണയമത്രെ." "ലക്ഷണശാസ്ത്രം ചുട്ടുകേവേണ്ടു, വിഘ്നമിതിന്നിഹ വന്നില്ലെങ്കിൽ?" പല തരമേവം ഘോഷിച്ചീടും പ്രാശ്നികനിവഹം കഥചന ഭാഗേ; മററൊരു പരിഷകൾ പൃക്കച്ചയുമപ്പൂത്തൊപ്പാരവു മഴകൊണ്ടുകെട്ടിക്കൈക്കത്തോലിട്ടു കടുത്തിലവാളും പരിചപരശുധമെന്നു തുടങ്ങുന്നായുധജാലമെടുത്തുപിടിച്ചു മിടുക്ക പറഞ്ഞും, "ചേകം ചാർത്തുംനേരം ചെമ്പാലരിയും പണവും കിട്ടുമിതെന്നും, ദിക്ക്ജയിപ്പാനെഴുനള്ളുമ്പോൾ ചെക്കൻ ചെറുതു കളിക്കുമിതെന്നും, മാ

ററാരില്ലാനാട്ടിലിരിക്കും നായന്മാക്ക് കുളപ്പടയെന്നിപ്പ ടകണ്ടാമോ? ഒന്നിപ്പെല്ലാം വെറുതെയായി, വകയും വഴിയെ കിട്ടിക്കൂടാ; വാളുകൊട്ടത്താൽ കാളുകൾ കൊള്ളാം. അടവുഴവുഴതാൽ തിവതം കഴിയും;" ഇങ്ങിനെ പലവക വാത്ത പറഞ്ഞും നായന്മാരുണ്ടതെത്താരുഭാഗെ; മറെറാരു പരിഷകൾ കൂകിവിളിച്ചക്കുറുവടിയുംകൊണ്ടൊക്കൂടി, "പണവും പൊന്നും പ്രാമ്മക്കത്രെ; ചോറു നമുക്കും കിട്ടും ചെന്നാൽ. ഉണ്ണിപിറന്നതുനത്തിച്ചിട്ടച്ചക്കച്ചൊന്നൊരു കച്ചകിടച്ചു മററില്ലേലുമിനിക്കു ചിലത്തു വലിച്ചതു കൂട്ടിയുരുട്ടിമുണങ്ങിത്തെരുതെരെ വയറുനിറസ്സാമത്രേ വേണ്ടു." ബഹുവിധമേവം വാക്കപറഞ്ഞക്കുയർ തിമിത്തുണ്ടങ്ങൊരു ഭാഗേ. മറെറാരു പരിഷകൾ മെച്ചില (വെററില) തിന്നും ചുണ്ടുവലിച്ചിട്ടിടയിടനോക്കി പ്പെരുവഴിനിറയുമിഞ്ഞതുനോക്കി "ചേക്കോട്ടച്ചിമൂക്കുകടിച്ചു, നീക്കം വാരാ നന്നല്ലേതും, കേട്ടതു നിന്നുയമിപ്പോൾച്ചിപ്പ്? നിന്നറിയാതോർ ചെന്നു കെട്ടുമ്പോൾ" എന്നു പറഞ്ഞപ്പൊരുമികളും പോന്നുഴകിൽ നിറഞ്ഞു. കിം കിം ബഹുനാ പറകിലിതെല്ലാം കീഴ്പെട്ടമത്രെ ശീഷ്ണതിപോലും.

പ്രാരബ്ധസ്ഥിന്നയോദ്ധ്യാനഗരിയിലഭിഷേ-
കോത്സവേ വാദ്യഘോഷം
പൂരിച്ചു വായ്ക്കരൽപ്രൌഢിയൊടിട കലരും
മാറുരമ്മാദിഗന്തേ
നൈപരം വന്നു വിശേഷാലനവധി ഹൃദയ
വിശപലോകക്ഷേമസ്ഥാ
ശ്രീരാമന്താൻ പുരാമംഗലജലധി പിറ-
ന്നോരു നാളെന്നപോലെ.

ശ്രീരാമചന്ദ്രനഭിഷേകകുതൂഹലം വൃ-
ന്ദോത്രുഢവാൻ കിലനൃപാസനമത്യുദാരം
ഓരോ ജനങ്ങളിതുകേട്ടു തെളിഞ്ഞിതേററം
ക്രൂരാശയാ കുടില മന്ഥരയെന്നി ലോകേ. ൩൮

അക്കാലം മന്ഥരാ ബന്ധുരനെററി തിരളും
പത്മിനീവാരിപൂരം
മുഷ്ക്കോടേ സൈരിഭം ചെന്നതിവിമലവിള-
ക്കികലക്കുന്നപോലെ
അഗ്രേ രാമാഭിഷേകശ്രവണജനിതകൌ-
തൂഹലം ക്രൂരവാക്യ-
പ്രക്ഷോഭൈർമ്മദ്ധ്യമാംബാഹൃദയമലർ കല-
ക്കീടിനാളാവതെല്ലാം. ൩൯

എല്ലാർക്കും പ്രായമൊക്കും തവ തനയനൊരു-
ന്നാളിൽ ചേരാ ഹന്ത രാജ്യം
കില്ലില്ലേ വിരസൂഃത ഭവതി വിളിപണി-
പ്രാന്തമായ് വന്നുകൂടും
പാല്ലാരും കേൾ സപത്നിക്കഴകൊടു തിരുമുൽ-
ക്കാഴ്ച വെച്ചാലെടുപ്പാൻ
നിർല്ലജ്ജം നോക്കിനില്ക്കുന്നു ശിരസി കൃതാ
വൈധസീരേഖയല്ലോ. ൪൦

ഗദ്യം ൨. ദശരഥനൃപവല്ലഭേ! ദേവി! പാലേ കു
ടിക്കാവിതെല്ലാരുമോർത്തിടു ഭാഗ്യം കുടിച്ചിടുവാനേവ
നും കൈവരാ രാജപുത്രത്വവും നീതിയും കാന്തിയും

വിഴ്ച്ചവും വിദ്ര്യസം തുല്യമെന്നീടിലും താങ്കൾപോലം ഭാഗ്യമില്ലാത്തയാലോൎത്തുകാണെന്നാന്നഹോ കോസലേന്ദ്രാത്മജാ രാജമാതൃത്വമുൾക്കൊണ്ടു കണ്ടേവർ വണങ്ങുന്നതും യൌവനക്കനവഹം പാൎത്തുനില്ക്കുന്നതും നിങ്ങളെല്ലാരൊരാട്ടം വേല ചൊല്ലുന്നതും നല്ല സൌഖ്യങ്ങൾ കൈക്കൊണ്ടിരിക്കുന്നതും വല്ലതും വേണ്ടവൎക്കൊക്കെ നൽകുന്നതും പാൎത്തുകണ്ടാൽ വെറുപ്പില്ലയോ മാനസേ നിൎണ്ണയിച്ചാലുമെന്നില്ല കിഃല്ലതുമേ ഭംഗിയില്ലെങ്കിലും തങ്കലിക്കാച്ചതേ തങ്കൽ വിഴ്ച ദ്രഢം. മുന്നമയ്യോ വരദ്വന്ദ്വമേതേന ദത്തം ഭവത്യൈ, വനാന്തേഷു രാമൻ നടന്നീടുമാറും ത്വദീയാത്മജന്നാത്മരാജ്യത്തെ നല്കീടുമാറും വരിച്ചാൽ നമുക്കത്ര രാജ്യേ സുഖിച്ചിങ്ങിരിക്കാം" മിതെന്നോതി മെല്ലെ നടന്നീടിനാൾ.

അലഘുപതിതരുധംധാവാതനിഷ്ക്ഷേപദോഷാ-
ദശനിരിവ കഠോരസ്ഫൂൎജ്ജിതമ്ലാംഃഭാദപങ്ക്തേര
അപഹൃതജനസൌഖ്യാന്മന്ഥരാഭേദവാക്യാ-
ദപി ഭരതജനന്യാ ഹന്ത ദൌൎജ്ജന്യമാസീൽ. ൪൮

അന്നേരം ചെന്നുമന്ത്രിച്ചിതു ശഠഹൃദയാ-
കൈകയീ കണ്ണുമ്മലേ
"ധന്യാത്മൻ! മുന്നമെന്തുൾക്കരുളിയ വരയു-
ഗ്മം മറന്നീലയല്ലീ?
ഇന്നല്ലോ രാമനെക്കാനനഭുവി പെരുമാ-
റീടുവാനായ് നിയോഗി-
ച്ചെന്നുണ്ണിക്കാക്കണം നാടഖിലവുമിതി മേ
പ്രാൎത്ഥനാ കീൎത്തിസിന്ധോ". ൪൯

ശ്രവണപരുഷവാണീമേവമാകർണ്ണ്യ തൂർണ്ണം
വിവശതയോടു വീണു വേർ പറിഞ്ഞാലുപോലെ
സവിതൃകുലപതിംസം മോഹമുൾക്കൊണ്ടുനിന്നി-
ട്ടവളോടധികദീനോ വാചമൂചേ മഹാത്മാ.
“കഠിനഹൃദയേ കാന്താരേ പോയ്-
കുമാരനിരന്തസുഖം
കൊടിയ വെയിലും കാറ്റും ഹേമാ-
രിയും സഹതേ കഥം?
ഇടനില വരുത്തീടാസ്സിമ്മേ
പദം തവ കുമ്പിടാം
മട്ടുമൊഴി തനൂജന്നിന്നാ-
ധിപത്യവുമേകുവൻ.” ൪൪

“ഇവ മന്ദഭാഗിനി പെറും ഭരതന്നുരാജ്യ-
ക്ഷേമാധികാരമിയലാതതിലല്ല ഖേദം
രാമങ്കൽ വത്സലതപൂണ്ടു ദൃഢപ്രതിജ്ഞാ-
മാമേ കളഞ്ഞുകളവാൻ മനുവംശകേതോ.” ൪൫

“രാമൻ പൊയ്ക്കൊള്ളുമയ്യോ വിപിനഭുവി ധൃതം
കൌതുകം കൈവെടിഞ്ഞാ-
ണാമോദം ലോകകൌതൂഹലമിതു കളവ-
നിന്നു തന്ന്യാഭിഷേകേ.
കാമം പ്രാണാപഹൻ ഞാൻ തനയവിരഹവും
ധർമ്മഭീത്യാം പൊറുപ്പൻ
കേൾ മാപാപീ കഥം നിർകൃപമിതു സഹതേ
കീർത്തികേടായുഗാന്തം. ൪൬

ഹാ ഹാ മകന്നു തവ നാടഖിലം കൊടുക്കാം
പോകേണമോ വിപിനസീമനി വത്സനിമ്മേ
കൈകേയി രാമനൊടണഞ്ഞു സുഖിച്ചിരിപ്പം-
നീകർമ്മമററിതധുനാ വിധിനാ ഹതോ ഞാൻ. ൪൭

വംസസ്ഥചാം ഭവതു കിഞ്ചന താരവിന്നാം
ഹരായാംഭ്രമശ്ച ഭവനാനി ഭവന്തു ധന്യാഃ
കൈകേയി തസ്യ ശയനായ കഥം ഭവേയു-
സ്തച്ചേതസോപി കഠിനാനി ശിലാതലാനി. ൪൮
നൈവാഭവസ്തമിഹ ശീലവതീഷു കാചി-
ന്നൈവാഭജൽ പിതൃമതാം ഗണനാം സരാമഃ
നൈവാചരാത്മജസുതാനഹ മപ്യനാര്യേ!
നൈവാപരംബു ഭരതേന നമേ പ്രദേയം. ൪൯
വത്സം കഠോരഹൃദയേ! നയനാഭിരാമം
രാമം വിനാ നഖലു തിഷ്ഠതി ജീവിതം മേ
ധാതുർബലാദുപയമസ്തയി ജാതപൂർവ്വഃ
കൈകേയി മാമുപയമം നയതീതി മന്യേ." ൫൦
"അനുപമഗുണഭദ്രേ പുത്രമോഹേന കഷ്ടം
നിനവു മനസി സത്യോപപ്ലവം ചെയ്യമാറോ
അനുമൂഹുരറിവിന്നും ചാരുകീർത്തിക്കുമെങ്കിൽ
കനമഴകിതു കൈക്കൊള്ളേണമെല്ലാരുമേ തേ." ൫൧
"പ്രിയേ കൈകേയി ത്വാം കഠിനഹൃ-
ദയാം വച്മ്യൊരമതീം
പ്രിയാം പൂണ്മാനുണ്ടേ മമ ഗമ-
നമീരാമവിരഹാൽ

അയോദ്ധ്യാമേവായം വനഭുവി
    നടക്കുന്ന തനയൻ
പ്രയാസ്യത്യജ്ഞാതാ തരുഗഹ-
    നശ്ലിഷ്ടമാവൃതഗൃഹാം.” ൭൨

ഭേദങ്ങൾകൊണ്ടുമനുനീതികൾകൊണ്ടുമേതും
ഭേദം വരാഞ്ഞു മനകാമ്പിനു വല്ലഭായാഃ
ആതങ്കമാന്നകമെരിഞ്ഞ നരേന്ദ്രനപ്പോൾ
നീതിജ്ഞനോടഥ സുമന്ത്രരൊടാബഭാഷേ. ൭൩

“ജ്ഞാലംഘ്യമല്ല മമ സത്യമിതോൎത്തുകണ്ടാൽ
നാലം നിമേഷമപി രാമനെ വേറിരുന്നാൽ
കേളെത്രയും പെരികെ രണ്ടുമസഹ്യമെന്നാ-
ലാളല്ല ധമ്മവിഘതിക്കു നയാംബുധേ! ഞാൻ” ൭൪

പെൺചൊല്ലു കേൾക്കമൊരുപേപ്പെരുമാളിതെന്നാ-
ങ്ങഞ്ചാതെ വാൎത്ത, വിളികൊൾകിലുമിന്നു ലോകേ
വഞ്ചിക്കമാറു നിനവില്ല വരപ്രദായം മേ.
കിഞ്ചിൽ സുമന്ത്ര! മരണത്തിലുമില്ല ഖേദം. ൭൫

ആരും വരുത്തിയൊരു സങ്കടമല്ല പാൎത്താ-
ലീരാമനോടു വിരഹം മമ കമ്മമല്ലോ.
നാരായണാ! മരണവും പുനരിന്നിയെത്തും
നേരത്തു നൂനമിതിനുണ്ടു രഹസ്യസാരം. ൭൬

ബാണം ഞാനെയ്തോരുമുനിസുതം
    കൊന്നുപോയി ബലാല-
ജ്ഞാനഭ്രാന്ത്യാ കലശസലിലം-
    പൂരണേ ശബ്ദവേധി.

‘പ്രാണാപായം തനയവിരഹാൽ
    വന്നുപോകെന്നു ശപ്താ-
ക്ഷീണോ വൃദ്ധോ മുനിരതിശുചാ മാം
    വിളിച്ചാബഭാഷേ. ൩൭

‘രാജൻ! മാം വിധി വേശ്യാത്മജമയി ജനനീ
    ശൂദ്രജാ ബ്രഹ്മഹത്യാ
നാശങ്ക്യാ തൽ പ്രജാപാലനനിപുണമതേ
    വാഴ്ക ഭൂമൌ ചിരം നാൾ’
വ്യാജാപേതം പറഞ്ഞീ സ്ഥവിരമുനിരസൌ
    മെല്ലെമെല്ലെന്നടങ്ങി
നാശത്തിൻ മൂലമസ്യാം ദശയിലതു സമാ-
    സന്നമെന്നേഷമന്യേ. ൩൮

അഭിരാമതകണ്ടു രാമനെന്നു-
ള്ളഭിധാം ചേർത്തരുളുന്ന നാവുകൊണ്ടേ
‘വിപിനേഷു നടക്ക’യെന്നു ചൊൽവാ-
നപകാരുണ്യമെനിക്കു കെൽപ്പു പോരാ.” ൩൯

അതു കേട്ടു സുമന്ത്രരും തദാനീ-
മധികം കൈകയിതന്നൊടാകുലാത്മാ
ക്ഷിതിപാലസമക്ഷമായതെല്ലാം
പ്രഥിതോ നീതിഷു സാദരം ബഭാഷേ. ൪൦

“ഹാ കഷ്ടം കേകയേന്ദ്രാന്വയസുചരിതമേ!
    നിന്മനക്കാമ്പിവണ്ണം
മോഹഗ്രസ്തം ചമഞ്ഞാഴകിതുടനകീ-
    ർത്തിക്കുനീ പാത്രമായി.

ആകാതെതന്നീപ്രമേയം ഭരതനിതു ധരി-
ച്ചീലയല്ലോ മഹാത്മാ-
ലോകാക്രുഷ്ടാദമുഷ്മാദപിരമ ദുരഭിലാ-
ഷാത്ത്രിലോകീ വിഷാദാൽ. ൱൮

ഭുവനശുഭമിയറ്റും പുണ്യരാമാഭിഷേകോ-
ത്സവകലവി മുടങ്ങീതെന്നു കേട്ടാകുലാനാം
ശിവശിവ! ജനതാനാം ദീനവാക്യങ്ങൾ കേട്ടാ-
ലവശമലിയുമയ്യോ പാഴ്കരിങ്കല്ലു പോലും." ൱൯

വിധുരമിതി സുമന്ത്രേണോക്തമാകർണ്ണ്യ ചൊന്നാ-
ളതിനു ചെവികൊടാതെ കൈകയീ സാ നരേന്ദ്രം
"മദഭിലഷിതമിന്നേ ചെയ്കതില്ലെങ്കിലെല്ലാം
മതി മതി കളവൻ ഞാൻ ജീവനം മുമ്പിൽ നിന്നേ"

"വൃദ്ധോ ദശരഥസ്സോയ-
മുപാസ്ത ഗൃഹമേധിതാം
രാമേണ ക്ഷീരകണ്ഠേന
വനവാസോനിഷേവ്യതേ. ൱൰

ശശികാന്തഃ കഥം ഗ്രാവാ
ജ്ജജ്ഞേ രവിരത്നതാം
രാമസ്തു ചന്ദനം ഭൂത്വാ
ജാതോ മേ ദാവപാവകഃ ൧൱

ഹേ പ്രാണാഃ സ ഗതോ രാമ-
സ്തമനുവ്രജത ദ്രുതം
ജരസാ ജർജ്ജരൈരംഗൈ-
ശ്ശക്തിർദ്ദശരഥസ്യ കാ? ൱൱

നേത്രം കുളുർക്കെ മമ വത്സനെ രാമമാരാൽ
പാർത്തിങ്ങു കണ്മതിനു സംപ്രതി കൊണ്ടുവാ നീ"
ധാത്രീശവാക്യമിതി കേട്ടു ശുചാ സുമന്ത്ര-
സ്തൂർണ്ണം സഗൽഗദനിരുദ്ധഗളസ്സദാശ്രുർ. ൫൭
താതാജ്ഞ കേട്ടളവു രാമനമാത്യവാചാ
ഖേദാകുലാസ്യമവലോക്യ തൊഴുന്നനേരം
ആതങ്കഹേതുമഥ മാതരമന്വപൃച്ഛൽ
സാ തൽക്ഷണം ഗതദയം വചനം ബഭാഷേ. ൫൮
"ദത്തം മേ മനുജേന്ദ്ര സംഗരമഹാ-
പീഡാപനോദാൽ പുരാ
ഭർത്രാനേന വരദ്വയം പുനരതി-
ന്നിപ്പോളിരന്നീടിനേൻ
വത്സൻ നാടുഭരിക്ക ഭരതൻ
നീ കാനനേ പോകയെ-
ന്നിത്ഥം മദ്വചനേന ദീനഹൃദയം
ശോചത്യസൌ തേ പിതാ." ൫൯
ശ്രുത്വാഥ മാതൃവചനം മഹനീയധാമാ
മുഗ്ദ്ധസ്മിതദ്യുതിമനോജ്ഞമുഖാംബുജന്മാ
ഭക്ത്യാംഘ്രിവന്ദ്യ വിനയേന ഘനാനുഭാവ-
നത്യൂർജ്ജിതാമകലുഷാം ഗിരമാബഭാഷേ. ൬൦
"ഭീതോ വാ ഭരതഃ കിമംബ! ഭരതഃ
കിം വാ വനാൽ പാവനാൽ
ത്രസ്തോഹം സകലാനപായകകുഭം
താതഃ കുതഃ ശോചതി

ദിവ്യായാസ്സരിതോ നിവാപകരണാ-
ല്ലഘ്വീം പ്രതിജ്ഞാമിമാ-
മാപാദ്യാമിഹ പൂരയിഷ്യതി നചേൽ
പുത്രീ കഥം സ്യാദയം. ൧൫

വനഭുവി തനുമാത്രത്രാണമാജ്ഞാപിതം മേ
സകലഭുവനഭാരഃ സ്ഥാപിതോ വത്സമൂർദ്ധനി
തദിഹ സുകരതായാമാവയോസ്തർക്കിതായാം
മയി പതതി ഗരീയാനംബ തേ പക്ഷപാതഃ” ൧൬

ആജ്ഞാമാദായ മാലാമിവ ശിരസി മുദാ-
യാത്രചൊല്ലും ദശായാം
മൂർച്ഛിച്ചാഹന്ത വീണു ദശരഥനിടിവെ-
ട്ടേറ്റ തേന്മാവു പോലേ.
സ്വാച്ഛന്ദ്യോപേത“മിന്നോ വനഭുവി വിരിയെ-
പ്പോക നീ വൈകിയാതെ”
ന്നാജ്ഞാപിക്കും ജനിത്രീം തൊഴുതു പുരവരാൽ
സംപ്രതസ്ഥേ മഹാത്മാ. ൧൭

കൌതുകോദയവിലോലിതാം ദ്രുത-
മുപേത്യ ജാതധൃതി മാതരം
കോസലേന്ദ്രതനയാം വണങ്ങി
വനവാസയാത്ര പറയും വിധൌ
ഖേദവാരിധിയിൽ വീണുഴന്നു
തിരതല്ലി നല്ല ചുഴിയിൽ കിട-
ന്നാധിപൂണ്ടതു പറഞ്ഞുകൊൾവതി-
നൊരുത്തനില്ല മതിവൈഭവം. ൧൮

"രേഖാരഥാംഗസരസീരുഹശംഖചിഹ്നേ
ക്ഷേമംകരേ തവ കരേ ജഗതാം ത്രയാണാം
കാന്താരകന്ദഖനനം രചയേതി നൂന-
മാമുക്തവാൻ പ്രതിസരം ഭഗവാൻ വസിഷ്ഠഃ" ൧൩

"ഖേദിച്ചീടാല്ല ഞാനിന്നടവിയിൽ വിടകൊ-
ണ്ടാൽ നിരാധാരമല്ലോ
വർത്തിക്കും മദ്ധ്യമാംബാപരുഷവചനദം-
ഭോളീസംഭേദഖിന്നം
നീതിജ്ഞേ തീവ്രഃശോകാനലചടുലശിഖാ-
ജാലനിർദ്ദഗ്ധസാരം
താതസ്യാംഗം കഥഞ്ചിന്മമ ജനനി കളിച്ചും
പിരിഞ്ഞീടൊലാ നീ." ൧൪

ഇത്ഥം പറഞ്ഞു ഘനബാഷ്പനിരോധഖിന്നാം
നത്വാ ജനിത്രിയെ നതാനനപുണ്ഡരീകാം
ഉദ്വീക്ഷിതസ്സചിരമുൽഗളദശ്രു പൗരൈഃ
പ്രസ്ഥായ മൈഥിലസുതാഭവനം പ്രപേദേ. ൧൫

കല്യാണവാദസുഖിതാം സഹസൈവ കാന്താം
കാന്താരചാരകഥയാ കലുഷീചകാര
അംഭോദനാദമുദിതാം വിപിനേ മയൂരീം
സന്ത്രാസയന്നിവ ധനുർദ്ധ്വനിനാ പുളിന്ദഃ. ൧൬

അഹം ഗമിഷ്യാമി മഹാവനം പ്രിയേ!
ത്വയാ ഹി വസ്തവ്യമിഹൈവ മാനിനി!
യഥാ വ്യളീകം കുരുഷേ ന കസ്യചിൽ
തഥാ ത്വയാ കാര്യമിദം വചോ മമ. ൧൭

കിം താദേണ ണരിന്ദസേഹരസിഹാ-
ളീഢഗ്ഗപാദേണ വാ
കിം വാ മേ സസുരേണ വാസവമഹാ-
സിംഹാസണത്ഥാസിണാ
തേ ദേസാ ഗിരിണോ യദോ വണമഹീ
സച്ചം അമേ വല്ലഹാ
കോസല്ലാസുഹ ജത്ഥ തു ജഢ ചല്ലണേ
വന്ദാമി നന്ദാമി വാ. വ്വം

---

ഛായാ— കിം താതേന നരേന്ദ്രശേഖരശിഖാ-
ലീഢാഗ്രപാദേന വാ
കിം വാ മേ ശ്വശുരേണ വാസവമഹാ
സിംഹാസനാദ്ധ്യാസിനാ
തേ ദേശാ ശിരയോ യതോ വനമഹീ
സത്യം ച മേ വല്ലഭാ
കൌസല്യാസുഖ! യത്ര തവ ചരണേ
വന്ദേ നന്ദാമി വാ.

---

ആമാവേവ കൃശോദരി കുചതടീ-
ഭാരേണ നമ്രാ പുനഃ
കേളീചംക്രമണം ച നൈവ സഹസേ
ഡോളാവിധൌ താമ്യസി
സ്രോതഃകാനനഗർത്തനിർഝരഗിരി-
പ്രായാനപൂർവ്വാനിമാൻ
ഭൂഭാഗാനയി ഭീരു! ഭൈരവമൃഗാൻ
വൈദേഹി യായാഃ കഥം? വൃഹ

പ്രിയേ! ജനകനന്ദിനി! പ്രകൃതിപേശലാമീദൃശീം
കഥം ഗ്ലപയിതും സഹേ തവ ശിരീഷമൃദ്വീം തനും
ഗൃഹീതഫണിനീശണത്രികവനാരിനാനാസിരാ-
ക്ഷതക്ഷരിതശോണിതാരുണവൃകാനനേ കാനനേ. വൃവ

കോപാദാകർണ്ണ്യ കർണ്ണജ്വരകരണപടും
രാമചന്ദ്രാഭിഷേക-
പ്രത്യൂഹോദന്തമന്തഃപുരജനകഥിതം
ലക്ഷ്മണസ്തൽക്ഷണേന
ശിഞ്ജാസന്ധാനഗുഞ്ജദ്വലയകളകളാ
ദ്ഗീർണ്ണജൈത്രപ്രശസ്തി-
സ്സംരംഭാദശ്മമാർഗ്ഗേ ശരമപി ശരധേ-
രുദ്ധരന്നഭ്യധാവൽ. വൃന

"താതഃ പ്രേമജ്ജളഃ കരോത്വനുചിതം
ത്യാജ്യസ്സ പൂജ്യോപി സൻ
കൈകേയ്യാഃ കുചരിത്രമേതദിതി ചേ-
ത്തത്രാസ്തി കണ്ണുക്രമഃ
അദ്യശ്ചേൽ ഭരതോ വികർത്തനകുല
കർത്തും കളങ്കം സ്ഥിതോ
ഗുഞ്ജജ്ജ്യാമുഖരം ധനുന്നനു മയാ
തസ്യൈവ സമ്പാദ്യതേ. വൃര്

കിം ലോഭേന വിലംഘിതസ്സ ഭരതോ
യേനൈതദേവം കൃതം
മാതാ സ്ത്രീലഘുതാം ഗതാ കിമഥവാ
മാതൈവ മേ മദ്ധ്യമാ

മിത്ഥ്യൈതന്ന മ ചിന്തിതം പിതയമ-
ഷ്യാര്യാനുജോ മേഗ്രജ-
ന്മാതാ താതകളത്രമിത്യനുചിതം
മന്യേ വിധാത്രാ കൃതം. ൭൮

മാ ഭൂത്താൽപരിപേത്തമഃയാരരുണിമാ
കാന്താരസഞ്ചാരതഃ
പാണ്യൌ പാടലിമാ മനാക് പ്രസരതു
ജ്യാകൎഷണാദേവ മേ
കൈകേയീപരിഭൂതതാതവചനേ
നമ്രോ ഭവാന്മാ സ്മ ഭൂൽ
കിഞ്ചിന്മാമകമാസ്ഥ ശൌൎയ്യജലധേ!
നമ്രം ധനുൎവ്വൎത്തതാം. ൭൯

കൈകയിമയപിശാചികപ്രഹൃതതാത
വാക്യമിദമെന്നത-
ങ്ങാകലയ്യ ധരണീതലം പ്രഥമമത്ത-
മാൎയ്യ! പരിപാല്യതാം
ലോകരക്ഷണവിഹീനഭൂപനിഹലോക-
മില്ല പരലോകവും
മോഹമെന്തിതു വിരുദ്ധരായവരെ വെല്ലു-
വാനുമിഹ ഞാനുള്ളോൻ" ൮൦

പാരുഷ്യമാൎന്നിതി വദന്തമുദഗ്രകോപാ-
ടോപം നിജാനുജമസാവവലോക്യ ധീമാൻ
ചാരുസ്മിതദ്യുതിനിലോളമെടുത്ത വാചാ
ശ്രീരാമചന്ദ്രനരികത്തു വിളിച്ചുവാദിൽ:— ൮൧

"സംരംഭം മതി, മതി, വത്സ! ലക്ഷ്മണാ കേൾ
പാരിച്ചൊന്നിതു ബത താതശാസനം കേൾ
പാരിൽ പണ്ടിഹ പിതൃശാസനാകൃത്യ-
പ്രാരംഭം പലരുമിയന്നവാറു കേൾപ്പൂ. ൩൯

താതൻ ചൊന്നതു കേട്ടു പണ്ടു തരസാ
വ്യാപാദ്യ തന്മാതരം
മെത്തും കീർത്തിമനിന്ദിതാം ഭൃഗുസുതൻ
കൈക്കൊണ്ടതോർത്തീടു നീ
ഏതോ താത! യയാതി ചൊന്ന വചസാ
താരുണ്യമപ്പൂരുതാ-
നസ്താശങ്കമമുഷ്യ വാർദ്ധകമഹോ
കൈക്കൊണ്ടതോർത്തീടു നീ. ൪൦

താതാദേശവശേന കാശ്യപനഹോ
ഗോഹത്യ ചെയ്താനതും
സാധ്യം! ലക്ഷ്മണ! പാർത്തുകാൺ ത്രിഭുവനേ
വിഖ്യാതമെല്ലാടവും
മോദം പൂണ്ടു പിതൃനിയോഗമധുനാ
ചെയ്തീടുവാനേ പരം
ചേതോവാഞ്ഛിതമിന്നു കാനനതലം
മോക്ഷാസ്പദം ദേഹിനാം. ൪൧

കഷ്ടം! താതാജ്ഞയെക്കളിത്തു ബത വല്ലതോ
ഹന്ത കാന്താരവാസം
ദൃഷ്ട്വാ സേവിച്ചുകൊള്ളാമവിടെയവിടെ വ-
ന്ദിച്ചു വൃന്ദം മുനീനാം

ഒട്ടേ ഞാനിന്നു താതനേ! മമ പിതൃവചസാ
ഭൂധരൈരംബുരാശൌ
പെട്ടന്നാബദ്ധ്യ സേതും തെളിവിനൊടു
നടത്തിടുവൻ നിർവ്വിശങ്കം.” ൯൨

എന്നിപ്രകാരമരുൾചെയ്തു നിജാനുജന്മ-
സന്നാഹഡംബരമടക്കി വിനീതിശാലീ
പിന്നെ പ്രിയാസഹജയാത്രയുണൎത്തുവാനായ്
ചെന്നന്തികേ തൊഴുതത്തും പുനരാബഭാഷേ. ൯൩

അന്നേരം കാട്ടുതീ ചെന്നിടതല പിടിപെ-
ട്ടോരു സാലം കണക്കേ
ഖിന്നത്വം പൂണ്ടു വീണു ദശരഥനൃവരൻ
മോഹമുൾക്കൊണ്ടകാണ്ഡേ
ധന്യാത്മാ കൈകയീം താം പുനരപി ച സുമ-
ന്ത്രോപി “നന്നല്ലിതയ്യോ
നിർമ്മൂലം വംശനാശം വരു”മിതി സഹസാ
ബോധയാമാസ മേന്മേൽ. ൯൪

കാൎയ്യമിതു സഗരനും പുത്രനെക്കാട്ടിലാട്ടി-
ക്കളയുമടവു ചിത്തേ മാഞ്ഞുതോ നീതിസിന്ധോ
ഖലജനഗണനായം കൂട്ടമോ ചൊല്ലുവന്താ-
നലമലമിതു നമ്മോടെന്തു വിദ്വേഷമോ തേ. ൯൫

അസമഞ്ജസകാരിണം മഹാത്മാ-
വസമഞ്ജം നിരാചിച്ചുതന്നരേന്ദ്രൻ
വ്യസനങ്ങളൊരുത്തരോടു ചെയ്തു-
ല്ലതുനിൻ ക്രൌൎയ്യമകാരണം കഠോരേ! ൯൬

വാക്യൈരലം ബഹുഭിരക്ഷതവല്കയുഗ്മം
കൊക്കോട്ടമമ്പൊടു കൊടുത്തു ദുരാശയാ സാ
വാൎക്രൌൎയ്യമാൎന്നവരെ മൂവ്വരെയും വനാന്തേ
പൊയ്ക്കൊള്ളുകെന്നുടനയച്ചിതു പാപശീലാ. ൯൬

തൽക്ഷണേന നിജമാതൃഭൎത്തമഴകോട
വല്കലയുഗം മുദാ
ലക്ഷ്മണാഗ്രജനുദഗ്രസത്വനിധി ചാൎത്തി-
നോരു സമയാന്തരേ
ഒക്ക നിമ്മെ മുറകൊണ്ടയോദ്ധ്യ മുഴുവൻ
മുഴങ്ങിയിതു, വാക്കുകൊ-
ണ്ടകഥാം ബത പുകഴ്ത്തുമാടികവയേ
നമോസ്തു കഠിനാത്മനേ. ൯൭

ഗാഢോരസ്ഥലതാഡനത്രുടിസ്രൈത-
ൎഹാരാവലീമൌക്തികൈ-
സ്സന്ദൎശ്ശീകൃതബാഷ്പവിന്ദു ഘടിതം
പൌരാംഗനാഭിസ്തഥാ
ആമൂലശ്ലഥപക്ഷതിസ്ഥിതനത-
ഗ്രീവാഗ്രതുണ്ഡം യഥാ
വീഥീപഞ്ജരവൎത്തിഭിശ്ശുകകുലൈ-
രപ്യുൽകമുൽക്കൂജിതം. ൯൮

ദുഃഖം പൊറാഞ്ഞഥ വസിഷ്ഠമുനീന്ദ്രനപ്പോൾ
തൃക്കണ്ണടച്ചിതുടനശ്രുതഭൂരിചരിതം
അക്കേപ്പുതാൻ മഹിതരാമശശാങ്കതപ-
മുൽക്കൊണ്ടു കാണ്മതിനു കാരണമായ് ചമഞ്ഞു. ൧൦൦

പീതാംബരം ബത വെടിഞ്ഞവനെന്തു ഭേദം
വാർതോഞ്ഞ പട്ടുതുകിൽ പോലെയൊരു വല്ക്കലം പോൽ
മീതേ നിശാചരകുലക്ഷയമെന്നുവേണ്ടാ
സീതാപതേശ്ചരിതമൊക്കെയുമങ്ങു തോന്നി. ൧൦൧

ഗദ്യം - ഹര ഹര ശിവ ശിവ തൽക്ഷണമഴകൊടു ലക്ഷ്മണസഹിതൻ രാമശശാങ്കൻ കാനനയാത്രമതിന്ന ദശായാം പരമപതിവ്രത ജനകതനൂജാ വേശ്മനവരൊടു യാത്രപറഞ്ഞു.

തുഭ്യം സ്വസ്തി വിലാസവാപി! ഭവതു
പ്രേംഖേ! പുനർദ്ദർശനം
ക്രീഡാക്രോഡ! വിമുച്യസേദ്യ കഥിതം
ഹേ കേളിഃഡാളേ തവ
വാസാഗാര! നമോസ്തു തേ ഗൃഹനികാ-
സ്സർവ്വാസ്സുഖം സ്ഥീയതാ-
മേഷാ വഃ പരിചാരികാ വനഭുവം
രാമാനുഗാ ഗച്ഛതി ൧൦൨

സ്മർത്തവ്യാസ്മി ചിരം ചകോരദയിതേ!
ഹേ ഹംസി! തുഭ്യം നമോ
ദൃഷ്ടസ്ത്വം ശിതികണ്ഠ! സംഹര ശിരോ
ഗച്ഛാമ്യഹം ശാരികേ!
ഹേ ലീലാശുക! വിസ്മരിഷ്യസി നമാം”
മേകൈകമത്യാദരാ-
ദിത്യാമന്ത്ര്യ തയാ വിലാസവയസോ
പി ശേഷ ജനാ രോദിതാഃ. ൧൦൩

ഗദ്യം—കാണുന്നവരെ കരയിപ്പിച്ചും നാണം കൊണ്ടുടനവനതവദനാ മന്ദം മന്ദം തൽസവിധേ ചെന്നൽസുകഹൃദയാ നിന്നിതകാന്തേ—

സദ്യഃ പുരീപരിസരേപി ശിരീഷമൃദ്വീ
സീതാ ജവാൽ ത്രിചതുരാണി പദാനി ഗത്വാ
ഗന്തവ്യമദ്യ കിയദിത്യസകൃൽ ബ്രുവാണാ
രാമാശ്രുണഃ കൃതവതീ പ്രഥമാവതാരം. ൧൦൪

ഗദ്യം—തദനു മഹാത്മാ മനുകുലപെരുമാൾ സീതാം മെല്ലെനടത്തിക്കൊണ്ടു നിഃസ്തുവിഷാദം പോകുന്നേരം ദശരഥവചസാ തത്ര സുമന്ത്രരുമുടനേ തേരും കൊണ്ടഗ്ഗോപുരഭാഗേ ചെന്നും നിന്നസ്സീതയെ മുമ്പിൽ തേരുകരേററി ത്രിഭുവനരത്നം പോകുന്നേരം നിഖിലജനോൽകരമഹമഹമികയാ ചെന്നും തൊഴുതും ചൂഴെ നിറഞ്ഞതെന്നിരഥമിളകാഞ്ഞതസ്തമയാദ്രൌ ദിനകരദേവൻ ചെല്ലുന്നേരം തമസാതീരം മനുകുലനാഥനുമൊപ്പം ചെന്നു. തത്ര വസിച്ചുടനവിരതരോദനഖേദനയാ പരമാലസ്യം പൂണ്ടഖിലജനങ്ങളുറങ്ങുന്നേരം നിഭൃതരഥേന സുമന്ത്രരുമവർ മൂവരുമായ് നിശയിൽ വിശങ്കം വേദസ്മൃതി, ഗോമതി, നിഷ്യന്ദിനി യെന്നുതുടങ്ങും പുഴകൾ കടന്നിട്ടുവരചരോടേ വഴി ചോദിച്ചു.

‘ഞായം പന്ഥാഃ കാശീമഭിപതതി സോയം ച മിഥി
(ലാം
പ്രയാഗാം മാർഗ്ഗോയം വ്രജതി മധുരാം സോയമപരഃ

അയം ഗംഗാപാതം നരവര! ബദര്യാശ്രമമിദം”
പുരഃ പൃഷ്ടൈരിത്ഥം പഥി പഥികവൃന്ദൈരകഥി സഃ()
“പുരോഭൂഃ ശാലേയീ കളമപരിപാകോൽസുകശ്രീ
തതഃ ഫുല്ലാംഭോജാ തിലകയതി ചോ വർത്മ സരസി
തദഗ്രേ സീമാനഃ ഫലദലിതമുസ്താസുരഭയ-
സ്തതോ ദൂരേ ദിവ്യം നയനവിഷയം യാസ്യതി സരിൽ”

ഗദ്യം— മന്ദം മന്ദം ഗംഗാതീരേ ചെന്നൊരു നേരം വാർത്തയറിഞ്ഞ നിഷാദസ്വാമീ ഗുഹനും ചെന്നു വണങ്ങി വിനീത്യാ സംഭാവനകളോരോന്നേ ചെയ്തു സമ്മോദാർദ്രഃ പ്രതിഗൃഹ്യാസൌ പങ്കജവസതി വസിക്കുംപോലെ നാലുപുറത്തും ശാഖാമുഖവും ചാരു ധരിച്ചും നിൽക്കുമൊരിംഗുദിമൂലേ ലക്ഷ്മണകല്പിതകിസലയതല്പേ രാത്രിം നീത്വാ പുനരനേദ്യുസ്സഹജസമേതോ ജടയും ധൃത്വാ മുക്ത്വാ മന്ത്രിണമനുനയപൂർവ്വം നിർജ്ജനതടിനീം ഝടിതി കടന്നു.

തീർത്ത്വാ ഭൂതേശമൌലിസ്രജമമരധുനീ-
മാത്മനാസൌ തൃതീയ-
സ്തസ്മൈ സൌമിത്രിമൈത്രീമയമുപകൃതവാ-
നാതരം നാവികായ
വ്യാമഗ്രാഹ്യസ്തനീഭിശ്ശബരയുവതിഭിഃ
കൌതുകോദഞ്ചദക്ഷം
കൃച്ഛ്രാദന്വീയമാനഃ ക്ഷണമചലമഥോ
ചിത്രകൂടം പ്രതസ്ഥേ. ൫൦൧

ചേണേലും നൽപ്രവാളാംശുകമതിശിഥിലം
താങ്ങിയും കൊണ്ടു പീന-
ശ്രോണീഭാരാദരാകമ്പിതകുചവിലും-
മഞ്ജുഗുഞ്ജാകലാപാഃ
സാനന്ദം വന്നോരോരോ ശബരതരുണിമാർ
കൂട്ടമിട്ടാസ്വദിച്ചൂ-
രേനം ഭൂലോകചന്ദ്രം കുതുകവിലസിതേ
കണ്ണിൽ വെച്ചോട്ടേനാം. ൧൦൭

പഥി പഥികവധൂഭിസ്സാദരം പൃഷ്ടമന്ദാ
"കുവലയദളനീലഃ കോയമാര്യേ! തവേ"തി
സ്മിതവികസിതഗണ്ഡം പ്രേമഗർഭാഭിരാമം
മുഖമവനമയന്തീ സ്പഷ്ടമാചഷ്ട കാന്തം. ൧൦൮

"മസൃണചരണപാതം ഗമ്യതാം ഭൂസ്സദർഭാ
വിരചയ സിചയാന്തം മൂർദ്ധ്നി ഘർമ്മഃ കഠോരഃ"
ഇതി ജനകതനൂജാ ലോചനൈരശ്രുഗർഭൈഃ
പഥി പഥികവധൂഭിഃ പ്രേക്ഷിതാ ശിക്ഷിതാ ച. ൧൦൯

തെളിവിനൊടു ഭരദ്വാജാശ്രമം പ്രാപ്യ തസ്മിൻ
പല പല മുനിമുഖ്യാൻ കണ്ടു നത്വാ പ്രസാദാൽ
അലഘുവിപുലസത്വസ്തോമഭീമം ഗിരീന്ദ്രം
ചലിതശബരകൂടം ചിത്രകൂടം ഗതാസ്തേ. ൧൧൦

അനുജരചിതപർണ്ണാഗാരഹൃദ്യാസ്യ മാദ്യൽ
പരഭൃതഗളചഞ്ചൽപഞ്ചമൈരഞ്ചിതാസ്യ

ജനകദുഹിതൃയോഗാജ്ജാതസാകേതസൌഖ്യം
ചിരമരമത രാമശ്ചിത്രകൂടസ്ഥലീഷു. ൧൧൨

ഉത്ഥായ സംഭ്രമവശാൽ സ്ഖലിതോത്തരീയം
കൃത്വാ ധനുന്നിചുളകേ മൃഗയാനിവൃത്തൌ
സീതാഞ്ചലേന തരളേന സമുന്നമന്തി
രാമാനനാൽ ഭരിതപക്ഷ്മാജ്ജോ മമാർജ്ജ ൧൨൩

ധരണിതലനിഷണ്ണം ലക്ഷ്മവിശ്രാന്തിഹേതോ-
വ്വ്യജതി ജനകപുത്രീവാസസഃ പല്ലവേന
അഗണിതനിജഖേദഃ പാദസംവാഹനാഭിഃ
പരിചരതി ച ഹൃഷ്യല്ലക്ഷ്മണോ രാമഭദ്രഃ. ൧൧൪

ഇത്ഥം ത്രൈലോക്യഭൂഷാമണി രഘുപെരുമാൾ
മൈഥിലീലക്ഷ്മണാഭ്യാ-
മത്യാനന്ദേന ചേർന്നത്രയുമമിതസുഖെ
ചിത്രകൂടാചലേന്ദ്രേ
തത്രത്യാനാം മുനീനാം ഭയമുടനഖിലം
പോക്കി വാഴ്ത്തും പ്രമോദം
ചിത്തേ കൈക്കൊണ്ടിരുന്നു പലദിനമവനീ-
പത്മിനീതിഗ്മധാമാ. ൧൧൫

വിച്ഛിന്നാഭിഷേകം
സമാപ്തം.

UNIVERSITY LIBRARY
31 JAN 30
MADRAS

# ടിപ്പണം.

വിച്ഛിന്നാഭിഷേകം എന്ന പ്രബന്ധത്തെ നിബന്ധിപ്പാൻ ഭാവിക്കുന്ന കവി, വസ്തുനിർദ്ദേശരൂപമായ മംഗളത്തെ ചെയ്യുന്നു:—

൧. നാരായണൻ=നാരം=(ജലം അല്ലെങ്കിൽ മനുഷ്യശരീരം) ആകുന്നു. അയനം=(സ്ഥാനം)ഓടുകൂടിയവൻ. (വിഷ്ണുഭഗവാൻ) മനസി=ഹൃദയത്തിൽ; ദുരിതസന്തതി=പാപങ്ങളുടെ കൂട്ടം; ശ്രീരാഘവേ=ശ്രീരാമൻ; ചിത്രകൂടം ഗിരിം=ചിത്രകൂടം എന്ന പർവ്വതത്തെ; ഉപേയുഷി=പ്രാപിച്ചപ്പോൾ. മുനീന്ദ്ര...... സന്തതി=മഹർഷിമാരുടെ ഭയം എല്ലാം (രാക്ഷസന്മാരിൽനിന്നുണ്ടായിരുന്ന) പോയതുപോലെ എന്നു യോജന.

൨. അഭി......അനല്പിതൈഃ=അനുരൂപകളായ ഉത്തമനീതികളോടുകൂടിയവരായ. ശ്രീരാമാദ്യൈഃ തനൂജൈഃ=ശ്രീരാമൻ മുതലായ പുത്രന്മാരോടും, സ്വസ്യ=തന്റെ; ദാരൈഃ=ഭാര്യമാരോടും; സുമന്ത്രാദിഭിഃ=സുമന്ത്രൻ മുതലായ മന്ത്രിജാതൈഃ=മന്ത്രിജാലത്തോടും കൂടി. വാരം വാരം=വളരെ വളരെ; പരമ......നിധൌ=പരമാനന്ദസമുദ്രത്തിൽ. പാരം=മറുകര; അഥ=പിന്നെ; സാകേതപുര്യാം=അയോദ്ധ്യാപുരിയിൽ; ന്യവാത്സീൽ=വസിച്ചു

൩. രസാനാം രാജാ=രസങ്ങളുടെ രാജാവ് (ശൃംഗാരം) മെല്ലെ മെല്ലെ തെളിവിൽ അവസരം (സമയം) പാർത്തു്=അറി

ഞ്ഞു; രാമചന്ദ്രം=ശ്രീരാമനെ സേവിച്ചു. താവും.....സുമധുരയാ=ഉള്ളതായ ലജ്ജകൊണ്ടും, അനുരാഗത്തിന്റെ ഉദയംകൊണ്ടും അതിമനോഹരിയായ. തയാ രാജപുത്ര്യാ=ആ രാജപുത്രിയോട് (സീതയോടു) ചേൎന്ന്. ആവിർല്ലീലം=കളിയായിട്ട്. പ്രമോദ......തരംഗേഷു=സന്തോഷമാകുന്ന അമൃതക്കടലിലെ തിരമാലകളിൽ. സംക്രീഡമാനാം=ക്രീഡിക്കുന്നവനും; ലാവണ്യ........ആകൃതീം=സൌന്ദൎയ്യാതിശയംകൊണ്ടു തിളച്ചുമറിയുന്ന യൌവനത്താൽ മനോഹരമായ ആകൃതിയോടുകൂടിയവനും ആയ. എന്നു രാമചന്ദ്രവിശേഷണം. ഇവിടെ കവി, ലോകോത്തരനായികനായകന്മാരായ സീതാരാമന്മാരുടെ സംഭോഗശൃംഗാരത്തെ വൎണ്ണിപ്പാൻ ഭാവിക്കുന്നു. അതിൽ

“വിഭാവൈരനുഭാവൈശ്ച
സാത്വികൈൎവ്യഭിചാരിഭിഃ
ആനീയമാനഃ സ്വാദുത്വം
സ്ഥായീ ഭാവോരസഃ സ്മൃതഃ”

എന്ന വചനം അനുസരിച്ചു, വിഭാവങ്ങളിൽ, ആലംബനങ്ങളായ നായികാനായകന്മാരിൽ നായകന്റെ ഗുണങ്ങളെ ഈ ശ്ലോകംകൊണ്ടു ചുരുക്കത്തിൽ വിവരിച്ചിട്ടു് അടുത്ത ശ്ലോകംകൊണ്ടു നായികയുടെ ഗുണങ്ങളെ വൎണ്ണിക്കുന്നു.

൪. മനുകുലമണിമാലാ=മനുവിന്റെ വംശത്തിന് അലങ്കാരമായിട്ടുള്ളവൻ (ശ്രീരാമൻ) ജനകദുഹിതരം=ജനകരാജാവിന്റെ പുത്രിയായി (ഇതു കുലീനത എന്ന ഗുണത്തെ സൂചിപ്പിക്കുന്നു) താം=പ്രസിദ്ധയായി. ബാലികാം=നവോഢയായ. പ്രേയസീം=പ്രിയയായ പത്നിയെ. അന്വനൈഷീൽ=അനുനയിച്ചു. (വശീകരിച്ചു) ആ പ്രേയസിയുടെ വിശേഷണങ്ങളെ പറയുന്നു. കുതുക......മാനാം=കൗതുകം, (നായകസംഗമത്തിലുള്ള ഔത്സു

ക്യം) ചകിതം; (നായകസംഗമത്തിലുള്ള ഭയസംഭ്രമം) രാഗം നാ യകനിൽ ഉള്ള പ്രേമം) വ്രീള (നവോഢയാകകൊണ്ടുള്ള ലജ്ജ) ഇവ നിമിത്തം ഊഞ്ഞാലാടുന്നതുപോലെ മുമ്പോട്ടും പിമ്പോട്ടും മനസ്സു കൊണ്ടു ഗമിക്കുന്നവൾ; കളുഷം നായകസമീപത്തിലേക്കു ചെല്ലു വാൻ പ്രേരിപ്പിക്കുമ്പോൾ ചകിതം പിന്നോക്കം വലിക്കും. രാഗം മുന്നോട്ടു ചെല്ലുവാൻ ഉത്സാഹിപ്പിക്കുമ്പോൾ വ്രീള എങ്ങനെ ചെല്ലും എന്നു പിന്നോട്ടു തള്ളുന്നു എന്നു താല്പൎയ്യം. ത്രിഭുവനമധുരാംഗീം =മൂന്നു ലോകത്തിലും വച്ചു സുന്ദരിയായിട്ടുള്ളവൾ. ത്രസ്തസാരംഗ നേത്രാം=ഭയപ്പെട്ട മാനിന്റെ കണ്ണുപോലെയുള്ള കണ്ണുകളോടുകൂ ടിയവൾ (നാലുഭാഗത്തും പകച്ചുനോക്കുന്നവൾ). ഈ ശ്ലോകംകൊ ണ്ടു നായികയുടെ ഗുണങ്ങളെയും ചുരുക്കത്തിൽ വിവരിച്ചു.

ഇനി ഇരുപതു പദ്യങ്ങളെക്കൊണ്ടു് നായികാനായ കന്മാരുടെ സംഭോഗശൃംഗാരത്തെ വൎണ്ണിക്കുന്നു.

൩. ആളിവൎഗ്ഗേഃ=തോഴിമാരാൽ. കഥം അപി= വളരെ പണിപ്പെട്ടു്. സവിധം പ്രാപിതാം=സമീപത്തു കൊ ണ്ടുവരപ്പെട്ടവളായി; ബാലാം=മുഗ്ദ്ധയായിരിക്കുന്ന (സീതയെ) ഉത്സംഗേ ചേൎത്ത്വാ=മടിയിലിരുത്തി. ഉദ്യന്നാമാക്ഷരം=അ രുതേ അരുതേ എന്നുള്ള ശബ്ദത്തെ പുറപ്പെടുവിക്കുന്നതും, കോമ ള...... ഓഷ്ഠം=മാൎദ്ദവമുള്ള കൈപ്പടംകൊണ്ടുമറക്കപ്പെട്ട തൊണ്ടി പ്പഴംപോലെയുള്ള ചുണ്ടോടുകൂടിയതും; ആയി. മന്ദാക്ഷനമ്രം=ല ജ്ജകൊണ്ടു കുനിച്ചിരിക്കുന്നതും, പലമറി=പലതവണയും. അംസ ഭാഗേ=തോളിലേക്കു്. വലമാനം=തിരിക്കുന്നതും ആയ. വക്ത്രം=മുഖത്തെ. ഹസ്തേന=കൈകൊണ്ടു്. ഉന്നമ്യ=പൊന്തി ച്ചിട്ടു്. ചൂഷൻ=ആസ്വാദിച്ചവൻ ആയിട്ടു്. മന്ദമന്ദം=പതു ക്കെ പതുക്കെ. നവമദനരസാൻ=പുതുതായിട്ടുള്ള കാമരസങ്ങ

ള. അനുഭൂതൽ=അനുഭവിച്ച (രാമൻ എന്നു കർത്തൃപദം അധ്യാഹാര്യം)

൬. മനസി=ഉള്ളിൽ. കനം ഉലാവും=വർദ്ധിച്ച. വ്രീള=ലജ്ജ. ആസ്ഥിതാം=നിൽക്കുന്ന. മുഗ്ദ്ധഗാത്രീം=സുന്ദരിയോട്. രാമചന്ദ്രഃ=രാമൻ. മൃദു......അബ്ധൌ=മന്ദഹാസമാകുന്ന അമൃതക്കടലിൽ. മധുര......വാചാ=അതിമധുരമായ വാക്കുകൊണ്ട്. ബഭാഷേ=പറഞ്ഞു.

൭. ഉദ്യൽപരിമളം=സൌരഭ്യത്തോടുകൂടി. ദിവ്യ......സീമേ=ദിവ്യമായ മധുരരസത്തിന്റെ പരമാവധിയായുള്ളോവേ! ഉരസിജകലശാഭ്യാം=സ്തനങ്ങളാകുന്ന കുടങ്ങളോടുകൂടി; ഹേ അലസനേത്രേ!=അലസാക്ഷി. (സുന്ദരി) അയം ജനഃ=ഈ ആൾ. (ഞാൻ) മാരഖിന്നഃ=കാമപാരവശ്യംകൊണ്ടു വലഞ്ഞവൻ (ആകുന്നു).

൮. വാറുമലർ(ച)ശരകാന്തം = കാമദേവനെപ്പോലെ മനോഹരനായ. കാന്തം=ഭർത്താവിനെ. ആലോകയന്തീ=കണ്ടുകൊണ്ടിരിക്കുന്നവൾ. നിരുപമകമനീയാം=മറ്റൊന്നിനോടുപമിക്കാൻ വഹിയാത്തവണ്ണം മനോഹരമായ. വാചം=വാക്കിനെ. ആകർണ്ണയന്തീ=കേട്ടുകൊണ്ടിരിക്കുന്നവൾ. പരവശഹൃദയാ=ധൈര്യംവിട്ടവൾ. കമ്രഗാത്രീ=സുന്ദരി. സാ=അവൾ (സീത) പരിസരഭുവി=സമീപത്തിൽ. ആകുലം=പരവശമാകുംവണ്ണം ചെന്നാൾ.

൯. പ്രണയിനീം=അനുരാഗമുള്ളവളായി. സ്മര...... പരവശാം=കാമം, ഭ്രമം, നാണം, ഇവകൊണ്ടു പരവശയായി.

പൃഥ്വീ......ആഭോഗാം=മുഖവതനൊ ഉണ്ടായിരിക്കുന്ന രോമാഞ്ചം നിറഞ്ഞു കനത്തുവളൎന്ന സ്തനങ്ങളോടുകൂടിയിരിക്കുന്നവളായി. ബാലാം ഇമാം=ബാലയായിരിക്കുന്ന ഇവളെ (നിന്നെ). ശനൈഃ=പതുക്കെ പതുക്കെ ഇദം അങ്കം=ഈ (എന്റെ) മടിയിൽ. ആരോപ്യ=കയറ്റി ഇരുത്തിയിട്ടു്. സദയം അപി=ദയയോടുകൂടിട്ടാണെങ്കിലും. നിൎദ്ദയം=മുറുകെ. ഉരസി=മാറിടത്തിൽ കിമപി പരിരബ്ധും=ഒന്നു ആലിംഗനം ചെയ്യാനായിക്കൊണ്ടു്. അഹം ആകാംക്ഷേ=ഞാൻ ആഗ്രഹിക്കുന്നു

൧൦. ഹേ സുന്ദരാംഗി!=അല്ലയോ സുന്ദരി! ദൃശോഃ=കണ്ണുകളുടെ. ഗതാഗതം=സഞ്ചാരത്തെ. മന്ദം=പതുക്കെ. അസ്മദംഗകേ=എന്റെ ദേഹത്തിൽ. അൎപ്പയ=സമൎപ്പിച്ചാലും. (എന്നെ പതുക്കെ ഒന്നു നോക്കു). അയം ജനഃ=ഈ ആൾ (ഞാൻ) പ്രതി......സ്രജാമണ്ഡനേന=പുതിയ കരിങ്കുവളപ്പൂമാലയാകുന്ന അലങ്കാരംകൊണ്ടു്. സുഭഗഃ=സുഭഗൻ (ഭാഗ്യവാൻ അല്ലെങ്കിൽ കൃതാൎത്ഥൻ) ആയിട്ടു്. നന്ദതു=സന്തോഷിക്കട്ടെ.

൧൧. വക്ത്രം=മുഖം, നിബിഡിത......ദ്വയം=മൃദുലങ്ങളായ രണ്ടു തുടകളും അടുപ്പിച്ചുവെച്ചു്. നിഭൃതതരം=അധികം ഉറപ്പായിവച്ചു്. നിശ്വാസഖിന്നാ=നെടുവീൎപ്പിട്ടു വലഞ്ഞു്. തിരണ്ടു്=മുതിൎന്നു്. നിൎമ്മൂലം=കാരണംകൂടാതെയുള്ളതു്.

൧൨. ഹേ വിപുലജഘനേ!=വിസ്താരമേറിയ കടിപ്രദേശത്തോടുകൂടിയവളെ, ഉത്സംഗഃ അയം=(എന്റെ) മടി ഇതാ. സമീപത്തിൽ വൎത്തിക്കുന്നു). (ഇമം=ഇതിനെ) ഭൂഷയസ്വ=(നീ) അലങ്കരിച്ചാലും. ഏഷഃ പാണിഃ=ഈ കയ്യു്. സംവാ

ഹായ സ്പൃഹയതി=തലോടുവാനായിക്കൊണ്ടു ആഗ്രഹിക്കുന്നു. പാദൌ ശനൈഃ അത്ര അർപ്പയസ്വ=പാദങ്ങളെ പതുക്കെ ഇവിടെ വെയ്ക്കുക. അസ്മിൻ വക്ഷസി=ഈ (എന്റെ) മാറിടത്തിൽ. കുചയോഃ ഭാരം അപി=കുചങ്ങളുടെ ഭാരത്തെയും, സ്വൈരം ആരോപ്യ=ഇഷ്ടംപോലെ ഇറക്കിവച്ചിട്ട്, സത്താസത്താ...വിഭവം=ഉള്ളതോ ഇല്ലാത്തതോ എന്നു എഴുതിവയ്ക്കപ്പെട്ടതായ മാറത്തെ തൊട്ടുകൂടിയതു. (അതികൃശം) മധ്യം=മദ്ധ്യത്തെ. ഉല്ലാഘയസ്വ=ആശ്വസിപ്പിക്കു.

ഫന. ഹേ ബാലികേ!, മുഗ്ദ്ധം=മനോഹരമായ. മുഖപങ്കജം=താമരപ്പൂപോലെയുള്ള മുഖത്തെ. നിഷ്കാരണം=കാരണം കൂടാതെ കിം നമയസേ=എന്തിനു നമിപ്പിക്കുന്നു. (എന്തിനു മുഖം കുനിക്കുന്നു?) മധുരസ്നിഗ്ദ്ധൈഃ അപാംഗാപ്പണൈഃ=രമ്യങ്ങളും സ്നേഹപൂർണ്ണങ്ങളുമായ കടാക്ഷങ്ങളെക്കൊണ്ട്. മേ ഗാത്രം ശിശിരീകുരുഷ്വ=എന്റെ ശരീരത്തെ തണുപ്പിക്കു. (അഥ) ത്വാം പാണിദ്വയേന ഗാത്രം അഖിലം സ്പ്രഷ്ടും സ്പൃഹയാമി ഇതി ഭീതിഃ മാ ഭൂൽ=ഞാൻ നിന്നെ രണ്ടുകൈകളെക്കൊണ്ടും, സർവ്വാംഗവും സ്പർശിപ്പാൻ ആഗ്രഹിക്കുന്നു എന്നു ഭയപ്പെടരുതു് (ഭയപ്പെടേണ്ട) ഹേ വരാംഗി!=അല്ലയോ സുന്ദരി, ഉരസാ=മാറിടംകൊണ്ട്, ദ്വൌ വക്ഷോരുഹൌ ഏവ ന പരം (സ്പ്രഷ്ടും സ്പൃഹയാമി)=രണ്ടു സ്തനങ്ങളെ മാത്രമേ സ്പർശിപ്പാൻ ആഗ്രഹിക്കുന്നുള്ളു.

ഫർ. ഹേ സുന്ദരി! തവ=നിന്റെ. ഏനാം തൂഷ്ണീം ആസികാം=ഈ മൌനമായിട്ടുള്ള ഇരിപ്പിനെ. സോഢും=സഹി

പ്പാൻ. അഹം ന അലം അസ്മി=ഞാൻ ശക്തനാകുന്നതല്ല. ഹേ ചാരുഗാത്രി=സുന്ദരി. പഞ്ചശരാസ്ത്രഹതമാം=കാമനാൽ ഹതനായ എന്നെ. പരിരംഭൈഃ=ആലിംഗനങ്ങളെക്കൊണ്ടു്. സംജീവയ=ജീവിപ്പിച്ചാലും.

൧൨. ഹേ ചടുലമൃഗാക്ഷി!=ഇളകുന്ന മാനിന്റെ കണ്ണുകൾപോലെയുള്ള കണ്ണുകളോടുകൂടിയവൾ. സ്തനഭരയോഃ=സ്തനങ്ങളുടെ. ആശ്ലേഷഃ=ആലിംഗനം. അതിപ്രസംഗഃ=അധികം കടന്ന നിലയിലുള്ളതു്. മന്യസേ ചേൽ=(എന്നു നീ) വിചാരിക്കുന്നു എങ്കിൽ; തൽ ആസ്താം=അതു നില്ക്കട്ടെ; ഹേ വൽഗുവാണി!=മഞ്ജുഭാഷിണി! സതൃഷ്ണൌ=(കേൾപ്പാൻ) താല്പര്യത്തോടുകൂടിയിരിക്കുന്നവയായ. മേ=എന്റെ. ഏതൌ കർണ്ണൌ വാ=ഈ കർണ്ണങ്ങളെ എങ്കിലും മധുര...മുചാ=മധുരമായി അമൃതു പൊഴിയുന്നതായ. വാചാ=വാക്കുകളെക്കൊണ്ടു്. ശിശിരയ=തണുപ്പിക്കുക.

൧൩. ഏഷഃ=ഞാൻ (ശ്രീരാമൻ) അനിച്ഛന്ത്യാഃ അപി=ഇച്ഛയില്ലാത്തവളാണെങ്കിലും (സീതയ്ക്കു്) കിമപി കിമപി=കുറെശ്ശ കുറെശ്ശയായിട്ടു്. വീടീം=വെററില തെറുത്തതിനെ; അർപ്പയൻ=കൊടുത്തിട്ടും; അനുനയോക്തൈഃ=അനുകൂലവാക്കുകളെക്കൊണ്ടു്. അന്തഃ=ഉള്ളിൽ, ആശ്വാസപൂരം=നല്ല വിശ്വാസത്തെ. വിദധത്=ചെയ്തിട്ടും; അന്തരാ=ഇടയ്ക്കിടയ്ക്കു്. കരപത്മേന=കൈകൊണ്ടു്. മുഹുരപി=പല പ്രാവശ്യവും. അംഗം ആമൃശൻ=ദേഹത്തെ തലോടിയിട്ടും സീതാം=സീതയെ. ക്ഷണം=അല്പസമയം; വിസ്രംഭോന്മുഖീം=വിശ്വാസത്തിന്നു വഴിപ്പെട്ടവളായിട്ടു്. അതനുത=ചെയ്തു. (ശ്ലോകം പ്രാസാനുസാരിണിയാക്കിത്തീർത്തു)

൧൭. വിമ്മാനേർ......സൌധേഷു=ദേവകളുടെ വിമാനങ്ങളും കൂടി തോൽക്കുന്ന ക്രീഡാമന്ദിരങ്ങളിലും, ജാതലീലം=ക്രീഡിച്ച്; സ്വർണ്ണാ......പരിമളം=പൊൻതാമരപ്പൂക്കളുടെ തേനിന്റെ വാസന; പുണ്യാനാം നദീനാം=പാപശാന്തിചെയ്യുന്ന നദികളുടെ വാരിപൂരങ്ങളിലും=ജലപ്രവാഹങ്ങളിലും, അനുദിനം=എല്ലാ ദിവസത്തിലും. സഃ=അവൻ (ശ്രീരാമൻ.) പേശലാംഗ്യാ=മനോഹരഗാത്രിയായ അവളോടുകൂടി, രേമേ=രമിച്ചു (ക്രീഡിച്ചു)

൧൮. അലം=അധികം; ആടി......ആഗമേ=ആഷാഢമാസത്തിലെ പകൽസമയത്ത്. (ആഷാഢസ്യ പ്രഥമദിവസേ ഇത്യാദി നോക്കുക.) സൈ്വരം=സുഖം. മനസിജോത്സവാൻ=രതിസുഖങ്ങളെ. അന്വഭുൽ=അനുഭവിച്ചു.

൧൯. സഃ=അവൻ; വിഗ്രഹാൽ=പ്രണയകലഹം ഹേതുവായിട്ട്. ശയനേ=ശയ്യയിൽ; പരാങ്മുഖീം=മറുപുറത്തേക്കു തിരിഞ്ഞു കിടക്കുന്ന; അബലാം=സീതയെ. അനുനേതും=അനുനയിപ്പാൻ; ന തത്വരേ=പരിഭ്രമിച്ചില്ല. താം=അവളെ. ഘനശബ്ദവിക്ലബാം=ഇടിവെട്ടു കേട്ടു ഭയപ്പെട്ട്; ഭുജാന്തരം=(തന്റെ) കൈകളുടെ മദ്ധ്യത്തെ വിവൃത്യ=അകററീട്ട്, വിശതീം=പ്രവേശിക്കുന്നവളായിട്ട്. ആചകാംക്ഷ=ആഗ്രഹിച്ചു. (അബലയാകയാൽ താൻ ബലാൽ തിരിക്കുന്നതു് അവൾക്കു പീഡാകരമായിത്തീരുന്നതാകുമെന്നും, ഭീരുവാകയാൽ ഇടിനാദം കേൾക്കുമ്പോൾ നായകന്റെ ഭുജാന്തരത്തെ അഭയം പ്രാപിക്കാതിരിക്കയില്ലെന്നും, ആശയം.)

൨൦. പഞ്ച......ആക്രമം=കാമന്റെ പ്രതാപം; ജഗ

തി=ലോകത്തിൽ; ഉദിത......അന്തരേ=ഉദിച്ച ചന്ദ്രബിംബം കൊണ്ടു മനോഹരമായ ശരൽക്കാലത്തെ രാത്രിയിൽ; അതുല......ചന്ദ്രികാം=വിശേഷമായ വെണ്മാളികയിലുള്ള ശയ്യാഗൃഹത്തിൽ ജാലകങ്ങളിൽ കൂടി വരുന്ന (അല്ലെങ്കിൽ നിലാമുറ്റത്തു വരുന്ന) പൂനിലാവിനെ. ഭൂവലയചന്ദ്രമാഃ=ഭൂമണ്ഡലത്തിലെ ചന്ദ്രനായ അദ്ദേഹം. അനുബഭൂവ=അനുഭവിച്ചു.

൨൮. ശീതളീ......അന്തരാളം=എല്ലാ ദിഗ്ഭാഗങ്ങളും തണുപ്പിച്ച്. ഹിമം=മഞ്ഞ്. തുഹിനാഗമേ=മഞ്ഞുകാലത്ത്. മാര......ഉഷ്മളതടങ്ങൾ=കാമപരദേവതയായ സീതയുടെ തടിച്ചു ചൂടുള്ള സ്തനതടങ്ങളെ. രതിം=സുഖത്തെ. ഏയിവാൻ=പ്രാപിച്ചു

“പീവരോരുസ്തനശ്രോണ്യഃ സമദാഃ പ്രമദാഃ പ്രിയാഃ ഹരന്തി ശീതമുഷ്ണാംഗ്യോ ധൂമകുങ്കുമയൌവനൈഃ”

(വാഗ്ഭടൻ)

൨൯. മോദേന=സന്തോഷത്തോടുകൂടി. ബാലാം സീതാം=ബാലയായ സീതയെ. ആളീ......ഫലകം=(ക്രി വി) ഊഞ്ഞാൽപടിയെ തോഴിയെക്കൊണ്ട് ഉന്തിച്ചുകൊണ്ട്. ഊയലാട്ടം ദശായാം=ഊഞ്ഞാലാട്ടുന്നതിനിടയ്ക്ക്. ഉന്മുക്തപാശാൽ=കെട്ടഴിഞ്ഞ കയറിന്മേൽ (ഊഞ്ഞാലിൽ) നിന്ന്. കപട......സംഭ്രാന്തി ഭാവിച്ച്=വീഴുന്നവെന്നുള്ള പേടി കള്ളമായി നടിച്ച്. ലീലായാം=ക്രീഡയിൽ. മധ്യേ=ഇടയ്ക്ക്. കോമളഗളഭുവി=മനോഹരമായ കഴുത്തിൽ. ഗാഢം=മുറുകെ.

൩൦. കണ്ഠാ......യുഗളം=കൈത്താങ്ങുകളാകുന്ന താമരവളയങ്ങളെ കഴുത്തിൽ ചുറ്റി അണികാൽത്തലങ്ങൾ രണ്ടും. പാദാഗ്രയോഃ=പാദാഗ്രങ്ങളിൽ. ആകുലം=(ക്രി വി) പിണച്ച് വച്ച്; ഉത്താനിതാസ്യാംബുജാം=മുഖം മലർത്തിപ്പിടിക്കപ്പെട്ട

വൻ ആയിട്ട്. **കേളിശയനാൽ**=ശയ്യാഗൃഹത്തിൽനിന്ന്. **അഭ്യുത്ഥിതം**=എഴുനേററവനെ.

൨൪. **അക്ക......രത്നം അയം**=സൂൎയ്യവംശസിംഹാസനത്തിന്മേൽ വച്ചിരിക്കുന്ന അലങ്കാരരത്നമായ ഇവൻ (ശ്രീരാമൻ) **ഇത്ഥം**=ഇങ്ങനെ. **അതിനിസ്തുലാനി**=സാമ്യമററ. **സുഖാനി**=സുഖങ്ങളെ. **അനുബഭൂവിവാൻ**=അനുഭവിച്ചുംകൊണ്ടിരിക്കുന്നവൻ ആയിട്ട്. **ത്രി......സുന്ദരിയോട് സീതയോട്**=മൂന്നുലോകത്തിൽവെച്ച് അതി സുന്ദരിയായ സീതയോടുകൂടി. **നിജരാജധാനിയിൽ**=തന്റെ രാജധാനിയിൽ. **മണം കലന്ന്**=ഭംഗിയിൽ. **ശുശുഭേ തരാം**=ഏററവും ശോഭിച്ചു. ഈ ഇരുപതു ശ്ലോകങ്ങൾ കുമാരസംഭവം എട്ടാംസൎഗ്ഗത്തെ സാമാന്യത്തിലധികം അനുകരിക്കുകയും, അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

൨൫. **തേജോമഹിമ**=പരാക്രമാതിശയം. **നിജതനൌ**=തന്റെ ദേഹത്തിൽ **ജരാം അപി**=ജരയേയും. **ആമോദശ്രീ**=സൌരഭ്യവിഭവം. **കമലവനേ**=താമരപ്പൊയ്കയിൽ. **ചന്ദ്രികാം**=നിലാവിനെ. **നിജ......രക്ഷാസ്സ്**=തന്റെ രാജ്യത്തെ മാത്രം രക്ഷിക്കുന്നതിന്. **ആമന്ദം**=പതുക്കെ. **മഹീപാലമൌലേഃ**=ദശരഥമഹാരാജാവിന്.

൨൬. **അഥ**=അനന്തരം. **സ്വാരാട്സഖഃ**=ഇന്ദ്രന്റെ ചങ്ങാതിയായ. **രാജാ**=രാജാവ്. **നീതി......രാശേഃ പാരംഗതാൻ**=രാജനീതിയാകുന്ന സമുദ്രത്തിന്റെ മറുകരയിൽ എത്തിയവരായ. **മന്ത്രിവൃദ്ധാൻ**=മന്ത്രിസത്തമന്മാരേയും. **വസിഷ്ഠം ച**=വസിഷ്ഠനേയും. **ആരാൽ**=അടുക്കൽ. **വിളിപ്പിച്ച്**=വരുത്തി. **പണിഞ്ഞിരുത്തി**=വന്ദിച്ചിരുത്തി. **വാചം ഉവാച**=പറഞ്ഞു. പറഞ്ഞ പ്രകാരത്തെ താഴെ വിവരിക്കുന്നു.

൨൭. മേ=എന്റെ. തേ പൂർവ്വഭൂപാലകന്മാരെല്ലാരും=ആ പണ്ടത്തെ രാജാക്കന്മാരെല്ലാവരും. അഖിലതനുമതാം=സർവ്വ ഭൂതങ്ങൾക്കും. മേൽ മേൽ കല്യാണം=ശുഭം ചേർത്ത്. ഉദാരം=ഉൽകൃഷ്ടമായി. കല്യാഭോഗം പരിപൂർണ്ണമാകുംവണ്ണം. വിഖ്യാതശൌര്യം=പ്രസിദ്ധമായ പരാക്രമത്തോടുകൂടി. (ക്രിവി) സ്വർല്ലോക......ശ്രിയം അനുഭവിതും=സ്വർഗ്ഗസുഖസമ്പത്തുകളെ അനുഭവിപ്പാനായിക്കൊണ്ട്. ദേവഭൂയം ഗതാഃ=ദേവത്വത്തെ പ്രാപിച്ചു.

൨൮. ക്ഷോണീം=ഭൂമിയെ. വിപിനഭുവി=വനത്തിൽ. ജാതിധർമ്മം=ജാതിയുടെ മുറ. ധരണ്യാം=ഭൂമിയിൽ. വിശ്രാന്തിസുഖം=വിശ്രമംകൊണ്ടുള്ള സുഖം. ഇമ്മേ=ഈ എനിക്ക്. വേണുന്നത്=വേണ്ടത്. (പഴയ മലയാളം).

൨൯. മദീയെ ഉടലിൽ=എന്റെ ദേഹത്തിൽ. ഗാഢം=ഉറപ്പായിട്ട്. കാന്തി=തേജസ്സ്. രുഷാ ഇവ=കോപം കൊണ്ടോ എന്നു തോന്നുംവണ്ണം. ലോക......പ്രായം=പണ്ടൊരു മഹാശക്തനായിരുന്നുവല്ലോ ഇദ്ദേഹം, എന്നു വിചാരിച്ചു ജനങ്ങൾ ഇന്നും കുറെശ്ശെ ബഹുമാനിക്കുന്നുള്ളൂ മാത്രം. വാഞ്ഛരിതം=ആഗ്രഹം.

൩൦. തേ സചിവോത്തമാഃ=ആ മന്ത്രിശ്രേഷ്ഠന്മാർ. തദനു=അപ്പോൾ. കർണ്ണ......മാനാം ഗിരം ശ്രുത്വാ=ചെവികൾക്ക് അമൃതുപോലെയുള്ള ആ വാക്കിനെ കേട്ടിട്ട്. ഉദ്യൽ......വദനാഃ=മുഖം തെളിഞ്ഞവരായിട്ട്. നൃപതിം=രാജാവിനെ. ഭക്ത്യാ അഭിനമ്യ=ഭക്തിയോടുകൂടി അഭിവന്ദിച്ചിട്ട്. ഉത്താള......തരളൈഃ=വലുതായ സന്തോഷംകൊണ്ടു പുറപ്പെട്ട. ജയസാധുശബ്ദൈഃ=ജയ ജയ സാധു സാധു (നല്ലതു് നല്ലതു്) എന്നു

ള്ള വചനങ്ങളെക്കൊണ്ടു. അമും=ഈ മഹാരാജാവിനെ. അഭ്യനന്ദൻ=അഭിനന്ദിച്ചു.

൧൭. ജനാനാം=ജനങ്ങൾക്ക്. രാമാ......ഉത്സവം=രാമാഭിഷേകമഹോത്സവം എന്ന് ഒന്ന്; ആമോദ......ഉത്തരളം=സന്തോഷത്തിന്റെയും ഔൽസുക്യത്തിന്റെയും ആധിക്യത്താൽ ഇളകിമറിഞ്ഞതായി. കം അപി=ഇന്നവിധത്തിലെന്നു പറവാൻ സാധിക്കാത്തതായ ഒരു. മനോവികാരം=മനോവികാരത്തെ. ആപൂരയൽ=വളർത്തിയതു്. ഉലകിടങ്ങളിൽ=ലോകത്തിന്റെ നാനാഭാഗങ്ങളിലും നിറഞ്ഞു്. ഒച്ചകൊണ്ടു=മുഴങ്ങി ഹന്ത!=ഹർഷസൂചകനിപാതം.

൧൮. വസിഷ്ഠവാചാ=വസിഷ്ഠമഹർഷിയുടെ ചൊൽപടിക്കു്. പൌരജനൈഃ=പുരവാസികളായ ജനങ്ങളാൽ. അതന്ദ്രം=(ക്രി. വി)മടികൂടാതെ. സംഭാരം ഓരോന്ന്=ചട്ടങ്ങൾ ഓരോന്നായി. സമ്പാദിതം=ഒരുക്കപ്പെട്ടു. സംഫുല്ലമല്ലീമധു കണ്ട്=വിടർന്ന മല്ലപ്പൂവിന്റെ തേൻ കൊതിച്ച്. വണ്ടിണ്ട=വണ്ടിൻകൂട്ടം.

൧൯. പ്രജാനാം വദനേ=പ്രജകളുടെ മുഖത്തു്. ആനന്ദവിസരഃ=സന്തോഷാശ്രുപ്രവാഹം അരവിന്ദേ മകരന്ദഃ ഇവ=താമരപ്പൂക്കളിൽ മധുവെന്നപോലെ. ആവിർബഭൂവ=പ്രത്യക്ഷമായി. ഈ ഉപമയ്ക്കു പുറമെ ഇനി ഒരു ഉൽപ്രേക്ഷകൊണ്ടു് അതിനെ കവി ഒന്നുകൂടി അലങ്കരിച്ചു സമർത്ഥിക്കുന്നു. അഭിഷേകദിനേ ഭവിത്രീം=അഭിഷേകദിവസത്തിൽ ഉണ്ടാകുവാൻ ഭാവിക്കുന്ന രാമസ്യ കാന്തിം=രാമന്റെ ശോഭയെ. ആദരേണ=അതിപ്രീതിനിമിത്തം; ചക്ഷുഃ പ്രക്ഷാള്യ വീക്ഷിതും ഇവ=കണ്ണു കഴുകി നോക്കുവാനോ എന്നു തോന്നും എന്ന ഹർഷോൽപ്രേക്ഷാ പുരവാ

കതമായ ഉപമയും ഈ ഉൽപ്രേക്ഷയും തമ്മിൽ പരസ്പരസാപേക്ഷ തയില്ലാത്തതുകൊണ്ടു് ഇവിടെ തിലതണ്ഡുലന്യായേന സംസൃഷ്ടി.

൩൪. രാജാവു് ആത്തമോദം=സന്തോഷത്തോടുകൂടി. ഇതി =ഇങ്ങനെ വാചം ഉവാച=വാക്കിനെ പറഞ്ഞു. തവ=നി ന്റെ. അംസേ=ചുമലിൽ. മമ=എന്റെ. ഭൂഭരണം ഭാരം=രാജ്യ ഭരണ എന്നുള്ള ചുമടിനെ. നിധായ=ഇറക്കി വച്ചിട്ടു്. ഞാൻ സ്വൈരം=സ്വസ്ഥമായിട്ടു വസിപ്പതിനു്. അതീവ=ഏറ്റവും. കുതൂഹലീ=താൽപര്യമുള്ളവനായി ഭവിക്കുന്നു എന്നു പറഞ്ഞു എ ന്നു് അന്വയം.

൩൫. ധരണി......വാസിനാം=ഭൂമണ്ഡലത്തിൽ വസി ക്കുന്ന. ദേഹഭാജാം=മനുഷ്യരുടെ സീമാതീതം ആമോദാംഭോ നിധിം=കരകവിഞ്ഞതായ സന്തോഷസമുദ്രത്തെ അധികം ഉ ല്ലാലയൻ=അധികം ഓളം വെട്ടിച്ചുകൊണ്ടു്. (ചന്ദ്രോദയത്തിൽ വേലിയേറ്റമുണ്ടാകുമല്ലോ) ഉജ്ജ്വലാത്മാ=പ്രകാശത്തോടുകൂടി യ. കാമം=അധികം. പ്രഥിതമഹിമാ=പ്രസിദ്ധമായ മഹത്വ ത്തോടുകൂടിയ. രാമ......നാമാ=ശ്രീരാമാഭിഷേകം എന്ന പേ രോടുകൂടിയ. സഃ പൂർണ്ണപീയൂഷധാമാ=ആ പൂർണ്ണചന്ദ്രൻ. ശു ശുഭേ=ശോഭിച്ചു. രൂപാലങ്കാരം.

ഗദ്യം ൭. ഹര ഹര ശിവ ശിവ=ആശ്ചര്യസൂചകനിപാ തം. അഭിഷേക......വിശേഷാൻ=അഭിഷേകോത്സവത്തി ന്റെ മഹാഘോഷങ്ങളെ. പുരവരം=മഹാപട്ടണം. അഭിനവ ......സലിലേഷു=പുതിയ പനിനീരിൽ. മൃഗമദപങ്കംകൊ ണ്ടു്=കസ്തൂരിച്ചാറുകൊണ്ടു്. ധരണീന്ദ്രാണാം=രാജാക്കന്മാ ൎക്കു്. ചത്വരവീഥികൾ=തെരുവുവഴികൾ. കലിതവിതാനം= വിതാനിച്ചു്. കമലാക്ഷീണാം=സ്ത്രീകൾക്കു്. വേശഗൃഹങ്ങ

ളിൽ=വേശ്യാസ്ത്രീകളുടെ വീടുകളിൽ. പൂന്തുകിൽ=മിനുമിനുമുള്ള
വസ്ത്രങ്ങൾ. ഭൂഷണം=അലങ്കാരം. വെണ്മ=നിറപ്പകിട്ട്. അ
ഞ്ജനം=മഷി. മുരണ്ട്=മൂളി. പാഠകജാതികൾ=പാഠകം പറ
യുന്നവർ. സകലജനാനാം=എല്ലാജനങ്ങളുടെയും; ഗുണഗണം
=ഗുണത്തിരവു കേചന=ചിലർ. അണിമുടി=കിരീടം. തോ
ന്നാതോ=തോന്നുകയില്ലേ? "നാട്ട......വന്നു" ശൈലീപ്ര
യോഗം=പ്രയത്നം ചെയ്യുവന് അതിന്റെ ഫലം അനുഭവിപ്പാൻ
യോഗം വന്നു എന്നു ഫലിതാർത്ഥം. നൂനം=നിശ്ചയം. നയജ്ഞൻ
=നീതി അറിയുന്നവൻ. വത്സന്=ഉണ്ണിയായ രാമന്. വത്സല
ഭാവം=വാത്സല്യം. അഹിഭയം=രാജാക്കന്മാർക്ക് സ്വപക്ഷക്കാ
രിൽനിന്നുണ്ടാകുന്ന ഭയം. ബഹുമതി=ബഹുമാനം. മാത്സര്യ
ത്തിന്=ശണ്ഠയ്ക്ക്. ജനനികൾ=അമ്മമാർ. (ഇവിടെ മേൽവ
രാൻപോകുന്ന ദോഷത്തെ ജനാളിപ്രായമാക്കി കവി വെളിപ്പെടു
ത്തുന്നു) കുരള=ഏഷണി. ഐക്യം=ഒരുമ്പാട്. പിണങ്ങുക=പി
രിമുറുക്കുക. (വിരോധമുണ്ടാക്കുക) മകുടം=കിരീടം. ഇടനില=ഉ
ണ്ടാകുമോ ഇല്ലയോ എന്നുള്ള സംശയം. ഭൂസുരസംഘം=ബ്രാഹ്മ
ണർ. ഏവം=താഴെ പറയുംപ്രകാരം. മൃഷ്ടാഷ്ടി=മൃഷ്ടമാകുംവ
ണ്ണമുള്ള അഷ്ടി; മൃഷ്ടം=വയർനിറയെ. അഷ്ടി=ഊണ്. വേർത്തി
ലെങ്കിൽ പകർത്തി എഴുതിയിട്ടില്ലെങ്കിൽ. പട്ടോല=കണക്ക്
ഏട്. പഞ്ചാക്ഷരി='പഞ്ചാക്ഷരി'യെന്ന മന്ത്രം. ഓത്തന്മാർ=
വേദത്തിൽ വിദഗ്ദ്ധന്മാർ) ഓത്തന്മാരെന്നു പറയുന്നവരുടെ കൂട്ട
ത്തിൽ പഞ്ചാക്ഷരി (നമശ്ശിവായ) എന്ന മന്ത്രംപോലും അറിയാ
ത്തവരുണ്ടെന്നു, അവരെ കളശ്ശൂൽ കൂട്ടുന്നു). ജാതി=അനേകം വ്യ
ക്തികളുടെ സമുദായം. വ്യക്തി=ജാതിയിലുൾപ്പെട്ട ഓരോ വ
സ്തു. ഘടം=കുടം; പടം=വസ്ത്രം; ലൂതാതന്തു=ചിലന്തിവല (മാ
റാല) ഘുണാക്ഷരം=ചില പുഴുക്കൾ ഇഴയുമ്പോൾ അക്ഷരങ്ങളു

ടെ ആകൃതിയിലുണ്ടാകുന്ന രേഖ. ഡിത്ഥ ഡബിത്ഥ=ഇത്യാദി
യാദൃച്ഛികശബ്ദങ്ങൾ. ഉച്ചൈഃ=ഉറക്കെ ഇതു താർക്കികന്മാരെയും
വൈയാകരണന്മാരെയും പരിഹസിക്കുന്നതാണ്). പ്രത്യക്ഷാദി
കൾകൊണ്ട്=പ്രത്യക്ഷം, അനുമാനം, ഉപമാനം, ശാബ്ദം, എ
ന്നിങ്ങനെയുള്ള നാലുവിധം പ്രമാണങ്ങളെക്കൊണ്ട്; ആത്മ...
...ബലം=അവനവൻെറ അറിവിൻെറ ശക്തിയെ; പ്രകടിച്ച്=
പ്രത്യക്ഷമാക്കി; നിജ......സിദ്ധാന്തങ്ങൾ=മതങ്ങൾ. (ശ്രുതി,
പ്രത്യക്ഷം, ഐതിഹ്യം, അനുമാനം ഇങ്ങനെയുള്ള പ്രമാണങ്ങളെ
ക്കൊണ്ട് ആലോചനചെയ്തു ഇതു ഇന്നപ്രകാരം ആണെന്നു തീർച്ച
പ്പെടുത്തീട്ടുള്ള അഭിപ്രായം) കർക്കശതാർക്കികരോട്=ശാഠ്യക്കാരാ
യ തർക്കശാസ്ത്രപണ്ഡിതന്മാരോടു. ഭട്ടാരകഗണം=ഭാട്ടന്മാരെന്ന
മീമാംസകന്മാരുടെ കൂട്ടം. മീശക്കൊമ്പുകൾ=മീശകളാകുന്ന കൊ
മ്പുകൾ (അല്ലെങ്കിൽ കൊമ്പുകൾപോലെയുള്ള മീശകൾ) ഓശ
ക്കൊമ്പ്=ശബ്ദമുണ്ടാക്കുന്ന കൊമ്പെന്നുപേരായ വാദ്യവിശേഷം.
ഓമനകൊണ്ട്=ശൃംഗാരഭംഗി നടിക്കൽകൊണ്ട്. കിമപി=ന
ന്നകുറച്ചു. (അല്ലെങ്കിൽ ചിലതു) ബദ്ധകുതൂഹലം=(ക്രി. വി)
അതിതാല്പര്യത്തോടുകൂടി. അർദ്ധശ്ലോകം=പകുതി ശ്ലോകം. വൃ
ത്തവിഹീനം=വൃത്തം പിഴച്ചു കാടായിട്ട്=പിഴയായിട്ടു അം
ഗേ=ദേഹത്തിൽ. പരൽ=കവിടി. പരൽപ്പേര്=അക്ഷരങ്ങ
ളെക്കൊള്ള കവിടിയുടെ സംഖ്യ കുറിക്കുന്ന വാക്യം. രന്ധ്രത്തി
ങ്കൽ=അഷ്ടമത്തിൽ; ലഗ്നാധിപൻ=ഉദയരാശിയുടെ നാഥനാ
യ ഗ്രഹം; പഞ്ചമമുടയവൻ=അഞ്ചാം ഭാവാധിപൻ; അന്ത്യേ
=പന്ത്രണ്ടാം ഭാവത്തിൽ; ഗുരു=വ്യാഴം; നിസ്സന്ദേഹം=സംശ
യംകൂടാതെ. മാളവിയോഗം=ശുക്രൻ ഉച്ചസ്വക്ഷേത്രങ്ങളിൽ ഏ
തെങ്കിലും ഒരു രാശിയിൽ കേന്ദ്രിച്ചു നിന്നാലുണ്ടാകുന്ന ഒരു മഹാ

യോഗം കേസരിയോഗം=ചന്ദ്രന്റെ കേന്ദ്രത്തിൽ വ്യാഴംനിന്നാലുണ്ടാകുന്ന ഒരു യോഗം; ധുരുധുരയോഗം=ചന്ദ്രന്റെ രണ്ടിലും പന്ത്രണ്ടിലും ആദിത്യനൊഴികെയുള്ള ഏതെങ്കിലും ഒരു ഗ്രഹം നിന്നാലുണ്ടാകുന്ന ഒരു യോഗം; ഇനി പറയുന്ന യോഗങ്ങളൊക്കെ ഫലിതക്കാരനായ കവിയുടെ സൃഷ്ടികളാണു. ചീനക്കണ്ണ്=കണ്ണടയായിരിക്കണം. പരൽപ്പൈക്കുറ=കവിടിസ്സഞ്ചി. അപശബ്ദത്തിൽ=ശബ്ദശുദ്ധിയില്ലാതെ; അപശ്രുതിമിശ്രജ്യാക്കളും=അപസ്വരത്തോടുകൂടിയ ജ്യാവുകൾ. പങ്ക്തി......ആജ്ഞ=ദശരഥന്റെ കല്പന; നിലിമ്പന്മാർ=ദേവകൾ. പ്രാശ്നികനിവഹം=പ്രശ്നക്കാരുടെ കൂട്ടം; കഥചനഭാഗേ=ഒരു ഭാഗത്ത്. വൃക്കച്ച=പണ്ടത്തെ നാട്ടുഭടന്മാർ അരയിൽ മുറുക്കിക്കെട്ടുന്ന ഒരുതരം കച്ച. വൃത്തൊപ്പാരം=കുറവൻ തലക്കെട്ട്. കൈത്തോൽ=കയ്യുറയായ തോൽ. പരശ്വധം=ഏകദേശം വെൺമഴുപോലെയുള്ള ഒരായുധം; ചേകം=അകമ്പടി. (സേവകം ചേവകം ചേകം എന്നു പദപരിണാമം). മാററാർ=ശത്രുക്കൾ. പ്രാമ്മക്ക്=ബ്രാഹ്മണർക്ക്. ഉമിഞ്ഞത്=തുപ്പിയതു. ചെറുമികൾ=ദാസികൾ; കിം കിം ബഹുനാ=വളരെ വിസ്തരിച്ചിട്ടെന്തുവേണ്ടു. കിഴ്പ്പെട്ടം=താണുപോകം. ഗീഷ്പതി=വാക്പതി. (വ്യാഴം) (ഈമാതിരി പച്ചമലയാളത്തിൽ ഗദ്യമെഴുതുവാൻ യാതൊരു പ്രയാസവുമില്ലാത്ത ഈകവിതന്നെ ഒരു മലയാളപദം കണികാണാൻ കിട്ടാത്ത സംസ്കൃതഗദ്യങ്ങൾ കോരിച്ചൊരിയുകയും ചെയ്യും).

൩൦. പ്രാരബ്ധേ=ആരംഭിച്ചതായ. അസ്മിൻ അഭിഷേകോത്സവേ=ഈ അഭിഷേകമഹോത്സവത്തിൽ. ദിഗന്തേ=എല്ലാം ദിക്കുകളിലും; പൂരിച്ചു=നിറഞ്ഞു. മമ്മാ=ആശ്ചര്യം; സ്വൈരം=സുഖം ഹൃദയേ=ഉള്ളിൽ. വിശ്വലോകക്ക്=ഏ

ല്ലാജനങ്ങൾക്കും. മംഗലജലധി=ശുഭങ്ങളുടെ ഇരിപ്പിടം; ശ്രീരാമവിശേഷണം).

൩൮. അഭിഷേകകൗതൂഹലം പൂണ്ട്=അഭിഷേകത്തിനുള്ള ആഡംബരങ്ങളോടുകൂടി. അത്യുദാരം=അധികം ശ്രേഷ്ഠമായ. നൃപാസനം=സിംഹാസനത്തെ. ആരൂഢവാൻ=കയറി; കില=(പ്രസിദ്ധിവാചകം) എന്നു പ്രസിദ്ധമായി. ക്രൂരാശയാ കുടില മന്ഥര എന്നീ=ക്രൂരചിത്തയും, കളവുകളുള്ളവളും ആയ മന്ഥരയൊഴികെ ലോകത്തിലുള്ളവരെല്ലാം.

൩൯. ബന്ധുരനെറി തിരളും=നല്ല ശുദ്ധിയുള്ള. പത്മിനീവാരിപൂരം=താമരപ്പൊയ്കയിലെ വെള്ളത്തെ. സൈരിഭം=പോത്തു. അഗ്രേ=മുമ്പിൽ. രാമ......കൗതൂഹലം=രാമാഭിഷേകവൎത്തമാനം കേട്ടു സന്തോഷത്താൽ കൂടിയിരിക്കുന്ന. മദ്ധ്യമാംബാഹൃദയമലർ= നടുവിലെ അമ്മ(കൈകേയി)യുടെ ചിത്തത്തെ. ക്രൂര......ക്ഷോഭൈഃ=പരദ്രോഹകരങ്ങളായ വാക്കുകളെക്കൊണ്ട്.

൪൦. ഹേ വിരസൂതേ!=വീരനായ പുത്രനെ പ്രസവിച്ചവളേ! വിളിപണിപ്രായം=ഏകദേശം ഒരു ദാസിയുടെ നിലയിൽ. സപത്നിക്ക്=(സമാനനായ പതിയോടുകൂടിയവൾ, സപത്നി) കൗസല്യക്ക്. നിർല്ലജ്ജം=നാണമില്ലാതെ. ശിരസി=തലയിൽ. കൃതാ=ചെയ്യപ്പെട്ടതു് (എഴുതപ്പെട്ടതു) വൈധസീ=ബ്രഹ്മാവിനൻറതു. രേഖാ=എഴുത്തു. (തലയിലെഴുത്തു).

ഗദ്യം ൨. ദശ......വല്ലഭേ! ദേവി!= ദശരഥമഹാരാജാവിൻെറ പ്രിയ പത്നിയായ തമ്പുരാട്ടി! "പോലേ......കൈവരാ"="നല്ലതുവരേണമെന്നാണു് എല്ലാൎക്കും ആഗ്രഹം. എന്നാൽ അതു എല്ലാൎക്കും സാധിക്കുന്നില്ല" എന്നു ലോകോക്തിയെ ശൈലീരൂപേണ ഉപന്യസിച്ചിരിക്കുന്നു.

നീതി=നയം (രാജനീതിജ്ഞാനം) കോസലേന്ദ്രാത്മജാ =കൌസല്യാ. യാവനാസ്സ്=കൊററിന് (വൃത്തികൾ). അനാഫം =ദിവസേന "തേങ്കലെക്കാച്ചതേ തങ്കൽ വീഴ്" ശൈലീ പ്രയോഗം. "നിൻെറ പുത്രനു രാജ്യം ലഭിച്ചാലേ നിനക്കു സുഖം അനുഭവിപ്പാൻ കഴികയുള്ളു" എന്നു ഫലിതാൎത്ഥം.

അതുകിട്ടുവാനുള്ള വഴി പറയുന്നു:—

വരദ്വന്ദ്വം=രണ്ടു വരങ്ങൾ. ഏതേന=ഇവനാൽ (ദശരഥനാൽ) ഭവത്യൈ=ഭവതിയ്ക്കു്. ദത്തം=നൽകപ്പെട്ടതു്. വനാന്തേഷു=കാടുകളിൽ. തദീയാത്മജന്=നിൻെറ പുത്രന്. ആത്മരാജ്യത്തെ=തൻെറ രാജ്യത്തെ. വരിച്ചാൽ=ആവശ്യപ്പെട്ടാൽ; (ആ രണ്ടു വരങ്ങളും ഇപ്രകാരം കിത്തരണമെന്ന്). അത്ര രാജ്യേ=ഈ രാജ്യത്തിൽ.

൪൧. അലംഘ്യ......ദോഷാൽ=വലുതായിട്ടുള്ള കൊടുങ്കാററതട്ടി കൂട്ടിമുട്ടുകയാൽ. ശീതള......പങ്ക്തൌ=തണുപ്പുള്ളവെള്ളത്തെ വഷിക്കുന്ന മഴക്കാറിൽനിന്നു്. കഠോരഃ അശനിഃ ഇവ=ഭയങ്കരമായ ഇടിത്തിയ്യ എന്നപോലെ. അപ......സൌഖ്യാൽ=ജനങ്ങളുടെ സുഖത്തെ നശിപ്പിക്കുന്നതു് ആയ. മന്ഥരാഭേദവാക്യാൽ=മന്ഥരയുടെ സാകാൎയ്യമായി ഏഷണി പ്രയോഗിച്ചു ഛിദ്രിപ്പിക്കുന്ന വാക്കുനിമിത്തം; ഭരതജനന്യാഃ അപി ദൌൎജ്ജന്യം ആസീൽ=ഭരതൻെറ അമ്മയ്ക്കും ദൌൎജ്ജന്യം (ദുൎജ്ജനസ്വഭാവം) ഉണ്ടായി; ഹന്ത!=ആശ്ചൎയ്യം.

൪൨. ശഠഹൃദയാ=ദുൎബ്ബുദ്ധിയായ. കൈകയീ; കൎണ്ണമൂലേ=(രാജാവിൻെറ) ചെവിയിൽ; ഹേ ധന്യാത്മൻ! വരയുഗ്മം=രണ്ടു വരം. ഇതി=എന്ന് (അകനു). മേ=എൻെറ. പ്രാൎത്ഥനാ=യാചന (അ 8 ക്ഷ). കീൎത്തിസിന്ധോ!=എന്നു സംബോധ്രായ

മായ വിശേഷണം. പ്രതിജ്ഞാഭംഗം ദുഷ്കീർത്തികാരണമാകുമെന്നു സൂചിപ്പിക്കുന്നു.

൪൩. സവിതൃകുലവതംസം = സൂര്യവംശാലങ്കാരമായ രാജാവു. ഏവം = ഇങ്ങനെയുള്ള. ശ്രവണ......വാണിം = ചെവിക്കു ദുസ്സഹമായ വാക്കിനെ. ആകർണ്ണ്യ കേട്ടിട്ടു. തൂർണ്ണം-വേഗത്തിൽ. വിവശതയൊട് = പാരവശ്യത്തോടുകൂടി. മോഹം ഉൽക്കൊണ്ട് = മോഹിച്ചു. മഹാത്മാ = മഹാശയനായ അദ്ദേഹം. അധികദീനഃ = വളരെ ദുഃഖിതനായിട്ടു. വാചം ഊചേ = പറഞ്ഞു.

൪൪. ഹേ കഠിനഹൃദയേ! കുമാരൻ = ഉണ്ണിയായ രാമൻ. കാന്താരേ = ദുർഗ്ഗമമായ വനത്തിൽ. അനാപഹം = ദിവസവും, കഥം സഹതേ = എങ്ങനെ സഹിക്കും. ഇമ്മേ = ഈ എനിക്കു. തനുജന്ന് = നിന്റെ പുത്രന്നു. അർദ്ധാധിപത്യം = പകുതി രാജ്യത്തിന്നുള്ള ആധിപത്യം.

൪൫. മന്ദഭാഗിനി = ഭാഗ്യംകെട്ടവൾ. രാജ്യ......അധികാരം = രാജ്യസുഖം അനുഭവിപ്പാനുള്ള അധികാരം. വത്സലത = വാത്സല്യം. ദൃഢപ്രതിജ്ഞതാം = ഉറപ്പായിട്ടുള്ള പ്രതിജ്ഞതയെ. ഹേ മനുവംശകേതോ! = അല്ലയോ മനുവിന്റെ വംശത്തിന്നു അലങ്കാരമായിട്ടുള്ളോവേ!

൪൬. അയ്യോ! = (ഖേദസൂചകനിപാതം) വിപിനഭുവി = കാട്ടിൽ. ധൃതം കൌതുകം കൈവെടിഞ്ഞു = അഭിഷേകമംഗളത്തിനായി കെട്ടിയ കാപ്പും കളഞ്ഞു. തസ്യ = അവന്റെ (രാമന്റെ) അഭിഷേകേ = അഭിഷേകത്തിൽ. ലോകകൌതൂഹലം =

ലോകത്തിന്റെ (ജനങ്ങളുടെ) സന്തോഷാധിക്യത്തെ. പ്രാണാപഗൻ=മരിക്കാറായവൻ; കാമം=എങ്ങനെയെങ്കിലും. ധർമ്മഭീത്യാ=ധർമ്മം വിട്ടുവാനുള്ള ഭയം ഹേതുവായിട്ട്. മാപാപീ=അല്ലയോ മഹാപാപശീലേ!; ആയുഗാന്തം=യുഗാവസാനംവരെ; കീർത്തിഭേകട്=ഇതു് ഈ ദുഷ്കീർത്തിയെ; നിൻകുലം=നിന്റെ വംശം (കേകയരാജവംശം). കഥം=എങ്ങനെ. സഹതേ=സഹിക്കുന്നു?

൪൬. തവ മകന്നു്=നിന്റെ പുത്രനു്. ഇമ്മേ=ഈ എന്റെ വത്സൻ=ഉണ്ണി (രാമൻ) വിപിനസീമനി=വനത്തിൽ. കർമ്മം=യോഗം. അററിത്തു്=അവസാനിച്ചു. ഈ=(വിഷാദസൂചകനിപാതം) ആധുനാ=ഇപ്പോൾ. വിധിനാ=ദൈവത്താൽ. ഞാൻ ഹതഃ=ഹതനായി (വഞ്ചിതനായി.)

൪൭. തസ്യ=അവന്നു്. താരവിണാം=മരങ്ങളെ സംബന്ധിച്ചവയായ. ത്വചാം=തോലികളുടെ (തോലികളെക്കൊണ്ടുള്ള) കിഞ്ചന=മരം. വാസഃ=വാസസ്സ് (വസ്ത്രം) ഭവതു=ആയിക്കൊള്ളട്ടെ. (മാർദ്ദവവും സുഖവുമുള്ള പട്ടാംബരങ്ങളെ ധരിക്കേണ്ടവനായ രാമൻ മരവിരി ഉടുത്തുകൊള്ളട്ടെ.) അവന്നു് ധന്യാഃ=ശോഭനങ്ങളായ ഛായാദ്രുമാഃ=തണൽ കൊടുക്കുന്ന വൃക്ഷങ്ങൾ. ഭവനാനി ച ഭവന്തു=ഗൃഹങ്ങളായിട്ടും ഭവിക്കട്ടെ. (മനോഹരങ്ങളായ സൗധങ്ങളിൽ വസിക്കേണ്ടവനായ അവൻ മരത്തണലുകളിൽ വസിച്ചുകൊള്ളട്ടെ). ഹേ കൈകേയി! ത്വച്ചേതസഃ അപി കഠിനാനി=നിന്റെ മനസ്സിനേക്കാൾ കഠിനങ്ങളായ; ശിലാതലാനി=പാറപ്പുറങ്ങൾ, തസ്യ=അവന്നു്; കഥം ശയനാനി ഭവേയുഃ=എങ്ങനെ ശയ്യകളായിട്ടു ഭവിക്കും? (നിന്റെ മനസ്സിനെക്കാൾ

കഠിനമായ പാറപ്പുറത്തു രാമൻ കിടക്കേണ്ടി വരുന്നതാണ് എനിക്കു ദുസ്സഹമായി തോന്നുന്നതു്.) ഇതു സ്വാനുഭവത്തെ സൂചിപ്പിക്കുന്നു.

൪൯. ത്വം=നീ. ഇഹ=ലോകത്തിൽ. ശീലവതീഷു=സുശീലകളായ സ്ത്രീകളിൽ വച്ചു്. കാചിൽ=ഒരുത്തിയായിട്ടു്. ന അഭവഃ ഏവ=ഭവിച്ചില്ല, നിശ്ചയം. സഃ രാമഃ=ആ രാമൻ പിതൃമതാം ഗണനാം=നല്ല അച്ഛനുള്ളവരുടെ കൂട്ടത്തിൽ ഗണിപ്പാനുള്ള അർഹതയെ; ന അഭജൽ ഏവ=പ്രാപിച്ചതുമില്ല. ഹേ അനാര്യേ!=ദുഷ്ടേ! അഹം അപി=ഞാനാകട്ടെ. ആത്മജസുതാൻ=മകന്റെ മക്കളെ. ന ഏവ ആപം=ലഭിച്ചതുമില്ല. (എനിക്കു പൌത്രന്മാരുണ്ടായിട്ടുമില്ല.) മേ=എനിക്കു്. നൈവാപം അംബു=പിതൃകർമ്മത്തിനുള്ള നീർ ഭരതേന=ഭരതനാൽ; ന പ്രദേയം=ദാനം ചെയ്യപ്പെടാവുന്നതല്ല. (ജ്യേഷ്ഠപുത്രനായ രാമന്റെ വനവാസകാലത്തു ഞാൻ മരിക്കും; മരിച്ചാൽ എനിക്കുദകക്രിയ ചെയ്വാൻ രാമനു പുത്രനുണ്ടായിട്ടില്ല; അതുകൊണ്ടു പിന്നെയുള്ള പുത്രന്മാരിൽ ജ്യേഷ്ഠനായ ഭരതൻ ദുഷ്ടയായ നിന്റെ പുത്രനായതുകൊണ്ടു അവൻ നീർ തരുന്നതു് എനിക്കു പ്രീതികരമായിരിക്കയില്ല, എന്നു സാരം.) ഇതു കൈകേയിയുടെ നേരെ രാജാവിനു തൽക്കാലം തോന്നിയ വെറുപ്പിന്റെ ആധിക്യത്തെ കാണിപ്പാൻ വേണ്ടി കവി പ്രയോഗിച്ചതായിരിക്കാം. വാൽമീകിമഹർഷി എന്തു പറയുന്നു എന്നു രാമായണം നോക്കേണ്ടതാണു്.

൫൦. ഹേ കഠോരഹൃദയേ!=കഠിനചിത്തയായുള്ളവളേ! നയനാഭിരാമം=കണ്ണിനു് ആനന്ദപ്രദനായി. വത്സം രാമം വിനാ=ഉണ്ണിയായ രാമനോടുകൂടാതെ. മേ ജീവിതം ന തിഷ്ഠതി ഖലു=എന്റെ പ്രാണൻ നില്ക്കുന്നതല്ല നിശ്ചയംതന്നെ. (രാമനെ പിരിഞ്ഞാൽ ഞാൻ മരിക്കും; നിശ്ചയംതന്നെ.) ധാതുഃ=ബ്രഹ്മാവി

ൻെറ (നിയതിയുടെ) ബലാൽ=ശക്തിനിമിത്തം. ഹേ കൈകേയി! ത്വയി=(ത്വാം വിഷയീകൃത്യ) നിന്നെ സംബന്ധിച്ചതായി; ജാതപൂർവ്വഃ ഉപയമഃ=മുമ്പുണ്ടായ ഉപയമം=(വിവാഹം) മാം= എന്നെ, ഉപയമം=യമൻെറ സമീപത്തെ. (മരണത്തെ) നയതി =പ്രാപിപ്പിക്കുന്നു. (പ്രാപിപ്പിക്കും) ഇതി= എന്ന് (അഹം) മന്യേ= ഞാൻ വിചാരിക്കുന്നു.

൭൧. ഹേ അനുപമഗുണഭദ്രമേ!=അതുല്യഗുണനിധിയായുള്ളോവേ!; പുത്രമോഹേന=പുത്രവാത്സല്യം നിമിത്തം; സത്യോപപ്ലവം=സത്യഭംഗത്തെ. മനസി=മനസ്സിൽ. അനുമൂഹ്ഃ =എന്നാൽ വലുതായ ചാരു കീത്തിക്കും=നല്ല യശസ്സിനും, കനം അഴകിത്ത്=വളരെ ഭംഗിയായി എല്ലാരുമേ=എല്ലാവരും തേ=അങ്ങേക്ക് (പുത്രവാത്സല്യംകൊണ്ടു സത്യഭംഗം ചെയ്യാമെന്ന് അങ്ങുന്നു തീച്ചയാക്കിയെങ്കിൽ, അങ്ങയുടെ അറിവും, കീത്തിയും സർവ്വവന്ദ്യതവും ഒക്കെ വളരെ ക്ഷേമംതന്നെ, എന്നു വിപരീതലക്ഷണയാൽ നിന്ദാസൂചകം)

൭൨. ഹേ! പ്രിയേ=കൈകേയി! ഈ രാമവിരഹാൽ=രാമൻെറ വേർപാടുകൊണ്ട്. കഠിനഹൃദയാം ത്വാം വച്ച്=കഠിനചിത്തയായ നിന്നെ വിട്ട്. ഒരു അമരീം പ്രിയാം=ഒരു ദേവസ്ത്രീയായ പ്രിയയെ. പൂണ്മാൻ=ആലിംഗനംചെയ്യാൻ. മമ ഗമനം ഉണ്ട്=എൻെറ യാത്രയുണ്ട്. (രാമനെ പിരിഞ്ഞാൽ ഞാൻ സ്വർഗ്ഗം പ്രാപിക്കുന്നതാണ്.) വനഭുവി നടക്കുന്ന അയം തനയൻ=കാട്ടുപ്രദേശത്തു നടക്കുന്ന ഈ പുത്രൻ (രാമൻ) അജ്ഞാതപാ= അറിയാതെ (വനവാസദുഃഖം) തരു......ഗൃഹാം=മരങ്ങളും വള്ളിക്കെട്ടുകളും കാറിക്കാടുകളും ചുററിയിരിക്കുന്ന ഗൃഹങ്ങളോടുകൂടിയ. അയോധ്യാം ഏവ പ്രയാസ്യതി= അയോ

ദ്ധ്യയെതന്നെ പ്രാപിക്കും (രാമവിരഹം വന്നാൽ എനിക്കു നിന്റെ ഉപദ്രവം വിട്ടു ദേവാംഗനാലിംഗിതനായിട്ടു സ്വൎഗ്ഗത്തിൽ വസിക്കാനിടവരും. രാമന് അസാധാരണ സുഖപ്രദമായ വനപ്രദേശമാകുന്ന ആദയാദ്ധ്യയും ലഭിക്കും എന്നു സാരം.)

൭൨. ഭേദങ്ങൾകൊണ്ടും=നിർബ്ബന്ധങ്ങൾ ഒഴിപ്പാനുള്ള നയങ്ങൾ കൊണ്ടും. അനുനീതികൾ=നല്ല വാക്കുകളെ അനുകൂലമായിട്ടു പറയുക. വല്ലഭായാഃ മനകാമ്പിന്=കൈകേയിയുടെ മനസ്സിന്. ഭേദം വരാഞ്ഞ്=മാറ്റം വരാത്തതിനാൽ. ആതങ്കമാന്ന്=വ്യസനിച്ച്. നീതിജ്ഞനോട് സുമന്ത്രരോട്=നീതിജ്ഞനായ സുമന്ത്രരോട്. ആബഭാഷേ=പറഞ്ഞു.

൭൪. പ്രതിജ്ഞ=സത്യം. ആലംഘ്യം=ലംഘിക്കത്തക്കതു്. രാമനെ വേറിരുന്നാൽ=പിരിഞ്ഞാൽ. നിമേഷം അപിന അലം=ഒരു നിമിഷംപോലും ഞാൻ ശക്തനാകുന്നതല്ല. ഹേ നയാംബുധേ!=നീതിജ്ഞോത്തമ!, രണ്ടും (സത്യലംഘനവും, രാമവിയോഗവും) എത്രയും പെരികെ അസഹ്യം ആകുന്നു. എന്നാൽ ഞാൻ. ധർമ്മവിഹതിയ്ക്കു്=ധർമ്മത്തെ കെടുത്തുവാൻ ആളല്ല.

൭൫. മേ=എന്റെ (ഞാൻ കൊടുത്തിരിക്കുന്ന) വരദായം വഞ്ചിയ്ക്കുമാറ്=വഞ്ചിക്കത്തക്കവണ്ണം നിനവ് ഇല്ല. ഹേ സുമന്ത്ര! (എനിക്ക്) മരണത്തിലും കിഞ്ചിൽ=ഒട്ടും ഖേദം ഇല്ല.

൭൬. മമ കർമ്മം=എന്റെ ദൈവം. നൂനം=നിശ്ചയം. രഹസ്യസാരം=ഗൂഢമായ ഒരു തത്വം.

൭൭. മുനിസുതം=ഋഷിപുത്രനെ. ആനാഭ്രാന്ത്യാം=ആനയാ

ണെന്നുള്ള ഭ്രമം നിമിത്തം. കലശ......പൂരണേ=കുടത്തിൽ വെള്ളം നിറയ്ക്കുന്ന സമയത്തിൽ. ശബ്ദവേധി ബാണം=ശബ്ദത്തെ ലക്ഷ്യംവച്ചു മുറിയ്ക്കുന്ന അമ്പ്. തനയ വിരഹാൽ=പുത്രനെ പിരിയുന്നതു ഹേതുവായിട്ട്. പ്രാണാപായം=ജീവനാശം. ശപ്ത്വാ=ശപിച്ചിട്ട്. ക്ഷീണഃ=ക്ഷീണിച്ചവനായി. വൃദ്ധഃ=വൃദ്ധനായ. മുനിഃ=മുനി. അതിശുചാ=വളരെ ദുഃഖത്തോടുകൂടി. മാം=എന്നെ വിളിച്ച്. ആബഭാഷേ=പറഞ്ഞു. പറഞ്ഞ പ്രകാരം താഴെ പറയുന്നു.

൬൮. ഹേ രാജൻ! (ത്വം) മാം വേശ്യാത്മജം=അല്ലയോ രാജാവേ! (അങ്ങ്) എന്നെ വേശ്യാത്മജനെന്നു വിദ്ധി=അറിഞ്ഞാലും ജനനി ശൂദ്രജാ=എന്റെ അമ്മ ശൂദ്രന്റെ പുത്രിയാകുന്നു. തൽ ബ്രഹ്മഹത്യാ ന ആശംക്യാ=അതു ഹേതുവായിട്ട്. അങ്ങ് ഞാൻ ബ്രഹ്മഹത്യ ചെയ്തുപോയല്ലോ എന്നു വിഷാദിക്കേണ്ടാ ഹേപ്രജാപാലനനിപുണമതേ!=പ്രജകളെ രക്ഷിക്കുന്നതിൽ സമർത്ഥനായ രാജാവേ! (അങ്ങ്) ചിരം നാഥം ഭൂമൌ വാഴുക=വളരെക്കാലം ഭൂമിയിൽ സുഖമായിരിക്കുക. ഇങ്ങനെ അസൌ സ്ഥവിരമുനിഃ=ഈ വൃദ്ധനായ മഹർഷി വ്യാജാപേതം=വ്യാജം കൂടാതെ. അസ്യാം ദശയിൽ=ഈ സമയത്ത്. നാശത്തിൻ മൂലം. അത്ത് സമാസന്നം=അടുത്തു വന്നു. എന്ന്. ഏഷഃ (അഹം) മന്യേ=ഈ ഞാൻ വിചാരിക്കുന്നു.

൬൯. അഭിരാമത കണ്ട്=ആകൃതിയുടെയും പ്രകൃതിയുടെയും സുഖകരത്വം കണ്ടിട്ട്. 'രാമൻ' എന്നുള്ള, അഭിധാം=പേരിനെ. ചേത്തരുളുന്ന നാവുകൊണ്ടേ=വിളിക്കുന്ന നാവുകൊണ്ടു

തന്നെ. അപകാരുണ്യം=ദയ കൂടാതെ. വിപിനേഷു=കാട്ടുകളിൽ നടക്ക.

൯൦. തദാനീം=അപ്പോൾ. നീതിഷു പ്രഥിതഃ=രാജനീതികളിൽ പ്രസിദ്ധനായ സുമന്ത്രരും. അധികം ആകുലാത്മാ=വളരെ പരവശചിത്തനായിട്ടു. ക്ഷിതിപാലസമക്ഷം=രാജാവിന്റെ മുമ്പിൽ വച്ചുതന്നെ. ആയതെല്ലാം ബഭാഷേ=പല നീതി കൌശലങ്ങളെ പ്രകടിച്ചു തന്നാലാകുന്ന വിധമെല്ലാം പറഞ്ഞു. സുമന്ത്രവചനത്തെ താഴെ പറയുന്നു.

൯൧. ഹാ! കഷ്ടം!=അയ്യോ കഷ്ടം. കേകയേ... ചരിതമേ!=(കേകയരാജവംശത്തിന്റെ യശസ്സു മൂർത്തിമത്തായുള്ള ദേവി! എന്നു സാരം.) മോഹഗ്രസ്തം=മൂഢത ബാധിച്ചുള്ളു്. ഇതു് അഴക്=ഇതു നല്ലഭംഗിയായി (വിപരീതലക്ഷണം ഒട്ടും നന്നായില്ല എന്നു സാരം.) അകീർത്തിക്കു=ദുര്യശസ്സിന്. ഇപ്രമേയം=ഇക്കാര്യം. ആകാതൊന്നു (ആകുന്നു) മഹാത്മാ ഭരതൻ=ഉദാരചിത്തനായ ഭരതൻ. ത്രിലോകീവിഷാദാൽ=മൂന്നു ലോകത്തിനും വ്യസനകരമായിരിക്കുന്നതും ലോകാക്രുഷ്ടാൽ=ലോകത്താൽ നിന്ദിക്കപ്പെട്ടതുമായ. അമുഷ്മാൽ ദുരഭിലാഷാൽ=ഈ ദുരാഗ്രഹത്തിൽനിന്നു്. വിരമ=നീ ഒഴിഞ്ഞു മാറുക.

൯൨. ഭുവനശുഭം ഇയറും=ലോകത്തിനു മംഗളം വരുത്തുന്ന. പുണ്യ......കലവി=ശ്രേയസ്കരമായ രാമാഭിഷേകം എന്ന ഉത്സവഘോഷം. മുടങ്ങിത്തു്=മുടങ്ങി. എന്നു കേട്ടു്. ആകുലാനാം=പരവശന്മാരായ. ജനതാനാം=ജനസമുദായങ്ങളുടെ. ദീനവാക്യങ്ങൾ=ദുഃഖപ്രലാപങ്ങൾ. പാഴ്ക്കരിങ്കല്ലു്=ഒരു വികാരവുമില്ലാത്ത കരിങ്കല്ലു്. അവശം=അടക്കാൻ കഴിവില്ലാതെ

അയ്യോ=(എന്നു ഖേദാധിക്യസൂചകനിപാതം) എന്നിട്ടും നിന്റെ മനസ്സിന് അലിവുണ്ടാകുന്നില്ലല്ലൊ കഷ്ടം.

൩൨. വിധുരം=വളരെ ദയനീയമാകുംവണ്ണം. ഇതി=ഇപ്രകാരം. സുമന്ത്രേണ=സുമന്ത്രനാൽ. ഉക്താം=പറയപ്പെട്ടതു്; ആകർണ്ണ്യ=കേട്ടിട്ടു്. സാ കൈകേയി=ആ കൈകേയി. അതിനു ചെവികൊടാതെ=അതു കേട്ടില്ലെന്നു നടിച്ചു്. നരേന്ദ്രം=രാജാവിനോടു ചൊന്നാൾ. മദഭിലഷിതം=എന്റെ ആഗ്രഹത്തെ ജീവനാം=പ്രാണനെ മുമ്പിൽനിന്നേ=മുമ്പിൽ നിന്നു തന്നെ.

ഇതു കേട്ടപ്പോൾ ദശരഥൻ പറയുന്നു:—

൩൩. സഃ വൃദ്ധഃഅയം ദശരഥഃ=ആ വൃദ്ധനായ ഈ ദശരഥൻ ഗൃഹമേധിതാം=ഗൃഹസ്ഥന്റെ ധർമ്മത്തെ. ഉപാസ്തേ=സേവിക്കുന്നു. (അനുഷ്ഠിക്കുന്നു) ക്ഷീരകണ്ഠേന രാമേണ=മുലകുടി മാറാത്തവനായ രാമനാൽ (വാത്സല്യാധിക്യത്താൽ അതിശയോക്തി) വനവാസഃ=വനവാസം. (വാനപ്രസ്ഥധർമ്മം) നിഷേവ്യതേ=സേവിക്കപ്പെടുന്നു. വൃദ്ധകൃത്യമായ വനവാസം, തരുണനും, തരുണകൃത്യമായ ഗൃഹമേധിത്വം വൃദ്ധനും അനുഷ്ഠിക്കുന്നു എന്നുള്ള കൃത്യവൈപരീത്യത്തെ സൂത്രംകൊണ്ടു കാണിക്കുന്നു.)

൩൪. ശശികാന്തഃ ഗ്രാവാ=ചന്ദ്രകാന്തക്കല്ലു്. രവിരത്നതാം=സൂര്യകാന്തക്കല്ലിന്റെ അവസ്ഥയെ. കഥം ഭജതേ=എങ്ങനെ പ്രാപിക്കുന്നു. രാമഃ തു=രാമൻ ആകട്ടെ. മേ=എനിക്കു് ചന്ദനം ഭൂത്വാ=ചന്ദനം ആയി ഭവിച്ചിട്ടു്. ദാവപാവകഃ ജാതഃ=കാട്ടുതീയായിട്ടു ഭവിച്ചു (സാന്നിദ്ധ്യത്തിൽ എനിക്കു ചന്ദ

നംശംപോലെ അത്യാനന്ദപ്രദനായിരുന്ന രാമൻ, വിയോഗത്തിൽ കാട്ടുതീപോലെ സന്താപപ്രദനായിത്തീൎന്നിരിക്കുന്നു.

൩൩. ഹേ പ്രാണാഃ=അല്ലയോ എന്റെ പ്രാണങ്ങളെ! സഃ രാമഃ=ആ രാമൻ. ഗതഃ=ഗതനായി. വനത്തിലേക്കു പോയി. (നിങ്ങൾ) ദ്രുതം=വേഗത്തിൽ. തം=അവനെ. അനുവ്രജത=അനുഗമിച്ചാലും. ജരസാ=ജരകൊണ്ടു്. ജൎജ്ജരൈഃ അംഗൈഃ (ഉപലക്ഷിതസ്യ) ദശരഥസ്യ=പഴകി ദ്രവിച്ച അംഗങ്ങളോടുകൂടിയവനായ ദശരഥനു്. കാ ശക്തിഃ (ഭവതി)=എന്തൊരു ശക്തി ഭവിക്കുന്നു? യാതൊരു ശക്തിയുമില്ല. (അതുകൊണ്ടു് അല്ലയോ പ്രാണങ്ങളെ! നിങ്ങൾ ജീൎണ്ണദേഹനായ ദശരഥനെ വിട്ടു തരുണനായ രാമനെ അനുഗമിക്കുക, എന്നു വൈരാഗ്യപൂൎവ്വമായ ആത്മോപാലംഭം.)

൩൪. നീ മമ വത്സനെ രാമം=എന്റെ ഉണ്ണിയായ രാമനെ. നേത്രം കുളിക്കേ=കണ്ണു തണുക്കുമാറു്. ആരാൽ=സമീപത്തിൽ. പാൎത്തു്=നോക്കി. സമ്പ്രതി=ഇപ്പോൾ. സുമന്ത്രഃ=സുമന്ത്രൻ. ഇതി=ഇങ്ങനെ. ധാത്രീശവാക്യം=രാജാവിന്റെ വാക്കിനെ. ശുചാ=ദുഃഖത്തോടുകൂടി ഗൽഗദനിരുദ്ധഗളഃ=തൊണ്ടയിടച്ചുകൊണ്ടു മിണ്ടാൻ കഴിവില്ലാത്തവനായിട്ടു്. തദാ=അപ്പോൾ തൂഷ്ണീം=മൌനമായിട്ടു്. അഭൂൽ=ഭവിച്ചു.

൩൫. രാമൻ അമാത്യവാചാ=മന്ത്രിയുടെ വാക്കുകൊണ്ടു് താതാജ്ഞ=അച്ഛന്റെ കല്പന. ഖേദാകുലാസ്യം=ദുഃഖംകൊ

ണ്ടു പരവശമായ മുഖത്തെ (അച്ഛന്റെ) അവലോക്യ=കണ്ടിട്ട്. അഥ=പിന്നെ. മാതരം=അമ്മയോട് (കൈകേയിയോട്.) ആതങ്കഹേതും=(അച്ഛന്റെ) വ്യസനകാരണത്തെ. അന്വപൃച്ഛൽ =ചോദിച്ചു. തൽക്ഷണം=അപ്പോൾ. ഗതദയാ സാ=ദയയില്ലാത്ത അവൾ. വചനം ബഭാഷേ=വാക്കിനെ പറഞ്ഞു.

൯. അനേന ഭർത്ത്രാ=ഈ ഭർത്താവിനാൽ. പുരാ=പണ്ട്. ദന......നോദാൽ=ദേവാസുരയുദ്ധത്തിൽ ഉണ്ടായ പീഡകളെ ഞാൻ ശുശ്രൂഷകളെക്കൊണ്ടു തീർത്തതിനാൽ. മേ=എനിക്ക്. വരദ്വയം ദത്തം=രണ്ടു വരം നൽകപ്പെട്ടു. പുനഃ=പിന്നെ. വത്സൻ ഭരതൻ=എന്റെ മകനായ ഭരതൻ നാട്ട് അഖിലം ഭരിക്ക=നാട്ടു മുഴുവൻ ഭരിക്കുക. നീ കാനനേ=കാട്ടിൽ പോക. എന്നിത്ഥം=എന്നിങ്ങനെ. അത്=(ആ വരദ്വയം) ഞാൻ ഇപ്പോൾ. ഇരന്നീടിനേൻ=യാചിച്ചു. അസൌ തേ പിതാ=ഈ നിന്റെ അച്ഛൻ. മദ്വചനേന=എന്റെ ഈ വാക്കു കൊണ്ട്. ശോചതി=ദുഃഖിക്കുന്നു.

൧൦. അഥ മാതൃവചനം ശ്രുത്വാ=അനന്തരം അമ്മയുടെ വാക്കു കേട്ടിട്ട്. മഹനീയധാമാ=മഹാ തേജസ്വിയായി. മൃദു......ജന്മാ=മനോഹരമായ മന്ദഹാസത്തിന്റെ ശോഭകൊണ്ടു സുന്ദരമായ മുഖകമലത്തോടു കൂടിയവനായി. ഘനാനുഭാവൻ=ഗംഭീരമായ ആകൃതിയോടുകൂടിയവനായ (രാമൻ) ഭക്ത്യാ അഭിവന്ദ്യ=ഭക്തിയോടുകൂടി വന്ദിച്ചിട്ട്. അത്യൂർജ്ജിതാം അകല്മ

ഷാം ഗിരം ആബഭാഷേ=വളരെ പൊടിയുള്ളതും, ചാഞ്ചല്യമില്ലാത്തതുമായ വാക്കിനെ പറഞ്ഞു. ആ വാക്കിനെ താഴെ പറയുന്നു.

൭. ഹേ അംബ!=അല്ലയോ അമ്മേ! ഭരതഃ=ഭരതൻ. ഭൂഭരതഃ=ഭൂഭാരം ചെയ്യുന്നതിൽനിന്ന്. ഭീതഃ കിം=ഭയമുള്ളവനാണോ? അഹം=ഞാൻ. പാവനാൽ=പരിശുദ്ധമായ. വനാൽ=വനത്തിൽനിന്ന്. ത്രസ്തഃ കിം വാ?=ഭയപ്പെട്ടവനാണോ? സകല (സഗര)......കകുദം താതഃ=സഗരവംശത്തിന്റെ അലങ്കാരമായ അച്ഛൻ. കുതഃ=എന്തു ഹേതുവായിട്ട്. ശോചതി=ദുഃഖിക്കുന്നു? ദിവ്യായാഃ സരിതഃ=ആകാശഗംഗയുടെ (ആകാശഗംഗകൊണ്ട്) നിവാപകരണാൽ=ഉദകക്രിയ ചെയ്യുന്നതിനേക്കാൾ. ലഘീം=എളുപ്പത്തിൽ സാധിക്കപ്പെടാവുന്നതായ. ഇമാം പ്രതിജ്ഞാം=ഈ പ്രതിജ്ഞയെ. ആവാഭ്യാം=ഞങ്ങളെക്കൊണ്ട്. ഇഹ പൂരയിഷ്യതി ന ചേൽ=പൂർണ്ണമാക്കുകയില്ലെങ്കിൽ. അയം=ഇദ്ദേഹം (അച്ഛൻ) കഥം പുത്രീസ്യാൽ=എങ്ങനെ നല്ലപുത്രന്മാരോടു കൂടിയവനായി ഭവിക്കും? ഭവിക്കയില്ല. (കപിലകോപാനലദഗ്ധരായ സഗരപുത്രന്മാരുടെ ദുരിതദൂരീകരണത്തിനായി "ആകാശഗംഗയെ പാതാളലോകത്തു" കൊണ്ടുചെന്ന് ഉദകക്രിയ ചെയ്ത നമ്മുടെ പൂർവ്വരാജാക്കന്മാരായ ഭഗീരഥാദികളുടെ പ്രയത്നത്തെക്കാൾ എത്രയോ തുച്ഛമായ അച്ഛന്റെ ഈ പ്രതിജ്ഞയെ നിറവേറ്റുവാൻ അശക്തന്മാരാണു ഞങ്ങളെങ്കിൽ, ആ ഞങ്ങൾ എങ്ങനെ പുത്രശബ്ദത്തിന് അർഹന്മാരാകും? അങ്ങനെയുള്ള പുത്രന്മാരോടു കൂടിയ അച്ഛൻ എങ്ങനെ പുത്രവാനാകും? എന്നു ചാരവശ്യസിദ്ധമായ സ്വകുലപ്രശസ്തിയേയും, പിതൃഭക്തിയേയും, സഹോദരസ്നേഹത്തേയും, സ്വകൃത്യനിർവ്വഹണത്തിനുള്ള ഔത്സുക്യത്തേയും ഇതുകൊണ്ടു സൂചിപ്പിക്കുന്നു. (ഇതും ഇനി താഴെ വരുന്നതുമായ രണ്ടു ശ്ലോകങ്ങളും ഭോജചമ്പുവിൽ ഉള്ളതാകുന്നു).

൨൫. മേ=എനിക്ക് വനഭുവി=കാട്ടിൽ. തനുമാത്രത്രാണം=ദേഹം മാത്രം രക്ഷിക്കുകയെന്നുള്ളത്. ആജ്ഞാപിതം=കല്പിക്കപ്പെട്ടു. വത്സമൂർദ്ധ്നി=തനൂജന്റെ തലയിൽ. ('വത്സൻ' എന്നു തന്നെ പ്രയോഗിച്ചതു സോദരസ്നേഹം കാണിപ്പാനാകുന്നു.) സകലഭുവനഭാരഃ=രാജ്യഭാരം മുഴുവൻ. (ഭൂമിയിലുള്ള സകല ജനങ്ങളേയും രക്ഷിക്കുക എന്ന ഭാരം) സ്ഥാപിതഃ=വയ്ക്കപ്പെട്ടിരിക്കുന്നു. തൽ=അതു ഹേതുവായിട്ട്. ഇഹ=ഇവിടെ. ആവയോഃ=ഞങ്ങൾ രണ്ടു പേരുടെയും (കർമ്മങ്ങളുടെ) സുകരതായാം തർക്കിതായാം=എളുപ്പം തോന്നുമ്പോൾ. ഹേ അംബ!=അല്ലയോ അമ്മേ! തേ=നിനക്ക്. മയി=എന്നിൽ (എന്നെക്കുറിച്ച്) ഗരീയാൻ പക്ഷപാതഃ=വലുതായ പക്ഷപാതം (അനുകൂല്യം) പതതി=പതിക്കുന്നു. (ഉള്ളതായി തോന്നുന്നു എന്നു മാതൃഭക്തിയെ കാണിക്കുന്നു)

൨൬. മഹാത്മാ=മഹാത്മാവായ (രാമൻ) ആജ്ഞാംമാലാം ഇവ ശിരസി ആദായ=(അച്ഛന്റെ) കല്പനയെ മാലയെപ്പോലെ ശിരസ്സിൽ വഹിച്ചിട്ട്. മുദാ=സന്തോഷത്തോടുകൂടി. യാത്രചൊല്ലുംദശായാം=യാത്ര പറയും സമയത്തിങ്കൽ. ദശരഥൻ മൂർച്ഛിച്ച്=മോഹാലസ്യപ്പെട്ടു വീണു. ആഹന്ത!=കഷ്ടം! കഷ്ടം! സ്വാച്ഛന്ദ്യോപേതം (ക്രി. വി.)=തന്നിഷ്ടത്തോടുകൂടി. ആജ്ഞാപിക്കും ജനിത്രീം=കല്പിക്കുന്ന മാതാവിനെ (കൈകേയിയെ) പുരവരാൽ=കോവിലകത്തുനിന്ന്. സംപ്രതസ്ഥേ=പുറപ്പെട്ടു.

൨൭. 'രാമൻ' എന്നു കർത്താവിനെ അദ്ധ്യാഹരിക്കണം. ദ്രുതം=വേഗത്തിൽ. കൌതുകോ......ലോളിതാം

=തന്റെ പുത്രനെ അഭിഷേകം ചെയ്യാൻ ഭാവിക്കുന്നു എന്നു അറിവു കിട്ടിയതിനാലുണ്ടായ സന്തോഷംകൊണ്ടു ഇളകി മറിയുന്നവളായ മാതരം=അമ്മയെ. ജാതധൃതി=(ക്രി. വി.) ധൈര്യത്തോടുകൂടി. (തനിക്കു രാജ്യഭാരമല്ല, വനവാസമാണു ലഭിച്ചതെന്നു കേൾക്കുമ്പോൾ അമ്മയ്ക്കുണ്ടാകുന്ന വ്യസനത്തെ സമാധാനവാക്കുകളെക്കൊണ്ടു ശമിപ്പിച്ചുകൊള്ളാമെന്നുള്ള ധൈര്യത്തോടുകൂടി) മാതരം മാതാവായ. കോസ......തനയാം=കൌസല്യയെ. ഖേദവാരിധിയിൽ=ദുഃഖസമുദ്രത്തിൽ. മതിവൈഭവം=ബുദ്ധിസാമൎത്ഥ്യം.

൭. ഭഗവാൻ വസിഷ്ഠഃ=മഹാത്മാവായ വസിഷ്ഠമഹൎഷി ത്രയാണാം ജഗതാം=മൂന്നു ലോകങ്ങൾക്കും. ക്ഷേമം കരേ=ക്ഷേമത്തെ ചെയ്യുന്നതും, രേഖാ......ചിഹ്നേ=രേഖാരൂപങ്ങളായ ചക്രം, പത്മം, ശംഖം ഇങ്ങനെയുള്ള അടയാളങ്ങളുള്ളതുമായ തവ കരേ=നിന്റെ കയ്യിന്മേൽ. കാന്താരകന്ദഖനനാം രചയ=കാട്ടിലെ കിഴങ്ങു പറിക്കുക. ഇതി നൂനം പ്രതിസരം ആമുക്തവാൻ=എന്നു കല്പിച്ചിട്ടാണോ കാപ്പു കെട്ടിയതു്? (വിവാഹം, അഭിഷേകം മുതലായ കൎമ്മങ്ങൾക്കു മുമ്പിൽ, പുരോഹിതൻ മന്ത്രപുരസ്സരമായി കയ്യിന്മേൽ കെട്ടുന്ന ഒരു ചരടിനു്, കൌതുകം, പ്രതിസരം എന്നു സംസ്കൃതത്തിലും 'കാപ്പു്' എന്നു മലയാളത്തിലും പേർ പറയുന്നു).

൮. നിരാധാരം=ആശ്രയമില്ലാത്തതു്. മധ്യമ......ഖിന്നാം=നടുവിലെ അമ്മ (കൈകേയി)യുടെ ക്രൂരവാക്കുകളാകുന്ന വജ്രത്താൽ പിളൎക്കപ്പെട്ടതു്. തീവ്ര......സാരം=വലുതായ ദുഃഖാഗ്നിയുടെ ജ്വാലാമാലകളോടു് ഉള്ളിൽ നീറിയതായിരിക്കുന്ന. താതസ്യ=അച്ഛന്റെ. അംഗം=ശരീരത്തെ. കഥം ചിൽ=ഒരു പ്ര

കാരത്തിലും. ഹേ നീതിജ്ഞേ!=കാര്യം അറിയുന്നവളേ! മമ=എ ൻെറ. ജനനി=അമ്മേ! പിരിഞ്ഞീടൊലാ=പിരിയരുത.

ൈ. (രാമൻ) ഇത്ഥം പറഞ്ഞ്=ഇങ്ങനെ പറഞ്ഞു്. ഘന......ഖിന്നാം=വലുതായ ദുഃഖംകൊണ്ടുണ്ടായ കണ്ണുനീരി നെ തടഞ്ഞതുകൊണ്ടു പരവശയായി. നതാ...പുണ്ഡരീകാം= മുഖകമലത്തെ താഴ്ത്തി നില്ക്കുന്ന. ജനിത്രിയെ=അമ്മയെ. ന ത്വാ=നമസ്കരിച്ചിട്ട്. പൌരൈഃ=പുരവാസികളാൽ ഉൽഗളദ ശ്രു=(ക്രി. വി.) കണ്ണുനീർ വാർത്തുകൊണ്ട്. സുചിരം ഉദ്വീക്ഷി തഃ=വളരെ നേരം കാണപ്പെട്ടവനായിട്ട്. പ്രസ്ഥായ=പുറ പ്പെട്ടു്. മൈഥില....ഭവനം പ്രപേദേ=സീതയുടെ ഗൃഹത്തെ പ്രാപിച്ചു.

വൈ. (രാമൻ) കല്യാ......സുഖിതാം=കുശലപ്രശ്നങ്ങ ളെക്കൊണ്ടു സന്തുഷ്ടയായ. കാന്താം=പത്നിയെ (സീതയെ) സ ഹസാ ഏവ=പെട്ടന്നു്. കാന്താര......കഥയാ=തനിക്കു വന വാസം ചെയ്യാൻ സംഗതി വന്നിരിക്കുന്നു എന്നുള്ള കഥകൊണ്ട്. ക ലുഷിചകാര=പരവശയാക്കിത്തീർത്തു. വിപിനേ=വനത്തിൽ. അംഭോദ......മുദിതാം=ഇടിമുഴക്കം കേട്ടു സന്തുഷ്ടയായ. മയൂ രീം=മയിലിനെ. ധനുർധ്വനിനാ=ചെറുഞാണൊലികൊണ്ട്. സന്ത്രാസയൻ=ഭയപ്പെടുത്തുന്ന. പുളിന്ദഃ ഇവ=വേടൻ എന്ന പോലെ. (കലുഷീചകാര എന്ന ക്രിയയോട്ട് അന്വയം).

ൻെ. ഹേ പ്രിയേ! അഹം മഹാവനം ഗമിഷ്യാമി =അല്ലയോ പ്രാണവല്ലഭേ! ഞാൻ ദണ്ഡകാരണ്യത്തിലേക്കു പോകുന്നു. ഹേ മാനിനി! ത്വയാ ഇഹ ഏവ വസ്തവ്യം=സുന്ദരി നീ ഇ

വിടെത്തന്നെ വസിക്കണം. യഥാ കസ്യ ചിൽ വ്യളീകം ന കുരുഷേ=എന്തൊന്നു ചെയ്യാൽ ആൎക്കും അപ്രിയം ഉണ്ടാകയില്ലയൊ? തഥാ മമ ഇദാം വചഃ ത്വയാ കാൎയ്യം=അങ്ങനെ എന്റെ ഈ വാക്കിനെ (അനുസരിച്ച്) നീ ചെയ്യണം ആൎക്കും അപ്രിയം തോന്നിക്കാതെ നീ ഇവിടെത്തന്നെ ഇരിക്കണം എന്നു സിദ്ധാന്തം.

അതിന്നു സീത പറയുന്ന മറുവടി താഴെ ഒരു പ്രാകൃതശ്ലോകം കൊണ്ടു പറയുന്നു.

വൃ൦. നരേന്ദ്ര......പാദേന=രാജാക്കന്മാരുടെ കിരീടങ്ങളുടെ അഗ്രങ്ങളാൽ സ്പൎശിക്കപ്പെടുന്ന പാദങ്ങളോടു കൂടിയവനായ. താതേന=അച്ഛനെക്കൊണ്ട്. മേ=എനിക്കു. കിം വാ=എന്താകുന്നു? (എന്തു പ്രയോജനമുണ്ട്.) വാസവ......അദ്ധ്യാസിനാ=ദേവേന്ദ്രന്റെ മഹത്തായ സിംഹാസനത്തിൽ ഇരിക്കുന്നവനായ. ശ്വശുരേണ=ഭൎത്താവിന്റെ അച്ഛനെക്കൊണ്ട്. മേ കിം വാ=എനിക്ക് എന്താണു (സിദ്ധിപ്പാനുള്ളത്) ഹേ! കൌസല്യാസുഖ!=അല്ലയോ കൌസല്യാനന്ദപ്രദനായുള്ളോവെ! യത്ര തവ ചരണേ വന്ദാമി നന്ദാമി വാ=യാതൊരിടത്തു അങ്ങയുടെ പാദങ്ങളെ (ഞാൻ) വന്ദിക്കുകയും, സന്തോഷിക്കുകയും ചെയ്യുന്നുവൊ; യതഃ വനമഹീ തേ ദേശാഃ ഗിരയഃ ച സത്യം മേ വല്ലഭാഃ=കാട്ടിലുള്ള ആ പ്രദേശങ്ങളും, പൎവ്വതങ്ങളും സത്യമായിട്ട് എനിക്കു പ്രിയപ്പെട്ടവയാകുന്നു. (ചക്രവൎത്തിയായ അച്ഛന്റെ അടുക്കൽ താമസിച്ചാലും, ഇന്ദ്രാദ്ധ്യാസനസ്ഥനായിരിക്കുന്ന ശ്വശുരന്റെ കൂടെ വസിച്ചാലും എനിക്കെന്തൊരു സന്തോഷമാണുണ്ടാകുന്നതു്; അങ്ങയുടെ പാദങ്ങളെ വന്ദിപ്പാനും ശുശ്രൂഷിപ്പാനും സംഗതി വരുന്നതായ പ്രദേശം, കാടോ മലയോ ഏതായാലും അതു തന്നെയാണ് എനിക്കു സുഖകരമായിട്ടുള്ളതെന്നു താല്പൎയ്യം).

വൃ. ഹേ വൈദേഹി!=വിദേഹരാജപുത്രി! (ത്വം=നീ) ആദൌ ഏവ=മുമ്പേതന്നെ. കൃശോദരി=ചടച്ചതായ. ഉദരം=(മദ്ധ്യപ്രദേശത്തോടു കൂടിയവളും; പുനഃ=പിന്നെ.. കുചതടീഭാരേണ നമ്രാ=സ്തനങ്ങളുടെ ഭാരംകൊണ്ടു കുനിഞ്ഞവളും ആകുന്നു; കേളീചംക്രമണേ ച ന ഏവ സഹസേ=വിനോദത്തിനായിക്കൊണ്ടുള്ള സഞ്ചാര (ഉലാത്തുക) ത്തിനു പോലും നീ ശക്തയായി ഭവിക്കുന്നില്ല; ദോളാവിധൌ=ഊഞ്ഞാലാടുമ്പോൾ; താമ്യസി=ക്ഷീണിക്കുന്നു; അയി ഭീരു!=അല്ലയോ ഭയശീലേ! (നീ) സ്രോതഃ......പ്രായാൻ=ആറുകൾ, കാട്ടുകൾ, കുന്നുകൾ, വെള്ളച്ചാട്ടങ്ങൾ., പർവ്വതങ്ങൾ ഈ വക നിറഞ്ഞവയും; ഭൈരവമൃഗാൻ=ഭയങ്കരങ്ങളായ സിംഹാദി ദുഷ്ടമൃഗങ്ങളുള്ളവയും, അപൂർവ്വാൻ=മുമ്പു പരിചയമില്ലാത്തവയും, ആയ. ഇമാൻ ഭൂഭാഗാൻ=ഈ പ്രദേശങ്ങളെ; കഥം യായാഃ=എങ്ങനെ യാത്ര ചെയ്യും? (ഇത്രയൊക്കെ ദുർഗ്ഗമമായ വനപ്രദേശത്തിൽ എങ്ങനെ സഞ്ചരിക്കും?)

വൃ. ഹേ പ്രിയേ! ജനകനന്ദിനി!=അല്ലയോ വല്ലഭയായ ജനകരാജപുത്രി!; തവ=നിന്റെ. പ്രകൃതിപേശലാം ശിരീഷമൃദ്വീം ഈദൃശീം തനും=സ്വഭാവേന സുന്ദരമായും, നെന്മേനിവാകപ്പൂപോലെ മൃദുവായും ഇരിക്കുന്ന: ഇങ്ങനെയുള്ള ശരീരത്തെ. ഗൃഹീത......വൃകാനനേ കാനനേ=പിടിക്കപ്പെട്ടവയായ മാൻപേടകളുടെ കണ്ഠനാളത്തിലുള്ള ഞരമ്പുകൾ മുറിഞ്ഞ് അവയിൽനിന്ന് ഒഴുകുന്ന ചോരകൊണ്ടു ചുവന്ന മുഖങ്ങളോടു കൂടിയ ചെന്നായ്ക്കളുള്ള വനത്തിൽ. ഗ്ലപയിതും (അഹം) കഥം സഹേ=ഓടി ക്ഷീണിപ്പിക്കുവാൻ ഞാൻ എങ്ങനെ സഹിക്കുന്നു. (അതു എനിക്കു സഹിക്കുന്നതല്ല).

വ്യാ. തൽക്ഷണേന = അപ്പോൾ. ലക്ഷ്മണഃ = ലക്ഷ്മണൻ കർണ്ണ......പടം = ചെവികൾ ശല്യമുണ്ടാക്കുന്നതായ; അന്തഃ......കഥിതം = അന്തഃപുരവാസികളായ ജനങ്ങൾ പറഞ്ഞതായ; രാമ......ഉദന്തം = രാമാഭിഷേകത്തിനു വിഘ്നം ഭവിച്ചിരിക്കുന്നു എന്നുള്ള കഥയെ; ആകർണ്ണ്യ = കേട്ടിട്ട്; കോപാൽ = കോപം ഹേതുവായിട്ട്; ശിഞ്ജാ......പ്രശസ്തിഃ = വില്ലിനു ഞാണു കെട്ടുന്ന സമയത്തു കൈവളകൾ കിലുങ്ങുന്നതിൽനിന്നു പുറപ്പെടുന്ന ജയഘോഷത്തോടു കൂടിയവനായിട്ട്; സംരംഭാൽ = ഉത്സാഹാധിക്യം ഹേതുവായിട്ട്; അദ്ധ്വമാർഗ്ഗേ = വഴിമദ്ധ്യത്തിൽ വച്ചുതന്നെ; ശരധേഃ = ആവനാഴിയിൽനിന്ന്; ശരം അപി ഉദ്ധരൻ = അമ്പും വലിച്ചെടുത്തുകൊണ്ട്; അഭ്യധാവൽ = രാമന്ന് അഭിമുഖമായിട്ട് ഓടിവന്നു;

ലക്ഷ്മണൻ പറയുന്നു.

വ്യാ. താതഃ പ്രേമജഡഃ അനുചിതം കരോതി ചേൽ = അച്ഛൻ പ്രേമം (കൈകേയീസ്നേഹം) ഹേതുവായിട്ടു കാര്യാകാര്യവിവേകശൂന്യനായിട്ട് അയോഗ്യമായിട്ടിങ്ങനെ ചെയ്യുന്നതാണെങ്കിൽ; സഃ പൂജ്യഃ സൻ അപി ത്യാജ്യഃ = അദ്ദേഹം പൂജ്യനാണെങ്കിലും ത്യാജ്യനായിട്ടു ഭവിക്കുന്നു; ഏതൽ കൈകേയ്യാഃ കുചരിത്രം ഇതി ചേൽ = ഇതു കൈകേയിയുടെ ദുശ്ചേഷ്ടിതമാണെങ്കിൽ; തത്ര (അഹം) കുണ്ഠക്രമഃ അസ്മി = അക്കാര്യത്തിൽ ഞാൻ ക്രമം നോക്കാതെ പ്രവർത്തിപ്പാൻ ഒരുക്കമുള്ളവനാകുന്നു; (മാതൃഭക്തി വേണ്ടതാണെന്നുള്ള മര്യാദയെ ലംഘിച്ചു വിപത്തു ചെയ്യാനൊരുങ്ങിയിരിക്കുന്നു) ആര്യഃ ഭരതഃ = ജ്യേഷ്ഠനായ ഭരതനാണ്. വികത്ഥനകുലേ കളങ്കം കർത്തും സ്ഥിതഃ ചേൽ = സൂര്യവംശത്തിൽ മാലിന്യം വരുത്തുവാൻ ഒരുങ്ങി നിൽക്കുന്നതു്, എങ്കിൽ; തസ്യ ഏവ = അവനു വൈരി തന്നെ; മയാ = എന്നാൽ; ധനുഃ ധൃ

ഞ്ജജ്യാമുഖരം സമ്പാദ്യതേ നനു=വില്ല ചെറുഞാണൊലി മുഴക്കുന്നതായിട്ടു തയ്യാറായിരിക്കുന്നു നിശ്ചയം. (ഭരതനാണ് അഭിഷേകത്തിനു വിഘ്നമായിട്ടു തീൎന്നിരിക്കുന്നതെങ്കിൽ അതിനു പരിഹാരം ഈ വില്ലുതന്നെ ചെയ്യുന്നതാണ്).

വൃദ്ധ. യേന ഏതൽ ഏവംകൃതം=യാതൊരുത്തനാൽ ഇതു് ഇങ്ങനെ ചെയ്യപ്പെട്ടു?; സഃ ഭരതഃ ലോഭേന വിലംഘിതഃ കിം=ആ ഭരതൻ ലോഭത്താൽ (പരദ്രവ്യേച്ഛയാൽ) ആക്രാന്തനായോ? അഥവാ=അല്ലെങ്കിൽ; മാതാ=അമ്മ (കൈകേയി) സ്ത്രീലഘുതാം ഗതാ കിം?=സ്ത്രീകൾക്കു സാധാരണയായിട്ടുള്ള നിസ്സാരതയെ പ്രാപിച്ചുവോ? (എന്നാൽ അവൾ) മേ മധ്യമാ മാതാ ഏവ=എനിക്കു മധ്യമയായ മാതാവു (ഉത്തമയായ മാതാവല്ല) തന്നെയാകുന്നു. മേ ഗുരുഃ ആൎയ്യാനുജഃ=എന്റെ ജ്യേഷ്ഠൻ, ആൎയ്യന്റെ (ശ്രീരാമന്റെ) അനുജൻ ആകുന്നു; മാതാ താതകളത്രം=അമ്മ (കൈകേയി) അച്ഛന്റെ കളത്രമാകുന്നു; ഇതി മേ ദ്വിതയം ചിന്തിതം അപി മിഥ്യാ=ഇങ്ങനെയുള്ള എന്റെ രണ്ടു വിചാരവും തെററിട്ടുള്ളതാകുന്നു; വിധാത്രാ അനുചിതം കൃതം ഇതി മന്യേ=ബ്രഹ്മാവിനാൽ (ഇതു്) അനുചിതമായിട്ടു ചെയ്യപ്പെട്ടു എന്നു ഞാൻ വിചാരിക്കുന്നു.

വൃന്ന. ഹേ ശൌൎയ്യജലധേ ആൎയ്യ!=അല്ലയോ ശൌൎയ്യനിധിയായ ജ്യേഷ്ഠാ!; കാന്താരസഞ്ചാരതഃ=കാട്ടിൽ സഞ്ചരിക്കുന്നതുകൊണ്ടു്; തവ പദപത്മയോഃ അരുണിമാ മാ ഭൂൽ=അങ്ങയുടെ പാദപങ്കജങ്ങൾക്കു ചുവപ്പുണ്ടാകരുതു്. ജ്യാകൎഷണാൽ=ഞാണു വലിക്കുന്നതുകൊണ്ടു്; മേ പാണൌ ഏവ=എന്റെ കയ്യിന്മേൽ തന്നെ; മനാക് പാടലിമാ പ്രസരതു=കുറച്ചു ചുവപ്പു വ്യാപിച്ചുകൊള്ളട്ടെ കൈകേയീ.....വചനേ=

കൈകേയിയുടെ നിർബ്ബന്ധത്തിനു കീഴടങ്ങി അച്ഛൻ പറഞ്ഞ വാക്കിൽ; ഭവാൻ നമ്രഃ മാ സ്മ ഭൂൽ=അങ്ങുന്നു കീഴ്ക്കമുള്ളവനായി ഭവിക്കേണ്ട; മാമകം ധനുഃ കിഞ്ചിൽ നമ്രം വൎത്തതാം=എന്റെ വില്ലു കുറച്ചൊന്നു കുനിഞ്ഞതായി ഭവിക്കട്ടെ. (ജ്യേഷ്ഠൻ അനുഭവിപ്പാൻ സംഗതി വന്നിരിക്കുന്ന ദുരവസ്ഥകളെല്ലാം അതിന്റെ പ്രതികാരകരണത്തിലപ്പോൾ ഞാൻ അനുഭവിക്കുന്നതാണ് എന്നു താല്പൎയ്യം).

വൃ. ഹേ ആൎയ്യ!=ജ്യേഷ്ഠ! ഇദം കൈകേയീ......വാക്യം ഇതി ആകലയ്യ=ഇതു കൈകേയീരൂപനായ ഒരു പിശാചിക ബാധിച്ചിട്ട് അച്ഛൻ പറഞ്ഞതാണ് എന്നു നിശ്ചയിച്ച് പ്രഥമദത്താം ധരണീതലം പരിപാല്യതാം=ആദ്യം തന്നതായ ഭൂമിയെ രക്ഷിച്ചാലും (ജ്യേഷ്ഠനെ അഭിഷേകം ചെയ്തു രാജ്യഭാരം ഏല്പിച്ചുതരുവാൻ ആദ്യം അച്ഛൻ കല്പിച്ചപ്രകാരം.) ലോക...ഭൂപന്=പ്രജാപരിപാലനം ചെയ്യാത്ത രാജാവിന് ഇഹലോകവും, പരലോകവും ഇല്ല; മോഹം എന്ത് ഇത്=ഈ അജ്ഞാനത്തിനു കാരണമെന്ത്? വിരുദ്ധരായവരെ=എതിരാളികളെ. ഞാൻ ഉള്ളോൻ=ഉണ്ടല്ലോ.

വൃവൃ. ഉദഗ്രകോപാൽ=വർദ്ധിച്ചതായ കോപംകൊണ്ട്. പാരുഷ്യം=ക്രൗൎയ്യം. ഇതി വദന്തം=ഇങ്ങിനെ പറയുന്നവനായി; വീരം നിജാനുജം=വീരനായ തന്റെ അനുജനെ. അവലോക്യ=നോക്കീട്ടു. ധീമാൻ അസൌ ശ്രീരാമചന്ദ്രൻ=ബുദ്ധിമാനായ ഈ ശ്രീരാമൻ. അരികത്തു വിളിച്ച് (ലക്ഷ്മണനെ) ചാരുസ്മിതദ്യുതിയിൽ ഓളം എടുത്ത വാചാ=മനോഹരമായ മന്ദഹാസശോഭയിൽ ഓളം വെട്ടുന്ന വാക്കുകൊണ്ട്; അവാദിൽ=പറഞ്ഞു.

൫൯. വത്സ! ലക്ഷ്മണ!=അല്ലയോ അനുജനായ ലക്ഷ്മണ!; സംരംഭം=കോപാവേശം. മതി; മതി; (നീ) കേൾ. താതശാസനം പാരിച്ചോന്നിതു്=അച്ഛന്റെ കല്പന വളരെ വലുതായിട്ടുള്ളതാണു്. പണ്ടു് ഇഹ പാരിൽ=ഈ ഭൂമിയിൽ. പിതൃശാസനാൽ=അച്ഛന്റെ കല്പനയാൽ. പലരും അകൃത്യപ്രാരംഭം=ചെയ്യരുതാത്ത പ്രവൃത്തി ചെയ്യാനുള്ള ഒരുക്കം. ഇയന്ന വാറു് കേൾപ്പൂ=ചെയ്തതായിട്ടുകൂടി കേൾക്കുന്നുണ്ടു്.

൬൦. ഭൃഗുസുതൻ=പരശുരാമൻ; താതൻ ചൊന്നതു കേട്ടു പണ്ടു്. തരസാ=വേഗത്തിൽ; തന്മാതരം=തന്റെ അമ്മയെ, വ്യാപാദ്യ=കൊന്നിട്ടു് അനിന്ദിതാം കീർത്തിം=എല്ലാവരാലും ശ്ലാഘിക്കപ്പെട്ടതായ യശസ്സിനെ. ഹേ താത!=അല്ലയോ വത്സ! പൂരുതാൻ യയാതി ചൊന്ന; വചസാ=വാക്കിനാൽ; താരുണ്യം ദത്വാ=തന്റെ യൌവനത്തെ കൊടുത്തിട്ടു്; അമുഷ്യ=ഇവന്റെ (താതന്റെ) വാർദ്ധകം=വാർദ്ധക്യത്തെ അസ്താശങ്കം=സംശയം കൂടാതെ; അഹോ!=ആശ്ചര്യം.

൬൧. കാശ്യപൻ=കാശ്യപപ്രജാപതി; താതാ......വശേന=അച്ഛന്റെ കല്പനപ്പടി. ഗോഹത്യ=പശുഹിംസ; സാധോ! ലക്ഷ്മണ!=നല്ലവനായ ലക്ഷ്മണ! (നീ) പാർത്തുകാൺ=ഓർത്തുനോക്കുക; ത്രിഭുവനേ=മൂന്നു ലോകത്തിലും. വിഖ്യാതം=പ്രസിദ്ധം; അധുനാ=ഇപ്പോൾ മോദം=സന്തോഷം. പിതുഃ=അച്ഛന്റെ. നിയോഗം=കല്പന. ചെയ്തീടുവാനേ=ചെയ്യാൻ തന്നെ; പരം=ഏറ്റവും; ചേതോവാഞ്ഛിതം=മനസ്സിൽ ആഗ്രഹം; (ഞാൻ) ഈ അഭിപ്രായത്തെ സമ്മതിക്കുന്നു. കാനനതലം

=വനപ്രദേശം; ദേഹിനാം=മനുഷ്യൎക്ക്; മോക്ഷാസ്പദം=മോക്ഷസിദ്ധിക്കുള്ള സ്ഥാനം (ആകുന്നു).

൪൨. താതാജ്ഞയേക്കാൾ=അച്ഛന്റെ കല്പനയേക്കാൾ ഇത്ത് കാന്താരവാസം=ഈ വനവാസം വലുതോ? ബത! കഷ്ടം!=വലുതാകുന്നോ കഷ്ടം! കഷ്ടം!. അല്ല; ഒരിക്കലും അല്ല. (വനവാസം പ്രയാസമുള്ളതാണെന്നു വിചാരിച്ചു താതാജ്ഞാലംഘനം ചെയ്യുന്നതു മഹാ കഷ്ടംതന്നെ) എന്നു മാത്രമല്ല, വനവാസത്തിൽ വളരെ ഗുണങ്ങൾ സിദ്ധിപ്പാനും വഴിയുണ്ട് എന്നു പറയുന്നു; അവിടെ, അവിടെ, മുനീനാം വൃന്ദം=മുനികളുടെ സംഘത്തെ; വന്ദിച്ചു സേവിച്ചുകൊള്ളാം. (സേവിക്കാനിടവരും.) ഞാൻ ഇന്നു താനേ, മമ പിതൃവചനം=എന്റെ അച്ഛന്റെ കല്പനയെ. അംബുരാശൌ=സമുദ്രത്തിൽ; ഭൂധരൈഃ=പൎവ്വതങ്ങളെക്കൊണ്ട്. സേതും ആബദ്ധ്യ=ചിറ കെട്ടീട്ട് (എങ്കിലും) നിൎവ്വിശങ്കം=സംശയം കൂടാതെ; തെളിവിനൊടു നടത്തീടുവൻ=നടത്തുന്നതാണ്.

൪൩. നിജാ......ഡംബരം=തന്റെ അനുജന്റെ (ലക്ഷ്മണന്റെ) കോപാടോപത്തെ; അടക്കി വിനീതിശാലീ=വിനയത്തോടുകൂടിയവനായിട്ട് (രാമൻ) പ്രിയാസഹജയാത്ര=ഭാൎയ്യയുടെയും, സഹോദരന്റെയും (ലക്ഷ്മണന്റെ) പുറപ്പാടിനെ. ഉണൎത്തുവാനായി=മഹാരാജാവായ അച്ഛനെ അറിയിപ്പാൻ. അന്തികേ=സമീപത്തിൽ. ചെന്നു തൊഴുത്. അത്തും=അവരും പോകുന്നു എന്നുള്ള കഥകൂടി ആബഭാഷേ=പറഞ്ഞു.

൪൪. സാലം=വൃക്ഷം; മോഹം=തെററാടമില്ലാതെ; അകാണ്ഡേ=പെട്ടെന്ന്. ധന്യാത്മാ സുമന്ത്രഃ=ഭാഗ്യവാനായ സു

മന്ത്രൻ; താം കൈകേയീം=ആ കൈകേയിയോട്ടു്; പുനഃ അപി=പിന്നെയും; "ഇതു നന്നല്ല; നിന്മൂലം വംശനാശം വരും കഷ്ടം". ഇതി=എന്നു്; സഹസാ=ബലമായിട്ടു്. ബോധയാമാസ=അറിയിച്ചു. അതിന്നു കൈകേയി മറുവടി പറയുന്നു:

൪൭. കുലം=വംശം; സഗരന്റം=സഗരൻ എന്ന രാജാവിന്റെ വംശവും ഇതുതന്നെയാണു്. ഹേ! നീതിസിന്ധോ!=സകല രാജനീതികളും അറിയുന്നവനാണല്ലോ എന്നു് സംബോധനം. അടവു=പതിവു്. അവൻതാൻ=ആ സ്സഗരമഹാരാജാവു്. ഖല......ഗണനായാം=ദുർജ്ജനങ്ങളുടെ കണക്കിൽ; ഇതു്=ഇങ്ങനെയുള്ള അങ്ങയുടെ വാക്കു്; അലം അലം=മതി മതി; തേ=നിനക്കു്; നമ്മോടു്=എന്നോടു്; വിദ്വേഷമോ?=ശണ്ഠയുണ്ടോ അല്ലെങ്കിൽ ഇത്ര രാജനീതി അറിവുള്ള വൃദ്ധമന്ത്രിയായ അങ്ങു് കീഴ്നടപ്പൊന്നും ആലോചിക്കാതെ എന്നോടിങ്ങനെ മുള്ള പറയുവാൻ സംഗതിയില്ലല്ലോ

അതിന്നു സുമന്ത്രരുടെ പ്രത്യുക്തി:—

൪൮. മഹാത്മാ=യോഗ്യനായ; തന്നരേന്ദ്രൻ=ആ രാജാവു് (സഗരൻ) അസമഞ്ജസകാരിണം=അയോഗ്യമായ കാര്യത്തെ ചെയ്യുവനായ; അസമഞ്ജം=അസമഞ്ജൻ എന്ന പുത്രനെ. നിരസിച്ചു=ആട്ടിക്കളഞ്ഞു. വ്യസനങ്ങൾ=ചെയ്യാൻ വയ്യാത്ത പ്രവൃത്തികൾ; ഇതു്=ഈ രാമപ്രവാസനം; അകാരണം=കാരണം കൂടാതെയുള്ള. നിൻ ക്രൌര്യം=നിന്റെ ക്രൂരതയാകുന്നു. കഠോരേ!=ഹേ ക്രൂരശീലേ! എന്നു കൈകേയീ വിശേഷണം.

൪൯. ബഹുഭിഃ വാക്യൈഃ അലം=വളരെ പറഞ്ഞിട്ടു് ആവശ്യമില്ലല്ലോ; ദുരാശയാ സാ=ദുർബ്ബുദ്ധിയായവൾ! അവൾ. അക്ഷതവൽകയുഗ്മം=കേടില്ലാത്ത രണ്ടു മരവുരികളെ. കോക്കോ

ട്ടം=(?) വാൽക്രൌര്യം ആന്ന്=വാലിനുള്ളതുപോലെയുള്ള ക്രൂരത. അവരെ മൂവ്വരേയും=(സീതാരാമലക്ഷ്മണന്മാരെ) വനാന്തേ=കാട്ടിൽ. പാപശീലാ=ദുഷ്ടാ. (കൈകേയീവിശേഷണം.)

൯൮. ഉദഗ്ര......നിധി=വളരെ മനഃശക്തിയുള്ളവൻ; ലക്ഷ്മണാഗ്രജൻ=ശ്രീരാമൻ; തൽക്ഷണേന=അപ്പോൾതന്നെ; നിജ......ദത്തം=തന്റെ അമ്മയാൽ (കൈകേയി) കൊടുക്കപ്പെട്ടതായ. വൽകലയുഗ്മം=മരവിരി രണ്ടും. (കൈകേയി രാമനും സീതയ്ക്കും ഓരോ മരവിരി കൊടുത്തു എന്നും, രാമൻ തനിക്കുള്ളതു ധരിച്ചപ്പോൾ സീത തന്റെ മരവിരി എങ്ങനെ ധരിക്കേണ്ടു എന്നു സംശയിച്ചു രാമന്റെ മുഖത്തേക്കു നോക്കി എന്നും, അപ്പോൾ അദ്ദേഹം തന്നെ തന്റെ കൈകൊണ്ട് അതു സീതയെ ധരിപ്പിച്ചു എന്നും അതു കണ്ടിട്ട് അയോദ്ധ്യാവാസികളെല്ലാം ഉച്ചത്തിൽ നിലവിളിച്ചുവെന്നും രാമായണം). അക്കഥാം=ആ കഥയെ. വക്തും=വർണ്ണിക്കുന്നു; കഠിനാത്മനേ=കഠിനചിത്തനായ; ആദികവയേ=വാൽമീകിക്ക്; നമഃ അസ്തു=നമസ്കാരം ഭവിക്കട്ടെ (അദ്ദേഹത്തെ ഞാൻ നമസ്കരിക്കുന്നു; എന്നുകൊണ്ട് അക്കഥ വർണ്ണിക്കുവാൻ സാധിക്കുന്നതല്ല എന്നു സാരം). എങ്കിലും അല്പം വർണ്ണിക്കുന്നു.

൯൯. തഥാ=അപ്രകാരം. പൌരാംഗനാഭിഃ=പുരവാസിനികളായ സ്ത്രീകളാൽ; ഗാഢോ......മൌക്തികൈഃ=ഉറക്കെ മാറത്തടിക്കുന്നതിനാൽ ചരടു പൊട്ടി ഊരി വീഴുന്ന മുത്തുമാലകളുടെ മുത്തുകളാൽ; സന്ദിഗ്ധീകൃതബാഷ്പവിന്ദു=സംശയം തോന്നിക്കപ്പെടുന്ന കണ്ണുനീർത്തുള്ളികളോടു കൂടുംവണ്ണം; (ക്രി. വി). രുദിതം=കരച്ചിൽ എന്നുള്ളതുണ്ടായി. (ഭാവത്തിൽ ക്രിയ) കരഞ്ഞു. യഥാ=യാതൊരു പ്രകാരം. ആമൂലതുണ്ഡം=ചിറകുകൾ കടവരെ ഉലക്കി അടിച്ചും, കഴുത്തു വളച്ചു കൊക്കു ചിറകിനക

ത്തു് ആക്കിയും; വീഥീപഞ്ജരവർത്തിഭിഃ= ശുകകുലൈഃ അപി=നഗരവീഥികളുടെ ഇരുഭാഗത്തുമുള്ള ഗൃഹങ്ങളുടെ പുറത്തു കൂട്ടകളിൽ കിടക്കുന്ന തത്തകളാലും; ഉൽക്കം=അതിൽതന്നെ മനസ്സുവെച്ചു്. (ക്രി. വി.) ഉൽകൂജിതം=ഉച്ചത്തിൽ കരയുക എന്നുള്ളതുണ്ടായി; (കരഞ്ഞു) ഇവരുടെ പുറപ്പാടു കണ്ടിട്ടു് മനുഷ്യർ മാത്രമല്ല, പക്ഷികളും കൂടി കരഞ്ഞുപോയി എന്നു സാരം.

സാധാരണമനുഷ്യർ മാത്രമല്ല, മഹായോഗിയും ജിതേന്ദ്രിയനുമായ വസിഷ്ഠമഹർഷിയുംകൂടി പാരവശ്യം പ്രാപിച്ചു എന്നു പറയുന്നു:—

൧൦൦. അശ്രുധരീപരീതം തൃക്കണ്ണു്=കണ്ണുനീർ നിറഞ്ഞൊഴുകിയ തൃക്കണ്ണുകളെ; അക്കോപ്പുതാൻ=ആ കണ്ണുടക്കൽ എന്ന കാര്യംതന്നെ (അദ്ദേഹത്തിനു്) മഹിത... ...തത്വം=രാമചന്ദ്രന്റെ സാക്ഷാൽ പരമാർത്ഥത്തെ ഉൾക്കൊണ്ടു്. കാണ്മതിനു്=ഉള്ളിൽ തട്ടി അനുഭവം വരത്തക്കവണ്ണം കാണ്മാൻ (സാധാരണജനങ്ങൾ രാമനിൽ മനുഷ്യസാധാരണമായ സ്നേഹംകൊണ്ടു കരഞ്ഞുപോയതാണെങ്കിലും, മഹായോഗീന്ദ്രനായ വസിഷ്ഠമഹർഷി, രാമനിൽ വാസ്തവമായ പരമാത്മതത്വത്തെ ഹൃദയത്തിൽ കണ്ടുകൊണ്ടിരുന്നു എന്നുള്ള ഭേദം കവി വ്യക്തമാക്കിയിരിക്കുന്നു).

വസിഷ്ഠമഹർഷിക്കു തോന്നിയതു കവി വിവരിക്കുന്നു:—

൧൦൧. പീതാംബരം=മഞ്ഞപ്പട്ടു്. വാർ തോഞ്ഞ=ഭംഗിയുള്ള. പട്ടുതുകിൽ=പട്ടുവസ്ത്രം. പോൽ=ആകട്ടെ. (സാക്ഷാൽ മഹാവിഷ്ണുവിന്റെ നിലയിൽ മഞ്ഞപ്പട്ടു ധരിക്കുന്ന അവസ്ഥ വിട്ടു രാജകുമാരന്റെ നിലയിൽ ഭംഗിയുള്ള പട്ടുവസ്ത്രം ധരിച്ചാലും, വനവാസിയുടെ നിലയിൽ മരവിരി ധരിച്ചാലും ഭേദം യാതൊന്നുമില്ല; എന്നു് അദ്ദേഹത്തിനു തോന്നി). അത്ര മാത്രമല്ല, മീതേ=അതിലും അധികമായിട്ടു്. നിശാചരകുലക്ഷയം=രാക്ഷസ

രുടെ വംശനാശം; സീതാപതേഃ=രാമന്റെ ചരിതം കൈയും =മാഹാത്മ്യമുള്ള കഥകളെല്ലാം. ബാലിവധം, സേതുബന്ധനം മുതലായ ഇനി ഉണ്ടാകാൻ ഭാവിക്കുന്ന കാൎയ്യങ്ങളെല്ലാം.

ഗദ്യം ൩. ലക്ഷ്മണസഹിതൻ=ലക്ഷ്മണനോടു കൂടിയവൻ. രാമശശാങ്കൻ=രാമചന്ദ്രൻ; കാനനയാത്ര=കാട്ടിലേക്കുള്ള യാത്ര; മുതിൎന്ന ദശായാം=പുറപ്പെട്ടപ്പോൾ; പരമപതിവ്രതാ=ഉത്തമ പതിവ്രത; ജനകതനൂജാ=ജനകപുത്രീ.

൧൦൨. ഹേ! വിലാസവാപി!=അല്ലയോ ക്രീഡാതടാകമേ!; തുഭ്യം=നിനക്ക്; സ്വസ്തി=ക്ഷേമം (ഭവിക്കട്ടെ) ഹേ പ്രേംഖേ!=അല്ലയോ ഊഞ്ഞാലേ! പുനൎദ്ദശനം ഭവതു=ഇനിയും കാണ്മാൻ സംഗതി വരട്ടെ; ഹേ! ക്രീഡാക്രീഡ!=അല്ലയോ ക്രീഡോദ്യാനമേ!; അദ്യ (ത്വാം) വിമുഞ്ചാമ്യഹം=ഇപ്പോൾ (ഞാൻ) നിന്നെ വിട്ടു പിരിയുന്നു; ഹേ കേളിഡോളേ!=പല്ലക്കേ! (അല്ലെങ്കിൽ ഡോലി) തവ=നിനക്ക്; കഥിതം=(ഞാൻ യാത്ര) പറയുന്നു. വാസാഗാര!=അല്ലയോ വാസഗൃഹമേ!; തേ നമഃ അസ്തു=നിനക്കു നമസ്കാരം ഭവിക്കട്ടെ; ഹേ ഗുണനികാഃ!=അല്ലയോ മാലകളേ!; (നിങ്ങൾ) സൎവ്വാഃ=എല്ലാം; സുഖം സ്ഥീയതാം=സുഖമായിട്ടിരിപ്പിൻ; വഃ=നിങ്ങളുടെ പരിചാരികാ ഏഷാ=പരിചാരികയായ ഇവൾ. (തോഴിയായ ഞാൻ) രാമാനുഗാ വനസ്ഥലം ഗച്ഛതി=രാമനെ അനുഗമിക്കുന്നവളായിട്ടു കാട്ടിലേക്കു പോകുന്നു. (ചിരപരിചയമുള്ളവയും എനിക്കു ഓരോ പ്രകാരത്തിൽ സുഖപ്രദങ്ങളുമായ നിങ്ങളെ പിരിയുന്നതു് എനിക്കു വളരെ ദുസ്സഹമാണെങ്കിലും, ഭൎത്തൃപരിചരണത്തിനു വേണ്ടി അദ്ദേഹത്തെ അനുഗമിക്കുക എന്ന കൃത്യഗൌരവത്താൽ തൽക്കാലം ഞാൻ നിങ്ങളെ പിരിയുന്നതാണെന്നു് ആശയം).

൧൦൩. ഹേ ചകോരദയിതേ!=ചകോരപ്പിടേ; (അ

ഹം) ചിരം സ്മർത്തവ്യാ അസ്മി=നീ എന്നെ മറക്കരുതേ; ഹേ! ഹംസി!=അരയന്നപ്പിടേ; തുഭ്യം നമഃ=നിനക്കു നമസ്കാരം; ഹേ ശിതികണ്ഠ! ത്വം ദൃഷ്ടഃ=അല്ലയോ മയിലേ! ഞാൻ നിന്നെ കണ്ടു; ശിരഃ സംഹര=പീലി ചുരുക്കിക്കൊൾക; ഹേ ശാരികേ!=പെൺതത്ത! അഹം ഗച്ഛാമി=ഞാൻ പോകുന്നു. ഹേ ലീലാശുക!=ഹേ ആൺതത്ത! മാം ന വിസ്മരിഷ്യസി=എന്നെ മറക്കരുതേ; ഇതി=ഇങ്ങനെ; തയാ=അവളാൽ; വിലാസ വയസഃ ഏകൈകം=കളിക്കാനുള്ള പക്ഷികൾ ഓരോന്നിനോടും. അത്യാദരാൽ ആമന്ത്ര്യ=അധികം പ്രീതിയോടുകൂടി യാത്ര പറഞ്ഞിട്ടു്; വിശ്വേ ജനാഃ രോദിതാഃ=എല്ലാം ജനങ്ങളും കരയിക്കപ്പെട്ടു. (അതു കണ്ടുനിന്നവരെല്ലാം കരഞ്ഞുപോയി എന്നു താല്പൎയ്യം) ശാകുന്തളം നാലാമങ്കത്തിൽ കണ്വാശ്രമത്തിൽനിന്നു ശകുന്തളയുടെ പുറപ്പാടു നോക്കുക.

ഗദ്യം ൪. അവനതവദനാ=മുഖം താഴ്ത്തിയവൾ; തത്സവിധേ=അവന്റെ (രാമന്റെ) സമീപത്തിൽ; ഉൽസുകഹൃദയാ=ഉള്ളിൽ താല്പൎയ്യത്തോടു കൂടിയവളായിട്ടു്; അകാണ്ഡേ=അനവസരത്തിൽ.

൫൪. ശിരീഷമൃദ്വീ സീതാ=നെന്മേനി വാകപ്പൂപോലെ മൃദുലാംഗിയായ സീത; സദ്യഃ=അപ്പോൾ, പുരീപരിസരേണ=പട്ടണത്തിന്റെ സമീപപ്രദേശത്തിൽകൂടെ. ത്രിചതുരാണി പദാനി ജവാൽ ഗത്വാ=മൂന്നുനാലടി വേഗത്തിൽ നടന്നിട്ടു്; അദ്യ കിയൽ ഗന്തവ്യം=ഇനി എത്രദൂരം നടക്കണം? ഇതി അസകൃൽ ബ്രുവാണാ=എന്നു വീണ്ടും വീണ്ടും ചോദിക്കുന്നവളായിട്ടു്. രാമാശ്രൂണഃ പ്രഥമാവതാരം കൃതവതീ=രാമനു് ഒന്നാമതായിട്ടുള്ള കണ്ണുനീരിന്റെ പുറപ്പാടിനെ ഉണ്ടാക്കി; ഈ പട്ടണത്തിന്റെ പരിസരത്തിൽ അല്പം നടന്നപ്പോൾതന്നെ സഞ്ചാരഖിന്നയാ

യ ഈ മൃദുപേശിയെ ഇനി പതിനാലു സംവത്സരം മുഴുവൻ കാന്താരസഞ്ചാരം ചെയ്യിക്കേണ്ടതെങ്ങനെയെന്നാലോചിച്ചു ധീരോദാത്തനായ രാമൻ കരഞ്ഞുപോയി എന്നു സാരം.

(ചമ്പൂരാമായണം)

"ഇന്നെത്ര ദൂരം നടക്കേണമാര്യ!
എന്നങ്ങു ഭൂയോഽപി ഭൂയോഽപി ചൊല്ലും
വാമാക്ഷി സീതാ ജനിപ്പിച്ചു കണ്ണീർ
ശ്രീരാമചന്ദ്രന്നു ശ്രീരാമ രാമ".

(രാമായണം ഇരുപത്തുനാലുവൃത്തം)

ഗദ്യം ൭. തദനു=അതിനു ശേഷം; മനു......പെരുമാൾ=മനുകുലത്തിന്റെ നാഥൻ; (രാമൻ) സീതാം=സീതയെ; മെല്ലെ=പതുക്കെ; നിരസ്തവിഷാദം=ദുഃഖം കൂടാതെ; (ക്രി. വി) ദശരഥവചസാ=ദശരഥന്റെ വാക്കിൻപ്രകാരം; നിഖിലജനോൽക്കരം=എല്ലാ ജനസമൂഹവും; അഹമഹമികയാ=ഞാൻ ഞാൻ മുമ്പിൽ എന്ന ഭാവത്തോടുകൂടി. അസ്തമയാദ്രൌ=അസ്തമയ പർവ്വതത്തിന്മേൽ; തമസാതീരം=തമസാ എന്ന നദിയുടെ തീരത്തിൽ; അവിരത......ഖേദനയാ=എപ്പോഴും കരഞ്ഞും ദുഃഖിച്ചുംകൊണ്ടിരുന്നതിനാൽ; ആലസ്യം=ക്ഷീണം; നിഭൃതരഥേന=നിശ്ശബ്ദമായ തേരിൽക്കൂടി; വിശങ്കം=സംശയം കൂടാതെ. (അവരവർ പറയുന്ന മറുപടികൾ:—

൨൦൭. അയം പന്ഥാഃ കാശീം അഭിപതതി=ഈ വഴി നേരെ കാശിക്കു പോകുന്നു; സഃ അയം ച മിഥിലാം (അഭിപതതി)=ആ വഴി, മിഥിലയ്ക്കു പോകുന്നു; അയം മാർഗ്ഗഃ പ്രയാഗാം പ്രജതി=ഈ വഴി പ്രയാഗയ്ക്കു പോകുന്നു; സഃ അയം അപരഃ (മാർഗ്ഗഃ) മഥുരാം (പ്രജതി)=ആ മറ്റൊരു വ

ഴി ഛേരസ്സു പോകുന്നതാണ്; ഹേ നരവര!=ഹേ രാജൻ! അയം
(മാൎഗ്ഗഃ)ഗംഗാപാതം (പ്രജതി)=ഈ വഴി ഗംഗാപാതം എന്ന
സ്ഥലത്തേസ്സു പോകുന്നതാകുന്നു; അയം (മാൎഗ്ഗഃ)ബദൎയ്യാശ്രമം
(പ്രജതി)=ഈവഴി ബദൎയ്യാശ്രമത്തിലേസ്സു പോകുന്നതാണ്; ഇ
ത്ഥം പഥി പുരഃ പൃഷ്ടൈഃപഥികവൃന്ദൈഃ സഃഅകഥി=
ഇങ്ങനെ വഴിയിൽ നേരിട്ടു ചോദിക്കപ്പെട്ടവർ അവനോടു പ
റഞ്ഞു.

൧൦. പുരഃ കലമപരിപാകോൽസുകശുകീ ശാലേയി
ഭൂഃ (അസ്തി)=മുൻഭാഗത്തു നെല്ലു വിളയുന്നതും കാത്തു തത്തകൾ
ഇരിക്കുന്ന ഒരു നെൽവയലുണ്ട്; തതഃ ഫുല്ലാംഭോജാ സരസീ
വഃ വർത്മ തിലകയതി=അതിനപ്പുറത്തു താമരപ്പൂക്കൾ വിടൎന്നു
നില്ക്കുന്ന ഒരു പൊയ്ക നിങ്ങളുടെ മാൎഗ്ഗത്തെ അലങ്കരിക്കുന്നു; തദ
ഗ്രേ ഫല...സുരഭയഃ സീമാനഃ (സന്തി)=അതിന്റെ അപ്പു
റത്തു പൊഴുതട്ടി മുറിഞ്ഞ മൂത്തങ്ങക്കിഴങ്ങിന്റെ സൌരഭ്യമുള്ള കണ്ട
ങ്ങളുണ്ട്. തതഃ അദൂരേ ദിവ്യാ സരിൽ നയനവിഷയം
യാസ്യതി=അവിടെനിന്നു് അധികം ദൂരത്തല്ലാതെ ഗംഗാനദിയേ
യും കാണാം.

൧൧. മന്ദം മന്ദം=പതുക്കെ പതുക്കെ; ഗംഗാ
തീരേ=ഗംഗയുടെ കരയിൽ; നിഷാദസ്വാമീ=വാലന്മാരുടെ അ
ധിപതി (അരയർ) ആയ; വിനീത്യാ=വിനയത്തോടുകൂടി. സം
ഭാവനകൾ=കാഴ്ചകൾ; അസൌ സമ്മോദാർദ്രഃ പ്രതിഗൃ
ഹ്യ=ഇദ്ദേഹം (ശ്രീരാമൻ) സന്തോഷംകൊണ്ടു് അലിഞ്ഞവനായി
ട്ടു് സ്വീകരിച്ചിട്ടു്; പങ്കജവസതി=ബ്രഹ്മാവു്; ശാഖാമുഖം=
ശാഖകളാകുന്ന മുഖങ്ങൾ (മുഖങ്ങളെപ്പോലെയുള്ള ശാഖകൾ) ചാരു
=(ക്രി. വി.) ഭംഗിയിൽ; ഇംഗുദിമൂലേ=ഇംഗുദിവൃക്ഷത്തിന്റെ ക

ട്ടക്കൽ; ലക്ഷ്മണ......തല്പേ=ലക്ഷ്മണനാൽ ഉണ്ടാക്കപ്പെട്ട തളിർ
മെത്തയിൽ; രാത്രിം നീത്വാ=രാത്രി കഴിച്ചിട്ട്; പുനഃ അ
ന്യേദ്യുഃ=പിറേറന്നാൾ; സഹജസമേതഃ=അനുജനോട്
കൂടി; ധൃത്വാ=ധരിച്ചിട്ട്; മന്ത്രിണം=മന്ത്രിയെ (സുമന്ത്രനെ)
അനുനയപൂർവ്വം=നല്ല വാക്കുകൾ പറഞ്ഞു്. മുക്ത്വാ=അയച്ചി
ട്ട്; നിർജ്ജരതടിനീം=ഗംഗാനദിയെ. ഝടിതി=വേഗത്തിൽ.

൧൦൭. ആത്മനാ തൃതീയഃ അസൌ=താനും സീതയും
അനുജനായ ലക്ഷ്മണനും കൂടി; ഭൂതേ......സ്രജം അമരധുനീം
തീർത്ത്വാ=ശിവന്റെ ശിരസ്സിലെ മാലയായ ഗംഗയെ കടന്നിട്ട്;
തസ്മൈ നാവികായ=ആ നാവികന്ന് (ഗുഹന്ന്) സൌമിത്രി
മൈത്രീമയം ആതരം ഉപകൃതവാൻ=ലക്ഷ്മണന്റെ സഖ്യമാ
കുന്ന തോണിക്കൂലി കൊടുത്തിട്ട്; വ്യാമ......സ്തനീഭിഃ ശബര
യുവതിഭിഃ=ഒരു മാറ് അകലമുള്ള സ്തനങ്ങളോടുകൂടിയ മലച്ചികു
ളാൽ; കൌതുകോ......അക്ഷം=(ക്രി. വി.) കൌതുകംകൊണ്ടു
മിഴിച്ചു നോക്കുമാറ്; കൢപ്താൽ അനുയീയമാനഃ=പണിപ്പെട്ട്
അനുഗമിക്കപ്പെട്ടവനായിട്ട്; അഥോ=പിന്നെ. ക്ഷണം ചിത്ര
കൂടം അചലം പ്രതസ്ഥേ=വേഗത്തിൽ ചിത്രകൂടം എന്ന പർവ്വ
തത്തെ പ്രാപിച്ചു;

൧൦൮. ചേണേലും=ഭംഗിയുള്ള; അതിശിഥിലം നൽ
......അംശുകം=അരയിൽനിന്നഴിഞ്ഞ മരത്തൊലികളാകുന്ന വ
സ്ത്രത്തെ; പീന......ഭാരാഃ=വളരെ തടിച്ച നിതംബപ്രദേശ
ത്തോടുകൂടിയവരായി; ദരാ......കലാപാഃ=ഇളകുന്ന മുലകളിൽ
അടിയുന്ന ഭംഗിയുള്ള കുന്നിക്കുരു മാലകളോടു കൂടിയവരായിരിക്കു
ന്ന; ശബരതരുണിമാർ=കാട്ടാളസ്ത്രീകൾ; സാനന്ദം=(ക്രി.
വി.) സന്തോഷത്തോടുകൂടി; വന്ന്; ഭൂലോകചന്ദ്രം എന്നാം-

ഭൂമിയിൽ വച്ചു സുന്ദരനായ ഇവനെ; കൌതുക വികസിതേ കണ്ണിൽ വെച്ചു=സന്തോഷംകൊണ്ടു വിടൎന്ന കണ്ണുകളിൽ ആക്കി ഒട്ടുനേരം ആസ്വാദിച്ചാർ=കണ്ടുകണ്ടു രസിച്ചു.

൧൦൯. ഹേ ആൎയ്യേ!=അല്ലയോ സ്ത്രീരത്നമേ! കുവലയദളനീലഃ അയം=കരിങ്കൂവളപ്പൂവിന്റെ ഇതൾപോലെ ശ്യാമവൎണ്ണനായ ഇദ്ദേഹം; തവ കഃ=നിന്റെ ആരാകുന്നു? ഇതി=എന്ന്; പഥി=വഴിയിൽ; പഥികവധൂഭിഃ=വഴിയാത്രക്കാരായ സ്ത്രീകളാൽ; സാദരം പൃഛ്യമാനാ=ബഹുമാനപൂൎവ്വം ചോദിക്കപ്പെട്ടവളായ (സീത) സ്മിതവികസിതഗണ്ഡം പ്രേമഗൎഭാഭിരാമം മുഖം അവനമയന്തീ=മന്ദഹാസംകൊണ്ടു വിടൎന്ന കവിൾത്തടങ്ങളോടുകൂടിയതും, ഉള്ളിൽ തിങ്ങിയ അനുരാഗംകൊണ്ടു മനോഹരവും ആയ മുഖത്തെ കുനിച്ചവളായിട്ട്; കാന്തം സ്പഷ്ടം ആചഷ്ട=(ഇദ്ദേഹം എന്റെ) ഭൎത്താവാകുന്നു എന്നു വ്യക്തമായിപ്പറഞ്ഞു.

൧൧൦. ഹേ ആൎയ്യേ! എന്നു അദ്ധ്യാഹരിക്കുക; മസൃണചരണപാതം ഗമ്യതാം=പതുക്കെ പതുക്കെ കാലെടുത്തുവച്ചു നടക്കൂ; ഭൂഃ സദൎഭാ (ഭവതി)=നിലം ദൎഭപ്പുല്ലുള്ളതാണ്; (ദൎഭപ്പുല്ലിന്റെ മുന കാലിൽ തറെക്കും എന്നു സാരം) സിചയാന്തം മൂൎദ്ധ്നി വിരചയ=വസ്ത്രത്തിന്റെ അഗ്രം തലയിൽ ഇടു; ഘൎമ്മഃ കഠോരഃ=വെയിൽ കഠിനമാണ്; ഇതി=ഇങ്ങനെ; പഥി=വഴിയിൽ; പഥികവധൂഭിഃ=വഴിയാത്ര ചെയ്യുന്ന സ്ത്രീകളാൽ; അശ്രുഗൎഭൈഃ ലോചനൈഃ=കണ്ണുനീർ നിറഞ്ഞ കണ്ണുകളോടുകൂടി; ജനകതനൂജാ പ്രേക്ഷിതാ ശിക്ഷിതാ ച=സീതാ കാണപ്പെട്ടവളും ഉപദേശിക്കപ്പെട്ടവളുമായിട്ടു ഭവിച്ചു. (പാദസഞ്ചാരഖിന്നയായ സീതയെ കണ്ടിട്ടു വഴിയാത്ര ചെയ്യുന്ന സ്ത്രീകളെല്ലാം കരയുകയും, അവരുടെ സന്താപശാന്തിക്ക് ഓരോന്ന് ഉപദേശിക്കുകയും ചെയ്തു).

൩൩൩. ഭരദ്വാജാശ്രമം പ്രാപ്യ=ഭരദ്വാജമഹർഷിയുടെ പർണ്ണശാലയിൽ ചെന്നു്; തസ്മിൻ=അതിൽ; പലപല മുനിമുഖ്യാൻ കണ്ടു നത്വാ=പല മഹർഷിശ്രേഷ്ഠന്മാരെ കണ്ടു വന്ദിച്ചു്; പ്രസാദാൽ=അവരുടെ അനുമതിയോടുകൂടി; തേ=അവർ; അലഘു......ഭീമം=കാട്ടാന, കരടി, കടുവാ, മുതലായ അനവധി മൃഗക്കൂട്ടത്താൽ ഭയങ്കരമായി; ചലിതശബരകൂടം=ഓടിപ്പാഞ്ഞു നടക്കുന്ന കാട്ടാളന്മാരുള്ള കൊടുമുടികളോടു കൂടിയതായിരിക്കുന്ന; ചിത്രകൂടം ഗിരീന്ദ്രം ഗതാഃ=ചിത്രകൂടം എന്ന പർവ്വതത്തെ പ്രാപിച്ചു;

൩൩൪. രാമഃ=രാമൻ; അനുജ......ഹൃദ്യാസു=അനുജനായ ലക്ഷ്മണനാൽ ഉണ്ടാക്കപ്പെട്ട പർണ്ണശാലകൾകൊണ്ടു മനോഹരങ്ങളായി; മാദ്യൽ......പഞ്ചമൈഃ അഞ്ചിതാസു=മദിച്ചുകൂകുന്ന കുയിലുകളുടെ കണ്ഠത്തിൽനിന്നു പുറപ്പെടുന്ന പഞ്ചമസ്വരങ്ങളെക്കൊണ്ടു ആനന്ദപ്രദങ്ങളായിരിക്കുന്ന; ചിത്രകൂടസ്ഥലീഷു=ചിത്രകൂടപ്രദേശങ്ങളിൽ ജനകദുഹിതൃയോഗാൽ ജാതസാകേതസൌഖ്യം=സീതയുടെ സഹവാസം നിമിത്തം അയോദ്ധ്യാവാസത്തിലുള്ളപോലെ സുഖത്തോടുകൂടി; ചിരം അരമത=കുറെക്കാലം സുഖമായി വസിച്ചു. ഇനി ഈ സുഖവാസത്തെ ചുരുക്കത്തിൽ രണ്ടു പദ്യങ്ങളെക്കൊണ്ടു വർണ്ണിക്കുന്നു.

൩൩൫. മൃഗയാനിവൃത്തൌ=(രാമൻ നായാട്ടു കഴിഞ്ഞു മടങ്ങി വരുമ്പോൾ; സീതാ ഉത്ഥായ=സീത എഴുന്നേറ്റു്; സംഭ്രമവശാൽ=വിഭ്രമം ഹേതുവായിട്ടു്; സ്ഖലിതോത്തരീയാ=ഉത്തരീയം സ്ഥാനത്തുനിന്നു തെറ്റിയവളായിട്ടു്; ധനുഃ നിചുളകേ കൃത്വാ=രാമന്റെ വില്ലു വാങ്ങി രണ്ടാംമുണ്ടിന്റെ സ്ഥാനത്തു (തോളിൽ) വച്ചിട്ടു്; സമുന്നമന്തീ=മെല്ലെ കുതിച്ചു നില്ക്കുന്നവളായിട്ടു്; തരളേന അഞ്ചലേന=വസ്ത്രത്തിന്റെ തല ഇളക്കി

MADRAS

കൊണ്ടു്; (വസ്ത്രത്തിന്റെ തലകൊണ്ടു വീശീട്ടു്) രാമാനനാൽ= രാമന്റെ മുഖത്തുനിന്നു്; ഭരിതപക്ഷ്മരജഃ മമാർജ്ജ= അവിടെ പാറിയിരുന്ന പൊടികളെ തുടച്ചു;

൧൧൮. ഘൎമ്മവിശ്രാന്തിഹേതോഃ= ഉഷ്ണം ശമിപ്പാനായിട്ടു്; ധരണിതലനിഷണ്ണം രാമഭദ്രം= നിലത്തു് ഇരിക്കുന്നവനായ രാമനെ; ജനകപുത്രീ= സീത; വാസസഃ പല്ലവേന= വസ്ത്രത്തിന്റെ തലകൊണ്ടു്; വ്യജതി= വീശുന്നു; ഹൃഷ്യൻ ലക്ഷ്മണഃ= സന്തുഷ്ടനായ ലക്ഷ്മണൻ; അഗണിതനിജഖേദഃ= തന്റെ ബുദ്ധിമുട്ടുകളെ വകവെയ്ക്കാത്തവനായിട്ടു്; പാദസംവാഹനാഭിഃ= കാലു തിരുമ്മൽകൊണ്ടു്; (കാലു തിരുമ്മിക്കൊണ്ടു്) പരിചരതി ച= ശുശ്രൂഷിക്കയും ചെയ്യുന്നു.

ഇനി ഒരു പദ്യംകൊണ്ടു കവി ഉപക്രാന്തമായ പ്രബന്ധത്തെ ഉപസംഹരിക്കുന്നു.

൧൧൯. ഇത്ഥം= ഇപ്രകാരം; ത്രൈലോക്യഭൂഷാമണിഃ= മൂന്നു ലോകത്തിനും അലങ്കാരരത്നമായിട്ടുള്ളവനായി; അവനീപത്മിനീതിഗ്മധാമാ= ഭൂമിയാകുന്ന താമരപ്പൊയ്കയ്ക്കു സൂൎയ്യനായിരിക്കുന്ന; രഘുപെരുമാൾ= ശ്രീരാമൻ; മൈഥിലീലക്ഷ്മണാഭ്യാം ചേൎന്നു= സീതാലക്ഷ്മണന്മാരോടുകൂടി; അത്യാനന്ദേന= വളരെ സുഖമായിട്ടു്; അമിതസുഖേ ചിത്രകൂടാചലേന്ദ്രേ= അളവില്ലാത്ത സുഖത്തോടുകൂടിയ ചിത്രകൂടപൎവ്വതത്തിൽ; തത്രത്യാനാം മുനീനാം= അവിടെ വസിക്കുന്ന മഹൎഷിമാരുടെ; അഖിലം ഭയം പോക്കി= സകല ഭയങ്ങളെയും നീക്കിക്കൊണ്ടു; ചിത്തേ= മനസ്സിൽ; വാച്ചും പ്രമോദം കൈക്കൊണ്ടു്= വലുതായ സന്തോഷത്തോടുകൂടി പല ദിനം ഇരുന്നു.

ശുഭം.

MUL
055372